ഭാഷാപോഷിണി

Bhasha Poshini

വിദ്യാധനം സർവ്വധനാൽ പ്രധാനം

പുസ്തകം 33. ❁ ലക്കം 3.

൧൧൦൪

തുലാം.

ഭാഷാദോഷമശേഷമീക്ഷലകലെ-
പ്പോഷിക്കുവാൻ ശേഷിയും
ഭേഷാകും ധിഷണാവിശേഷവുമെഴും
ഭോഷജ്ഞഭ്രഷ്ടായിതാ
ഏഷാതോഷമവേഷഭാഷണാഞ്ചണാ
സോൽകർഷപോഷം ചിരം
“ ഭാഷാപോഷിണി ” ശേഷശായികരുണോ-
ന്മേഷാൽ വിളങ്ങിടണം.

Bhasha Poshini Office, Kottayam.

License No. 33.

വിഷയവിവരം



തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു്.



കൊച്ചിമഹാരാജാവു തിരുമനസ്സുകൊണ്ടു്.

ഭാഷാപോഷിണി.

പുസ്തകം 33. | തുലാം. | ലക്കം 3

ഈശ്വരപ്രാൎത്ഥന.

സൃഷ്ടിച്ചു നമ്മെയൊരുപോലെ വളൎത്തിനിത്യ-
മഷ്ടിക്കു വേണ്ട വകയും കനിവാൎന്നു നൽകി
പുഷ്ടിപ്പെടുത്തുമഖിലാഗമസാര, മിഷ്ടം
കഷ്ടിച്ചു ചേൎക്കിലുമവൻ കൃതകൃത്യനേററം.

കൊച്ചീ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ട്.

കൊച്ചീ വലിയതമ്പുരാൻ തിരുമനസ്സിലേക്ക് ഇക്കഴിഞ്ഞ കന്നിമാസം ൨൭-ാംനു എഴുപതു തിരുവയസ്സു പൂൎത്തിയായിരിക്കുന്ന വിവരം ഏററവും സന്തോഷസമേതം പ്രസ്താവിച്ചുകൊള്ളുന്നു. ഈ ശുഭാവസരം കൊച്ചീസംസ്ഥാനത്തെ വിവിധജാതിമതസ്ഥരായ പത്തുലക്ഷത്തിൽ പരം ജനങ്ങൾക്കു മാത്രമല്ല, അവിടുത്തെ അറിയുകയും കേൾക്കുകയും ചെയ്തിട്ടുള്ള സകലൎക്കും ഒന്നുപോലെ പരമാനന്ദപ്രദമായ ഒന്നാണെന്നുള്ളതിനു സംശയമില്ല. സുപ്രസിദ്ധഭരണവിദഗ്ദ്ധനായ ഒരു തിരുമേനിയുടെ പിൻഗാമിയായി രാജ്യഭരണകൃത്യത്തിലേൎപ്പെട്ട ഈ തിരുമനസ്സിലെ ഭരണം ശോഭനമായിത്തീരുമോ എന്ന് പലൎക്കുമുണ്ടായിരുന്ന ആശങ്കയെ തിരുമനസ്സുകൊണ്ടു സിംഹാസനാരോഹണം ചെയ്തു് അധികകാലം കഴിയുന്നതിനു മുമ്പുതന്നെ നിശ്ശേഷം പ്രമാൎജ്ജിതമാക്കി. രാജ്യഭാരം കയ്യേററയവസരത്തിൽ തിരുമനസ്സുകൊണ്ടു് "രാജ്യത്തിൻെറയും ജനങ്ങളുടേയും നന്മയാണു് നമ്മുടെ പരമോദ്ദേശ്യം" എന്നു പ്രസ്താവിച്ചിട്ടുള്ളതു് ഈ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ സ്വപ്രവൃത്തികളെക്കൊണ്ടു ഏററവും പ്രശംസാൎഹമായവിധത്തിൽ തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. അയൽരാജ്യമായ തിരുവിതാംകൂറിലും മററും പരിഷ്കൃതഭരണസമ്പ്രദായത്തിന് യോജിക്കുന്നവിധത്തിൽ നിയമസഭകൾ ഉണ്ടായിട്ടു വളരെക്കാലം കഴിഞ്ഞിട്ടുണ്ടെന്നുവരികിലും പ്രജകളുടെ യാതൊരുവിധത്തിലുമുള്ള അഭ്യൎത്ഥനകളും കൂടാതെ ഈ തിരുമനസ്സുകൊണ്ടു് അവയും സ്വരാജ്യത്തിൽ നടപ്പിലാക്കി. കൊച്ചീരാജ്യസംബന്ധമായ സംഗതികളിൽ പ്രസ്തുതസ്ഥാപനങ്ങൾ അന്യരാജ്യങ്ങളെ അപേക്ഷിച്ചു് എത്രമാത്രം ഉപയോഗപ്രദമായിരിക്കുന്നു എന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ. തിരുമനസ്സിലെ ഭരണകാലത്തു രാജ്യത്തിനും ജനങ്ങൾക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന അഭിവൃദ്ധിയും തന്നിമിത്തം മററു ഏതദ്ദേശ്യരാജ്യങ്ങളിൽ കൊച്ചീരാജ്യത്തിനുണ്ടായിട്ടുള്ള സ്ഥാനവും മേൽക്കോയ്മയ്ക്കു് അതിനോടുള്ള മതിപ്പും പ്രത്യേകം സ്മരണീയമാണു്.

തിരുമനസ്സുകൊണ്ടു ഭാഗ്യവതിയായ കാവമ്മത്തമ്പുരാട്ടി തിരുമനസ്സിലെയും കാലടിമഞ്ഞപ്രാവനമനയ്ക്കൽ നമ്പൂരിപ്പാടവൎകളുടേയും പുത്രനായി ൧൮൫൮ ഒക്ടോബർമാസം ൧൭-ാം തിയതി ഭൂലോകജാതനായി.

വിദ്യാഭ്യാസവിഷയത്തിൽ തിരുമനസ്സിലെ ആദ്യഗുരു ഇരിങ്ങാലക്കുട കല്ലേററുകര അച്യുതപിഷാരടിയായിരുന്നു. പിന്നീടു പാറമേൽകാവിൽ രാമൻ നമ്പ്യാരവർകളിൽനിന്നു സംസ്കൃതവും മെസ്സേഴ്സ്സ റോബർട്ടുവൈററ്, ജീ. നാരായണയ്യർ, ശങ്കരനാരായണച്ചെട്ടിയാർ, എൻ. നാരായണമേനോൻ എന്നീ അദ്ധ്യാപകന്മാരുടെ മേൽനോട്ടത്തിൽ ഇംഗ്ലീഷുഭാഷയും കോയമ്പത്തൂർ രംഗപ്പത്താചാര്യരിൽനിന്നു ന്യായം വേദാന്തം മുതലായ ശാസ്ത്രങ്ങളും തിരുമനസ്സുകൊണ്ടു് അഭ്യസിക്കുകയുണ്ടായി. ഇതുകൂടാതെ ആയുൎവ്വേദവൈദ്യനായ ഇട്ടീരിമൂസ്സ അവർകളിൽനിന്നു ആയുൎവ്വേദവും, പ്രസിദ്ധവിഷവൈദ്യനായ കൊക്കരനമ്പൂരിയിൽനിന്നു വിഷവൈദ്യവും കരസ്ഥമാക്കിയിരുന്നു.

വിദ്യാഭ്യാസാനന്തരം ഇളയരാജാവെന്നുള്ള സ്ഥാനത്തിരുന്നുകൊണ്ടുതന്നേ തിരുമനസ്സുകൊണ്ടു ഉൽകൃഷ്ടനായർകുടുംബങ്ങളിൽ ഒന്നായ കുറുപ്പത്തുനിന്നു് ശ്രീമതി വി. കെ. പാറുക്കുട്ടിയമ്മയെ ൧൦൮൦-ൽ വിവാഹംകഴിച്ചു. വിദ്യാവിശാരദയും പരിഷ്കൃതമാനസയും ബുദ്ധിശാലിനിയും ആയ നെത്ത്യാരമ്മ അവർകളുടെ സഹകരണം തിരുമനസ്സിലെ അഭ്യുദയത്തിനു് ഒരു പ്രധാനകാരണമായിട്ടുണ്ടു്. ഇപ്പോൾ ഈ ദമ്പതിമാൎക്കു രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരുമാണുള്ളതു്. മൂത്തപുത്രനായ വി. കെ. രാമൻമേനോൻ എം. എ. ബാർഅററ്ലൊ അവർകൾ ബ്രിട്ടിഷുസൎവ്വീസ്സിൽ ഒരു ഡിസ്ത്രിക്ററ് എഡ്യുക്കേഷനൽ ഓഫീസ്സറാണു്. രണ്ടാമത്തെ പുത്രനായ വി. കെ. അരവിന്ദാക്ഷമേനോൻ അവർകൾ കൊച്ചിയിലെ ചീഫ്ഇഞ്ചിനീയരുമാണു്. മൂത്തപുത്രിയായ ശ്രീമതി രത്നമ്മയെ സർ. സി. ശങ്കരൻനായരവർകളുടെ പുത്രനായ മിസ്റ്റർ പാലട്ടും ഇളയപുത്രിയായ ശ്രീമതി വിലാസിനീദേവിയെ വലിയതമ്പുരാൻ തിരുമനസ്സിലെ ഒരു ഭാഗിനേയനും ഇപ്പോൾ ഉൽകൃഷ്ടവിദ്യാഭ്യാസാൎത്ഥം ഇംഗ്ലണ്ടിൽ താമസിക്കുന്ന ദേഹവുമായ രാമവൎമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ടും വിവാഹം കഴിച്ചിരിക്കുന്നു. ഇങ്ങനെ ഏതുപ്രകാരം നോക്കിയാലും തിരുമനസ്സിലെ കുടുംബജീവിതം സൌഭാഗ്യസമ്പൂൎണ്ണമെന്നുള്ളതിൽ സംശയിപ്പാനില്ല.

കൊച്ചി തിരുവിതാംകൂർ മുതലായ രാജ്യങ്ങളിലെ രാജാക്കന്മാരുടെയും രാജകുടുംബാംഗങ്ങളുടേയും സ്വഭാവവിശേഷങ്ങളും, അവർനിമിത്തം രാജ്യത്തിനും പ്രജകൾക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന വിവിധതരങ്ങളായ ഗുണഗണങ്ങളും, എത്രമാത്രമെന്നു മനസ്സിലാക്കുന്നതിനും തന്നിമിത്തം രാജകുഡുംബങ്ങളോടു ജനങ്ങൾക്കു മതിപ്പും ഭക്തിയും ആദരവും തോന്നുന്നതിനും ഇൻഡ്യയിലെ മിക്ക ഐതദ്ദേശ്യരാജ്യങ്ങളിലേയും രാജാക്കന്മാരുടെ സ്വഭാവചേഷ്ടകളേയും ഭരണരീതിയേയും മററും പററി ഏറെക്കുറെ അറിഞ്ഞിരിക്കേണ്ടതാണു്.

തിരുമനസ്സിലെ ജന്മർക്ഷദിനത്തിൽ താഴെപ്പറയുന്ന ദാനങ്ങൾ കല്പിച്ചനുവദിച്ചിരിക്കുന്നതിൽനിന്നുതന്നെ അവിടുത്തെ മഹാമനസ്കതയെ ധാരാളം വെളിപ്പെടുത്തുന്നുണ്ട്.

൧. കൃഷിവായ്പ്പകൾക്കു നിശ്ചയിച്ചിട്ടുള്ള ആറേകാൽ പലിശയെ മൂന്നു ശതമാനമാക്കി കുറച്ചിരിക്കുന്നു. ഇപ്പോൾ കടമെടുത്തിട്ടുള്ളതിനും മേലാലുള്ളതിനും ഇതു ബാധകമായിരിക്കുന്നതാണു്. കൃഷിവായ്പ്പകൾക്കായി ഒരുലക്ഷം രൂപാ നീക്കി വെച്ചിരിക്കുന്നു.

൨. കുടിയിടകളിൽ നില്ക്കുന്ന രാജകീയവൃക്ഷങ്ങളെ വസ്തുവുടമസ്ഥന്മാൎക്കോ ന്യായമായ കൈവശക്കാൎക്കോ വെട്ടിയെടുക്കാൻ അനുമതി നൽകിയിരിക്കുന്നു.

൯. പാമ്പുകടി മുതലായവനിമിത്തമുണ്ടാകുന്ന വിഷജന്യരോഗങ്ങളുടെ ചികിത്സയ്ക്കായി വേണ്ടുന്ന പ്രോത്സാഹനം നൽകപ്പെട്ടിരിക്കുന്നു ഇതിന്റെ പ്രാരംഭമായി സംസ്ഥാനത്തെ നാനാഭാഗങ്ങളിൽനിന്നുമായി തെരഞ്ഞെടുക്കുന്ന- ൱ വിഷവൈദ്യന്മാക്ക് ൨൫-ക-വീതം ഗ്രാന്റു നല്കുന്നതും വിഷചികിത്സയ്ക്കുള്ള ഔഷധച്ചെടികളെ നട്ടുവളൎത്തുന്നതിനും ആവശ്യമായ മരുന്നുകൾ സൌജന്യമായി ഈ വൈദ്യന്മാൎക്കു നൽകുന്നതിനുമായി ഒരു ചികിത്സാകേന്ദ്രം സ്ഥാപിക്കുന്നതുമാണ്.

൰. സൎവ്വീസിലെ ഉയൎന്നതരം ഉദ്യോഗസ്ഥന്മാൎക്കും പെൻഷൻകാൎയ്യത്തിൽ ബാധകമായി നില്ക്കുന്ന നിയമങ്ങൾതന്നെ താഴ്ന്നതരം ഉദ്യോഗസ്ഥന്മാൎക്കും ബാധകമായിരിക്കുന്നതും പെൻഷൻകാൎയ്യത്തിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന ഉയൎന്ന ഉദ്യോഗസ്ഥന്മാർ താഴ്ന്നയുദ്യോഗസ്ഥന്മാർ എന്ന ഭേദം എടുത്തുകളയുന്നതുമാകുന്നു. ഇപ്പോഴത്തെ സമ്പ്രദായമനുസരിച്ചു പെൻഷൻ പററിക്കൊണ്ടിരിക്കുന്നവൎക്കും അൎഹതയുള്ളപക്ഷം നിൎദ്ദിഷ്ടമായ പെൻഷൻ ഈ തീയതി മുതൽ ലഭിക്കുന്നതാണ്. ഇതു ദേവസ്വം കൊട്ടാരം എന്നീ ഡിപ്പാൎട്ടുമെന്റുകളേയും സംബന്ധിക്കുന്നതാണ്.

൰൧. ദേവസ്വംവസ്തുക്കളെ സംബന്ധിച്ച് അടയ്ക്കേണ്ടതായ മിച്ചവാരം സമ്പ്രദായത്തിലുള്ള നെൽക്കരം ശാശ്വതമായി നിറുത്തൽ ചെയ്തിരിക്കുന്നു.

൰൨. അത്യധികം ജലക്ഷാമമുള്ള ദിക്കുകളിൽ കുടിക്കുവാനും കുളിക്കുവാനുമുള്ള ജലം വിതരണം ചെയ്യേണ്ടതിലേക്കായി ഈയാണ്ടു 50,000ക. അനുവദിച്ചിരിക്കുന്നു.

൰൩. മുഴുവൻ സമയവും ജോലി ചെയ്യേണ്ട താണതരം ഉദ്യോഗസ്ഥന്മാരുടെ ശമ്പളം 10 ക. യാക്കിയിരിക്കുന്നു. 10 ക. യിൽ കുറഞ്ഞ ശമ്പളക്കാൎക്ക് ഇന്നുമുതൽ മേല്പറഞ്ഞ ആനുകൂല്യം ലഭിക്കുന്നതാണ്.

൰൪. മഹാകവി വള്ളത്തോളിനു "കവിസാൎവ്വഭൌമൻ" എന്ന സ്ഥാനം നല്കിയിരിക്കുന്നു.

൰൫. മെസ്സേഴ്സ്സ കെ. പി. കറുപ്പൻ, ഒടുവിൽ ശങ്കരൻകുട്ടിമേനോൻ ഇവൎക്കു കവിതിലകസ്ഥാനവും കോളത്തേരി ശങ്കരമേനോൻ അവൎകൾക്കു സാഹിത്യകുശലൻ എന്ന സ്ഥാനവും നല്കിയിരിക്കുന്നു.

ഇങ്ങനെ നാനാപ്രകാരേണയും പുണ്യശ്ലോകനായ മഹാരാജാവുതിരുമനസ്സുകൊണ്ടു ആയുരാരോഗ്യാദിസമ്പൽസമൃദ്ധിയോടുകൂടി അനേകകാലം ജീവിച്ചിരിക്കുന്നതിനു സൎവ്വേശ്വരൻ സഹായിക്കട്ടെ!

'സഹകരണവും കൃഷീവലരും'

(പണ്ഡിററു കറുപ്പൻ, കൊച്ചി അധഃകൃത സഹായരക്ഷകൻ).

വാനിൽ കരിങ്കാർനിര താരകൾക്കു-വൈഡൂൎയ്യഭാസ്സേന്തി വിളങ്ങിടുന്നു.
ഉഡുക്കളാൽ കാറണികല്ലമുഷ്ടും-നിസ്തുല്യനിലാംബരമായ് ലസിപ്പൂ. 1
ഔദാൎയ്യമല്ലിന്നു മുഴക്കമൂലം-മിന്നാമിനുങ്ങും മണിദീപമായി,
ആജീവിരാവിന്റെ മിനുത്ത മെയ്യിൽ—മിന്നുന്ന പൊൻനൂലണിയിച്ചിടുന്നു. 2
ഉദ്യദ്ദിനേശൻ സ്വകരാഞ്ചലത്താ—ലുണൎത്തിടും കൊച്ചു മഹീരുഹങ്ങൾ
നൽക്കൊമ്പിളംകൈകളിലേന്തിടുന്നു—പൂക്കൊത്തി, നന്നായ് പുലൎപൂജചെയ്യാൻ.
ഗോശ്രീ ധനാഢ്യാഗ്രണി ലോകബന്ധു—പാൎപ്പിച്ച നിഃക്ഷേപമനല്പഃമന്തി
പൈശ്രൂന്യമില്ലാതുദധിക്കു നല്കി—യലൌകിക ശ്രീ ദ്വിജരാജനേൽപ്പൂ.

നാമാലവാലം വിരചിച്ചു നിത്യം—സലിലമേകുന്ന ലതാകദംബം
നമുക്കു സുസ്വാദുഫലങ്ങൾ നല്കി—മിത്ഥമോപകാരവ്രതമാചരിപ്പൂ. 5

കണ്ഡൂയനത്താൽ കബളങ്ങളാലും—കാരുണ്യമോടങ്ങിനെ നാം വളർത്തും
പശുക്കൾ വെൺപാലു ചുരത്തിയസ്മൽ—പൈതങ്ങളിൽ പ്രീതി വളർത്തിടുന്നു. 6

ത്യാഗത്തിലെപ്പോലെ, പരോപകാര—കർമ്മത്തിലും ചേർന്ന വിശിഷ്ടധർമ്മം
മർത്ത്യർക്കു നാകത്തിൽ നശിച്ചിടാത്ത—മംഗല്യഗേഹം പണിചെയ്തിടുന്നു. 7

അന്യോന്യസാഹായ്യമതിങ്കൽ നില്പൂ—മാദർശമല്ലോ ജഗദേകസൌഖ്യം
ത്യാഗം തദാലംബനമായതെന്നും—ചൊല്ലിത്തരുന്നു പ്രകൃതിപ്രമാണം. 8

സുജീവനത്താൽ ഭുവനാന്തരാളം—സംതൃപ്തമാക്കുന്നു വലാഹകങ്ങൾ
സ്വവാരിസിക്താമലകൂലഭ്രവായ്—സ്രവന്തിയെങ്ങും വിഹരിച്ചിടുന്നു. 9

ലഭിക്കണം പ്രത്യുപകാരമെന്നു—വച്ചായിരിക്കില്ല സമീരദേവൻ
ദിവാനിശം പര്യടനവ്രതം പൂ—ണ്ടനുഗ്രഹിക്കുന്നതു ഭൂതലത്തെ. 10

തൃണങ്ങൾ നിസ്സാരതരങ്ങ‘ളൊട്ടും—പാവം’വഴിക്കൊത്തൊരുമിച്ചിടുമ്പോൾ
അതല്ലിപുല്ലായ? പ്രശംസനീയം—തന്നിഷ്ടമാകും കമനീയഭാവം. 11

വെറും ചണപ്പുല്ലുകൾ ഒററയൊററ—യായിട്ടു പാർത്താലതി ദുർബലങ്ങൾ
അതിന്റെ കൂട്ടം മുറുകുന്ന നേരം—പൂവള്ളി ദന്തിക്കുമനങ്ങിടാമോ ? 12

ദേവോപകണ്ഠത്തിലുപാഹരിക്കും—മുഖ്യം നിവേദ്യം മധുപർക്കമല്ലോ
അതിന്റെ കർത്താവണുജീവിയാകും—ഈതനീച്ചയെന്നാർ നിരൂപിച്ചിടുന്നു ? 13

സിതാതപത്രത്തണലിങ്കൽ വച്ചി—ട്ടാവധിഭ്ര കാപ്പൊരു ചക്രവർത്തി
കോടീരകോടി മണി സൂത്രമാക്കും—നൂൽകാഴ്ചവയ്ക്കുന്നൊരു കൊച്ചുകീടം ! 14

പരസ്പരം ചേർന്ന സഹായസംഘം—ഭാഗ്യം കരേറും മണിസൌധമല്ലോ,
തദസ്ഥിവാരം ബുധരേകമത്യ—നീലാശ്മകൂടത്തിൽ വിധിച്ചിടുന്നു. 15

കാർപ്പണ്യദോഷം കലരും മനുഷ്യൻ—നിഷ്പ്രജ്ഞനായ് വീർപ്പു കഴിച്ചിടുന്നു
അത്തീത്തുരുത്തിയ്ക്കതിലും വിശേഷം—കല്പിച്ചു പോലാപ്തജനങ്ങൾ പണ്ടേ. 16

അന്യോന്യസാഹ്യപ്രഥമാനമാകും—പ്രത്യക്ഷദൈവം വിജയിച്ചിടുന്നു
അതിന്റെ സായൂജ്യമലഭ്യമല്ല ;—കൃഷീവലർക്കും തൊഴിലാളികൾക്കും. 17

വന്ദിക്കുവിൻ നിങ്ങളതിന്റെ മുമ്പിൽ—തൂമ്പാത്തഴമ്പേറിയ കൈകൾ കൂപ്പി
അക്കൈകൾ സംഘപ്പരദേവതയ്ക്കു—നൽപ്പിച്ചകപ്പൂക്കര കോരകങ്ങൾ. 18

കാലങ്ങൾതോറും കരളൊത്തു നിങ്ങൾ—കാണിയ്ക്കവയ്ക്കുന്നൊരു തുട്ടുകാശ്
പാഴ്മാടമാളും വയൽവക്കുതോറും—‘പ്ലാനി’ട്ടിടുന്നു മണിമേട തീർക്കാൻ. 19

കുചേലരായിത്തിരുമണ്ഡപത്തിൽ—കൂപ്പും ഭവാന്മാരുടെ കുഞ്ഞുമക്കൾ
കുബേരരാകുന്നതു ഭാവിനോട്ട—ക്കണ്ണാടിയിൽക്കാൺമു വിചിന്തകന്മാർ. 20

നമസ്കരിച്ചീടുവിനന്തണന്റെ—മുഴക്കരിന്നൊററി തൊടാത്ത ദിക്കിൽ :
യുഷ്മല്ലലാടം ചിതറും വിയർപ്പോ—ദേവന്റെ മുമ്പിൽ പനിനീർക്കണങ്ങൾ. 21

അസംസ്കൃതാവ്യക്തപദാനുബദ്ധ—മായീടിലും നൽ തൊഴിലാളിഗീതം
അദ്ദേവതയ്ക്കോ മുരളീനിനാദം ;—സത്തുക്കൾ സത്യോക്തി സമുത്സുകന്മാർ. 22

ചെയ്യും പ്രതിജ്ഞാപരിപാലനത്താൽ—ചെമ്പേട്ടു വാക്കിന്റെ ചെരിപ്പെട്ടുക്കും :
ആ നോമ്പു നോൽക്കും തൊഴിലാളിവൃന്ദം—സംഘപ്രസാദത്തിനു ചാരുപാത്രം. 23

അദ്ധ്വാനശിലാഭിധമായിടുന്ന—വിശുദ്ധ ദീർഘാധ്വരദീക്ഷിതന്മാർ
കൃഷീവലന്മാർ, സമുദായവൃന്ദാ—രകൌഘ സംഭാവിതരായ്വരുന്നു. 24

നീലക്കാർനിര വാനിൽ നിൽപ്പൂ, മലതൊട്ടംഭോധിയോളം ജഗ-
ജ്ജാലത്തിന്നുണർവേകിടുന്ന നദിയും കാണുന്നു കണ്ണാടിപോൽ,
ചേലഞ്ചും ധര തിന്നതില്ല, പണിയാൻ കയ്യുണ്ടു, നാമെന്തിനി-
ന്നാലസ്യത്തിനധീനരാകണമെഴുന്നേല്പിൻ കൃഷിക്കാരരേ! 25

മലയാളബ്രാഹ്മണരുടെ സാഹിത്യപരിശ്രമം.

(കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി).

കേരളത്തിൽ മലയാളബ്രാഹ്മണരെപ്പോലെ സാഹിത്യപരിശ്രമം ചെയ്തിട്ടുള്ള മറ്റൊരു വർഗ്ഗക്കാരുമുണ്ടെന്നു തോന്നുന്നില്ല. മലയാളബ്രാഹ്മണരിൽ എല്ലാംകൊണ്ടും പ്രഥമഗണനീയനായിരുന്നതു സാക്ഷാൽ ശങ്കരാചാര്യസ്വാമികളാണല്ലോ. ആ യോഗിവര്യനെക്കുറിച്ചു തന്നെ ആദ്യം ചിന്തിക്കാം. അദ്ദേഹം സാമാന്യത്തിലധികം സാഹിത്യപരിശ്രമം ചെയ്തിരുന്നു എന്നുള്ളതിലേക്കു സൌന്ദര്യലഹരി, ശിവാനന്ദലഹരി മുതലായ അനേകം സ്തോത്രങ്ങളും അസംഖ്യം അദ്വൈതഗ്രന്ഥങ്ങൾക്കും ഭഗവൽഗീത മുതലായവയ്ക്കുമെഴുതിട്ടുള്ള ഭാഷ്യങ്ങളും സ്മൃതി, കേരളാചാരപദ്ധതി മുതലായ പ്രമാണഗ്രന്ഥങ്ങളും ഒടുക്കം സർവ്വജ്ഞപീഠം കയറാനായിട്ടുണ്ടാക്കിയ അമരുകശതകവും ഉത്തമലക്ഷ്യങ്ങളാണല്ലോ.

ആചാര്യസ്വാമികളുടെ കാലത്തു ചെങ്ങന്നൂർഗ്രാമക്കാരനായ ശക്തിഭദ്രൻ എന്ന ബ്രാഹ്മണൻ ഒരുവിധം സാഹിത്യപരിശ്രമം ചെയ്തിരുന്നു. "ഉന്മാദവാസവദത്ത" മുതലായ ചില കാവ്യങ്ങളും "ആശ്ചര്യചൂഡാമണി" എന്ന പ്രസിദ്ധ നാടകവും അദ്ദേഹത്തിന്റെ പരിശ്രമഫലങ്ങളാണ്. ആശ്ചര്യചൂഡാമണിയെക്കുറിച്ചു കേട്ടിട്ടുള്ള ഒരൈതിഹ്യംകൂടി താഴെക്കുറിക്കുന്നു.

ശക്തിഭദ്രകവി ആശ്ചര്യചൂഡാമണി ഉണ്ടാക്കിത്തീർത്ത കാലത്തു ശങ്കരാചാര്യസ്വാമികൾ സേതുസ്നാനത്തിനായി പോവുകയും ആ യാത്രയിൽ ഒരു ദിവസം ചെങ്ങന്നൂർ ഗ്രാമത്തിൽ ചെന്നുചേരുകയും ചെയ്തു. ആചാര്യസ്വാമികൾ വന്നിരിക്കുന്നു എന്നു കേട്ടു ഗ്രാമവാസികളായ ബ്രാഹ്മണരെല്ലാവരും ചെന്നു സ്വാമികളെ വന്ദിച്ചു. ആ കൂട്ടത്തിൽ ശക്തിഭദ്രകവിയുമുണ്ടായിരുന്നു. അദ്ദേഹം താനുണ്ടാക്കിയ നാടകം ആചാര്യസ്വാമികളെ ഒന്നു കേൾപ്പിക്കണമെന്നും സ്വാമികൾ സമ്മതിച്ചാൽപ്പിന്നെ അതിനെ ആരും ആദരിക്കാതിരിക്കയില്ലല്ലോ എന്നും വിചാരിച്ച് ആ നാടകമെഴുതിയ ഗ്രന്ഥം കൂടെക്കൊണ്ടുപോയിരുന്നു. എല്ലാവരും വന്ദിച്ചു കഴിഞ്ഞതിന്റെ ശേഷം ഇദ്ദേഹം താനിങ്ങനെ ഒരു നാടകമുണ്ടാക്കീട്ടുണ്ടെന്നും അതൊന്നു കേട്ടാൽ കൊള്ളാമെന്നും സ്വാമികളുടെ അടുക്കൽ അറിയിച്ചു. അവിടെയിരുന്നു വായിക്കാൻ സ്വാമികൾ ആംഗ്യം കാണിച്ചതനുസരിച്ചു ശക്തിഭദ്രകവി അവിടെയിരുന്നു നാടകം മുഴുവനും വായിച്ചു കേൾപ്പിച്ചു. അനന്തരമദ്ദേഹം സ്വാമികളുടെ അഭിപ്രായമറിയുന്നതിനായി അവിടെ വളരെനേരം കാത്തുനിന്നു. എങ്കിലും സ്വാമികൾ അതിനെക്കുറിച്ചെന്നല്ല, ആരോടും ഒന്നും മിണ്ടാതെ അവിടെനിന്നു പോവുകയും ചെയ്തു.

അപ്പോൾ ശക്തിഭദ്രകവി ഏറ്റവും വിഷണ്ണനായിത്തീർന്നു. തന്റെ നാടകം സ്വാമികൾക്ക് ഒട്ടും ബോധിച്ചില്ലെന്നും അതുകൊണ്ടാണ് സ്വാമികൾ ഒന്നും മിണ്ടാതെയിരുന്നതെന്നും ഇനിയിതു വെച്ചുകൊണ്ടിരുന്നാൽ യാതൊരു പ്രയോജനവുമുണ്ടാവുകയില്ലെന്നും വിചാരിച്ച് അദ്ദേഹം ആ ഗ്രന്ഥം കൊണ്ടുപോയി ഉടനേ ചുട്ടുകളഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ വിചാരം കേവലം അബദ്ധമായിരുന്നു. ആ നാടകം വായിച്ചു കേട്ടപ്പോൾ സ്വാമികൾക്കു വളരെ ബോധിച്ചു. ആചാര്യസ്വാമികൾക്ക് അക്കാലത്തു മൌനവ്രതമായിരുന്നതിനാ

ലാണ് അദ്ദേഹം ഒന്നും മിണ്ടാതെയിരുന്നത്. സേതുസ്നാനം കഴിഞ്ഞതിന്റെ ശേഷമേ സംസാരിക്കയുള്ളു എന്നായിരുന്നു സ്വാമികളുടെ നിശ്ചയം.

സേതുസ്നാനം കഴിഞ്ഞു മടങ്ങിപ്പോയ അവസരത്തിലും ആചാര്യസ്വാമികൾ ചെങ്ങന്നൂർ ചെന്നിരുന്നു. അപ്പോൾ സ്വാമികൾ അന്വേഷിക്കുകയാൽ ശക്തിഭദ്രകവി സ്വാമികളുടെ അടുക്കൽച്ചെന്നു. അദ്ദേഹത്തെ കണ്ടയുടനെ സ്വാമികൾ "അങ്ങയുടെ ഭുവനഭൃതിയെവിടെ?" എന്നു ചോദിച്ചു. ആശ്ചര്യചൂഡാമണി നാടകത്തിൽ രണ്ടാമങ്കത്തിന്റെ അവസാനഭാഗത്തുള്ള "ഭവതു 'ഭുവനഭൃത്യൈ' സർവ്വരക്ഷാവധേനു" എന്നവസാനിക്കുന്ന ശ്ലോകത്തിലെ "ഭുവനഭൃത്യൈ" എന്നുള്ള പ്രയോഗം സ്വാമികൾക്കു സവിശേഷം രസിച്ചു. അതുകൊണ്ടാണ് അങ്ങനെ ചോദിച്ചത്. സ്വാമികളുടെ ചോദ്യത്തിനുത്തരമായിട്ടു ശക്തിഭദ്രകവി "ആ നാടകം വായിച്ചു കേട്ടിട്ട് സ്വാമികൾ ഒന്നു മിണ്ടാതെയിരുന്നതിനാൽ സ്വാമികൾക്ക് അതൊട്ടും രുചിച്ചില്ലെന്നു വിചാരിച്ച് ഉടനെ ഞാനതു ചുട്ടുകളഞ്ഞു" എന്നറിയിച്ചു. അപ്പോൾ സ്വാമികൾ "അതു വലിയ സാഹസമായിപ്പോയി. ആ നാടകം വളരെ നന്നായിരുന്നു. എനിക്കു രുചിക്കാഞ്ഞിട്ടല്ല; അന്നു മൌനവ്രതമായിരുന്നതിനാലാണ് ഞാനൊന്നും മിണ്ടാതെയിരുന്നതു. ആട്ടെ ഇപ്പോൾ തരക്കേടൊന്നും വന്നിട്ടില്ല. ആ നാടകം വായിച്ചു കേട്ടപ്പോൾത്തന്നെ ഞാൻ ധരിച്ചുകഴിഞ്ഞു. അതു മുഴുവനും ഞാൻ പറഞ്ഞുതരാം. എഴുതിക്കൊള്ളൂ" എന്നു പറഞ്ഞു മുഴുവനും പറഞ്ഞുകൊടുക്കുകയും ശക്തിഭദ്രകവി എഴുതിയെടുക്കുകയും ചെയ്തു. അതിനാൽ ആ നാടകം നശിച്ചുപോകാനിടയായില്ല.

ഈ ഐതിഹ്യംകൊണ്ട് ഈ നാടകം വളരെ നല്ലതാണെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. ഇതിലെ ശൂർപ്പണഖാങ്കം മുതലായ ചില ഭാഗങ്ങൾ ചാക്യാന്മാർ ഇപ്പോഴും ചില സ്ഥലങ്ങളിൽ അഭിനയിക്കാറുള്ളതുകൊണ്ടും ഇതു മുഴുവനും "സരസദ്രുതകവികിരീടമണി"യായിരുന്ന കുഞ്ഞിക്കുട്ടൻതമ്പുരാനവർകൾ മലയാളത്തിൽ തർജ്ജമചെയ്തിട്ടുള്ളതിനാലും ഇതിന്റെ രസികത്വം സംസ്കൃതഭാഷാനഭിജ്ഞന്മാർക്കും ഗ്രഹിക്കാവുന്നതാണ്

കൃഷ്ണഗാഥ എന്നും കൃഷ്ണപ്പാട്ടെന്നും പറഞ്ഞുവരുന്ന വിശിഷ്ടകൃതിയുടെ കർത്താവു ചെറുശ്ശേരിനമ്പൂരിയാണെന്നും അതല്ല, പുനംനമ്പൂരിയാണെന്നും ജനങ്ങളുടെയിടയിൽ ഇയ്യിടെ ഒരു വാദം ഉണ്ടായിട്ടുണ്ടെങ്കിലും അതൊരു നമ്പൂരിയുടെ കൃതിയല്ലെന്ന് ആർക്കും അഭിപ്രായമുണ്ടെന്നു തോന്നുന്നില്ല. ഈ കൃതിക്കു ചില ദിക്കുകളിൽ "ചെറുശ്ശേരി" എന്നുകൂടി പേരു പറഞ്ഞുവരുന്നതുകൊണ്ട് ഇതിന്റെ നിർമ്മാതാവു ചെറുശ്ശേരിനമ്പൂരിയായിരിക്കാനാണ് അധികം ന്യായം കാണുന്നത്. മാഘകവിയുടെ കൃതിയായ കാവ്യത്തിനു "മാഘം" എന്നു പേരു പറഞ്ഞുവരുന്നുണ്ടല്ലോ. അപ്രകൃതമായ ഈ വാദങ്ങളെക്കുറിച്ച് ഇവിടെ അധികം വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല. ഈ കൃതിയുടെ കർത്താവിന്റെ ഇല്ലപ്പേര് എന്തായിരുന്നാലും അദ്ദേഹം ഒരു നമ്പൂരിയായിരുന്നു എന്നും അദ്ദേഹം ഇതുണ്ടാക്കിയതു കോലത്തിരിരാജാവിന്റെ കല്പനപ്രകാരമാണെന്നുമുള്ളതിനു സംശയമില്ല. ഈ കൃതിയുടെ ആദ്യഭാഗത്ത് —

"പാലാഴിമാതു താൻ പാലിച്ചുപോരുന്ന
കോലാധിനാഥനുദയവർമ്മൻ
ആജ്ഞയേച്ചെയ്കയാലജ്ഞനായുള്ള ഞാൻ
പ്രാജ്ഞനെന്നിങ്ങനെ ഭാവിച്ചപ്പോൾ

ദേവകീസൂനുവായ് മേവി നിന്നീടുന്ന
കേവലൻ തന്നുടെ ലീല ചൊൽവാൻ
ആവതല്ലെങ്കിലുമാശ താൻ ചൊൽകയാ—
ലാരംഭിച്ചീടുന്നേനായവണ്ണം.'

എന്നും അവസാനഭാഗത്ത്—

"ആജ്ഞയാ കോലഭൂപസ്യ പ്രാജ്ഞസ്യോദയവർമ്മണഃ
കൃതായാം കൃഷ്ണഗാഥായാം കൃഷ്ണസംഗതിരിരിതാ"

എന്നൊരു ശ്ലോകവും കാണുന്നതുകൊണ്ട് ഇതു കോലത്തിരിരാജാവിന്റെ കല്പന പ്രകാരമുണ്ടാക്കിയതാണെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

ഈ രീതിയിലുള്ള ഒരു കൃതി ഇതിനു മുമ്പും ഇതിൽപ്പിന്നെയും ഉണ്ടായിട്ടില്ലാത്തതുകൊണ്ടു തന്നെ ഇതിന്റെ കർത്താവ് അസാമാന്യനായ ഒരു മഹാനാണെന്നു തീർച്ചപ്പെടുത്താം.

ഇവിടെ രീതിയെന്നു പറഞ്ഞിട്ടുള്ളതു വൃത്തത്തെക്കുറിച്ചല്ലെന്നും കവിതയിലുള്ള അലങ്കാരധോരണി, മാധുര്യം, ചമൽക്കാരം, മനോധർമ്മവിശേഷങ്ങൾ മുതലായവയെക്കുറിച്ചാണെന്നും വായനക്കാർ മനസ്സിലാക്കിക്കൊള്ളേണ്ടതാണ്. വൃത്തത്തെസ്സംബന്ധിച്ചു നോക്കുകയാണെങ്കിൽ പൂരപ്പാട്ടെന്നും ഭരണിപ്പാട്ടെന്നും മറ്റും പറയുന്ന അസഭ്യപ്പാട്ടുകളുടെ വൃത്തവും ഇതുതന്നെയാണല്ലോ. ചൊല്ലുന്ന രീതിക്കു മാത്രമേ ഭേദമുള്ളൂ. "കൃഷ്ണഗാഥാരീതി" എന്നുള്ള തലക്കെട്ടോടുകൂടെ ഇയ്യിടെ പുറപ്പെട്ടു തുടങ്ങിയിരിക്കുന്ന ഖണ്ഡകൃതികൾ സാക്ഷാൽ കൃഷ്ണഗാഥയ്ക്കു നാവിൻദോഷം തട്ടാതെയിരിക്കാൻവേണ്ടി ഉണ്ടാകുന്നവയാണെന്നും അവയ്ക്കു കൃഷ്ണഗാഥയുടെ അടുക്കലെങ്ങും ചെല്ലാൻപോലും യോഗ്യതയില്ലെന്നും സഹൃദയന്മാർക്കറിയാവുന്നതാണ്.

ഇനി പുനംനമ്പൂരിയെക്കുറിച്ചു ചിന്തിക്കുകയാണെങ്കിൽ അദ്ദേഹവും ധാരാളമായി സാഹിത്യപരിശ്രമം ചെയ്തിരുന്ന ഒരു മഹാനായിരുന്നു എന്നു നിസ്സംശയം പറയാവുന്നതാണ്. ഏതാനും കൊല്ലങ്ങൾക്കു മുമ്പ് കേരളീയരെ പരക്കെ ബാധിച്ചിരുന്ന നാടകനിർമ്മാണഭ്രമംപോലെ മുമ്പൊരുകാലത്തു ഭാഷാചമ്പൂപ്രബന്ധനിർമ്മിതിഭ്രമം മലയാളബ്രാഹ്മണരെയും ബാധിച്ചിരുന്നു. അതിന്റെ ഫലമായിട്ടാണ് രാമായണം, ഉത്തരരാമായണം, ഭാരതം, ചെല്ലൂർമാഹാത്മ്യം, ദക്ഷയജ്ഞം, ഖാണ്ഡവദാഹം, വിരാടഗോഗ്രഹണം, ദൂതവാക്യം, യുധിഷ്ഠിരാശ്വമേധം, കീചകവധം, സ്യമന്തകം, കിരാതം, പാഞ്ചാലീസ്വയംബരം, അഹല്യാമോക്ഷം, നൈഷധം മുതലായ ഭാഷാചമ്പൂപ്രബന്ധങ്ങളുണ്ടായിത്തീർന്നത്. ഇവയിൽ ഓരോന്നിന്റെയും നിർമ്മാതാക്കൾ ഇന്നിന്നവരാണെന്നു തീർച്ചപ്പെടുത്താൻ മാർഗ്ഗമില്ലെങ്കിലും എല്ലാം നമ്പൂരിമാർ തന്നെയാണെന്നും ഇവയിൽപ്പലതിന്റെയും കർത്താവു പുനംനമ്പൂരിയാണെന്നും നിസ്സംശയം പറയാവുന്നതാണ്. മേൽപ്പുത്തൂരു നാരായണഭട്ടതിരി സംസ്കൃതചമ്പൂപ്രബന്ധങ്ങളുണ്ടാക്കിത്തുടങ്ങിയ കാലംവരെ ചാക്യാന്മാർ അരങ്ങത്ത് ഉപയോഗിച്ചുകൊണ്ടിരുന്നതു മേല്പറഞ്ഞ ഭാഷാചമ്പൂപ്രബന്ധങ്ങളായിരുന്നു.

പുനംനമ്പൂരി മാനവിക്രമനാമധേയനായ അക്കാലത്തെ സാമൂതിരിപ്പാട്ടിലേ സേവകനായി കോഴിക്കോട്ടാണ് താമസിച്ചിരുന്നത്. പ്രസിദ്ധനായിരുന്ന ഉദ്ദണ്ഡശാസ്ത്രികൾ കോഴിക്കോട്ടു സാമൂതിരി മഹാരാജാവിന്റെ അടുക്കൽ വന്നുചേർന്നതും അക്കാലത്തായിരുന്നു. ശാസ്ത്രികൾ വലിയ ഗർവ്വിഷ്ഠനായിരുന്നതിനാൽ കേരളത്തിലേയ്ക്കു കടന്നതു തന്നെ—

"പലായധ്വം പലായധ്വം രേരേ! ദുഷ്കവികുഞ്ജരാഃ!
വേദാന്ത വനസഞ്ചാരീ ഹ്യായാത്യുദ്ദണ്ഡകേസരി."

(അല്ലയോ ദുഷ്കവികളാകുന്ന ആനകളേ! ഓടിക്കൊൾവിൻ, ഓടിക്കൊൾവിൻ. വേദാന്തമാകുന്ന കാട്ടിൽ സഞ്ചരിക്കുന്ന ഉദ്ദണ്ഡനാകുന്ന സിംഹം ഇതാ വരുന്നു) എന്നു പറഞ്ഞുകൊണ്ടാണ്. അദ്ദേഹത്തിനു ഭാഷാകവികളെക്കുറിച്ചു വളരെ പുച്ഛവുമായിരുന്നു. അതിനാലദ്ദേഹം—

"ഭാഷാകവിനിവഹോയം
ദോഷാകരവദ്വിഭാതി ഭുവനതലേ
പ്രായേണ വൃത്തഹീനഃ
സൂര്യ്യാലോകേ നിരസ്തഗോപ്രസരഃ"

(ഭാഷാകവിനിവഹോയം = ഈ ഭാഷാകവികളുടെ കൂട്ടം. ദോഷാകരവൽ = ചന്ദ്രനെപ്പോലെ. ഭുവനതലേ = ലോകത്തിൽ. വിഭാതി = ശോഭിക്കുന്നു. ചന്ദ്രൻ പ്രായേണ വൃത്തഹീനനാകുന്നു. വൃത്തം തികഞ്ഞുള്ള കാലം ചുരുക്കമാണല്ലോ. ഭാഷാകവികളുടെ കൂട്ടവും മിക്കപ്പോഴും വൃത്തം വിട്ടുകളയും (തെററിക്കും). സൂര്യ്യാലോകേ = സൂര്യ്യനെക്കാണുമ്പോൾ. സൂരികളേ (വിദ്വാന്മാരേ) കാണുമ്പോൾ എന്നും. നിരസ്തഗോപ്രസരൻ = രശ്മി പ്രസരമില്ലാത്തവൻ. വാക്ക്പ്രസരമില്ലാത്തത് എന്നും)

എന്നൊരു ശ്ലോകവുമുണ്ടാക്കിയിരുന്നു. ആ ഉദ്ദണ്ഡശാസ്ത്രികൾ അടുക്കൽ നിന്നിരുന്നപ്പോഴാണ് പുനംനമ്പൂരി സാമൂതിരിരാജാവിനെക്കുറിച്ച്—

"താരിൽത്തന്വീകടാക്ഷാഞ്ചലമധുപകുലാരാമ! രാമാജനാനാം
നീരിൽത്താർബാണ! വൈരാകരനികരതമോമണ്ഡലീചണ്ഡഭാനോ!
നേരെത്താതുള്ള നീയാം തൊടുകുറി കളയാഞ്ഞൂന്നുഃമേഷാ കുളിക്കും
നേരത്തിന്നപ്പുറം വിക്രമനൃവര! ധരാഹന്ത! കല്പാന്തതോയേ."

എന്ന ശ്ലോകം ചൊല്ലുകയും ശാസ്ത്രികൾ ശ്ലോകം കേട്ടു സന്തോഷിച്ചു മതിമറന്നു നിന്ന നിലയിൽനിന്നു മേല്പോട്ടെടുത്തു ചാടുകയും "അന്തഹന്തയ്ക്കു് ഇന്തപ്പട്ട്" എന്നു പറഞ്ഞു തന്റെ തോളിൽക്കിടന്നിരുന്ന പട്ടെടുത്തു പുനംനമ്പൂരിയുടെ തോളത്തിട്ടുകൊടുക്കുകയും ചെയ്തു്, പുനംനമ്പൂരിയുടെ കവിതയ്ക്കുള്ള രസികത്വം സാമാന്യമല്ലെന്നുള്ളതിലേയ്ക്കു് ഇതിലധികമായ ദൃഷ്ടാന്തം വേണമെന്നില്ലല്ലോ.

ഇനി പ്രസിദ്ധനായിരുന്ന മഴമംഗലത്തു നമ്പൂരിയെക്കുറിച്ചു ചിന്തിക്കാം. അദ്ദേഹവും ധാരാളമായി സാഹിത്യപരിശ്രമം ചെയ്തിട്ടുള്ള ഒരു മഹാനായിരുന്നു. സാഹിത്യവിഷയത്തിൽ അദ്ദേഹം പുനംനമ്പൂരിയോടു തുല്യനായിരുന്നു എന്നു മാത്രമല്ല, മററു ചില വിഷയങ്ങളിൽ അദ്ദേഹത്തിനു പുനംനമ്പൂരിയെക്കാൾ യോഗ്യതയുണ്ടായിരുന്നുവെന്നുള്ളതു പ്രസിദ്ധവുമാണ്. എങ്കിലുമദ്ദേഹം ഏകദേശം ഇരുപതു വയസ്സു പ്രായമാകുന്നതുവരെ അക്ഷരജ്ഞാനംപോലുമില്ലാത്ത വെറും മൂഢനായിട്ടാണ് ജീവിച്ചിരുന്നതു്.

ഒരു സ്ഥലത്തു് ഒരു യാഗം നടന്നുകൊണ്ടിരുന്ന അവസരത്തിൽ മഴമംഗലത്തുനമ്പൂരി അവിടെച്ചെന്നുചേൎന്നു. യാഗം നടക്കുന്ന സ്ഥലങ്ങളിൽ ബ്രാഹ്മണൎക്കു പരക്കെ സദ്യ പതിവുള്ളതിനാൽ സദ്യ ഉണ്ണാനായിട്ടു മാത്രമാണ് അദ്ദേഹം അവിടെച്ചെന്നതു്. എങ്കിലും അവിടെച്ചെന്നതിന്റെ ശേഷം യാഗക്രിയകൾ കണ്ടാൽക്കൊള്ളാമെന്നുകൂടിത്തോന്നുകയാൽ അദ്ദേഹം യാഗശാലയ്ക്കകത്തു കടന്നുചെന്നു. ആഭിജാത്യത്തിന്റെ തികച്ചിലുള്ള ഉത്തമബ്രാഹ്മണൎക്കു മാത്രമേ യാഗശാലയിൽക്കടക്കാവു എന്നാണ് ചട്ടം. മഴമംഗലത്തുനമ്പൂരി ആഭിജാത്യം സ്വല്പം കുറഞ്ഞയാളായിരുന്നതിനാൽ അദ്ദേഹം ശാലയിൽക്കടന്നുചെന്ന

ത്ത് അവിടെയുണ്ടായിരുന്ന ഉത്തമബ്രാഹ്മണർക്ക് ഒട്ടും സമ്മതമായില്ല. അതിനാലവർ കലശൽകൂട്ടി അദ്ദേഹത്തെ അവിടെനിന്നു പുറത്തിറക്കി വിട്ടു. അപ്പോൾ അദ്ദേഹത്തിനു വളരെ കുണ്ഠിതമുണ്ടാവുകയാൽ അദ്ദേഹം പിന്നെ അവിടെത്താമസിക്കാതെ അപ്പോൾത്തന്നെ അവിടെനിന്നു പോയി.

മംഗലത്തുനമ്പൂരി അവിടെനിന്നു പോയതു നേരെ പരദേശത്തേയ്ക്കായിരുന്നു. അദ്ദേഹം പരദേശത്തു ചെന്നു വിദ്വാന്മാരായ ചില ശാസ്ത്രിബ്രാഹ്മണരുടെ അടുക്കൽ താമസിച്ചു സകല ശാസ്ത്രങ്ങളും വേദവേദാംഗാദികളും യാഗക്രിയകളും മററും പഠിച്ചുകൊണ്ടാണ് കേരളത്തിലേക്കു തിരിച്ചു വന്നത്. അദ്ദേഹം തിരിച്ചു വന്നപ്പോഴും ഒരു സ്ഥലത്ത് ഒരു യാഗം നടക്കുന്നുണ്ടായിരുന്നു. അതിനാൽ അദ്ദേഹം അവിടെയും ചെന്നുചേൎന്നു.

അദ്ദേഹം അവിടെച്ചെന്നിട്ട് യാഗശാലയിൽ കടക്കാതെ പുറത്തു നിന്നേ ഉള്ളു. അപ്പോൾ ഉഷ്ണകാലമായിരുന്നതിനാൽ അദ്ദേഹം ഒരു വിശറുപാള കൊണ്ടു വീശിക്കൊണ്ടാണ് നിന്നിരുന്നത്. ആ സമയത്തു വപ ഹോമിക്കുന്നതിനുള്ള മന്ത്രം പിഴച്ചു ചൊല്ലുന്നതു കേട്ട് അദ്ദേഹം പെട്ടെന്നു യാഗശാലയ്ക്കകത്തു കടന്നു ചെന്നു തന്റെ കൈയിലിരുന്നിരുന്ന വിശറുപാള ഹോമകുണ്ഡത്തിനു മുകളിൽ പിടിച്ചതിനാൽ ഹോമിച്ച വപ കുണ്ഡത്തിലല്ല, വിശറുപാളയ്ക്കകത്താണ് വീണത്. അതു കണ്ട് അവിടെയുണ്ടായിരുന്ന നമ്പൂരിമാർ കലശൽകൂട്ടി. "മംഗലം യാഗശാലയിൽ കയറിയെന്നു മാത്രമല്ല, ഹോമിച്ച വപ അഗ്നിയിൽ വീഴാതെ വിശറുപാളയിലാക്കുകയും ചെയ്തിരിക്കുന്നു. ഇതിനിനി എന്താണു വേണ്ടത്? ഈ അക്രമം കാണിച്ചതിന് ഇയ്യാളെ എന്തു ചെയ്താൽ മതിയാകും?" എന്നുംമററും പറഞ്ഞുകൊണ്ടാണ് നമ്പൂരിമാർ ലഹളയുണ്ടാക്കിയത്. അപ്പോൾ മംഗലത്തുനമ്പൂരി (അദ്ദേഹത്തിന്റെ ഇല്ലപ്പേരു "മംഗലം" എന്നു മാത്രമായിരുന്നതിനാൽ അക്കാലത്ത് അദ്ദേഹത്തെ ഇങ്ങനെയാണ് പറഞ്ഞിരുന്നത്) "മംഗലം യാഗശാലയിൽക്കയറിയാൽ പ്രായശ്ചിത്തം ചെയ്താൽ മതി. വപ മന്ത്രം പിഴച്ചുചൊല്ലി ഹോമിച്ചാൽ അതിനു പ്രായശ്ചിത്തം വിധിച്ചിട്ടില്ല. യാഗം നിഷ്ഫലമാകും. അതുകൊണ്ടാണ് ഇങ്ങനെ ചെയ്തത്" എന്നു പറഞ്ഞു. പിന്നെ മന്ത്രം പിഴച്ചാണ് ചൊല്ലിയതെന്നും അല്ലെന്നുമുള്ള വാദമായി. ഒടുക്കം പിഴച്ചാണെന്ന് അദ്ദേഹം പറഞ്ഞത് എല്ലാവരെയും സമ്മതിപ്പിച്ചു. അതിനാൽ അവിടെക്കൂടിയിരുന്ന നമ്പൂരിമാരെല്ലാവരുംകൂടി—"എന്നാൽ ഇനി ശേഷമൊക്കെയും മംഗലം തന്നെ പറഞ്ഞുകൊടുത്തു നടത്തിക്കണം" എന്നപേക്ഷിക്കുകയും അദ്ദേഹം അപ്രകാരം നടത്തിക്കുകയും ചെയ്തു. അക്കാലം മുതൽ യാഗമുണ്ടാകുന്ന സ്ഥലങ്ങളിലെല്ലാം മംഗലത്തുനമ്പൂരിയെ ക്ഷണിച്ചു വരുത്തി യാഗശാലയ്ക്കകത്തു തന്നെ ഒരു മാന്യസ്ഥലത്തു പലക കൊടുത്തിരുത്തിക്കൊണ്ടു യാഗം നടത്തിത്തുടങ്ങുകയും അതു പതിവായിത്തീരുകയും ചെയ്തു. അദ്ദേഹത്തിന്റെ കാലം കഴിഞ്ഞിട്ടും യാഗമുള്ളിടത്തെല്ലാം മാന്യസ്ഥാനത്തു "മംഗലത്തിന്" എന്നു പറഞ്ഞ് ഒരു പലക വെച്ചിട്ടു വേണം യാഗം ആരംഭിക്കാനെന്നൊരു ഏൎപ്പാട് നിശ്ചയിച്ചു. അങ്ങനെ ഇപ്പോഴും നടന്നുവരുന്നുമുണ്ട്. (തുടരും).

ഉടന്തടി ചാടൽ

(നമ്പ്യാരുവീട്ടിൽ നാരായണ മേനോൻ)

'ഉടന്തടി' ചാടുക എന്ന സമ്പ്രദായം പണ്ടു ഉത്തരേന്ത്യയിൽ പലേടത്തും നടപ്പുണ്ടായിരുന്നു. ക്രൂരമായ ഈ ദുരാചാരത്തെ അന്നു നടപ്പിൽ വരുത്തിയവരുടെ സ്വാൎത്ഥലമ്പടതയേയും ഹൃദയകാഠിന്യത്തേയുംകുറിച്ചു, സ്ത്രീപുരുഷസമത്വവാ

ദം മൂർദ്ധന്യാവസ്ഥയിലെത്തിയിരിക്കുന്ന ഈ പരിഷ്കാരകാലത്തു നമുക്കു നിരൂപിച്ചു നോക്കുവാൻകൂടി വയ്യാതായിത്തീർന്നിട്ടുണ്ടു്. ഒരു സ്ത്രീ തന്റെ ഭർത്താവു മരിച്ചാൽ അദ്ദേഹത്തിന്റെ മൃതശരീരത്തോടുകൂടി താനും അഗ്നിയിൽ ചാടിദഹിച്ചുകൊള്ളണമെന്നായിരുന്നു അന്നത്തെ നിശ്ചയം. ഇങ്ങിനെ മരിച്ചാൽ മാത്രമേ ആ സ്ത്രീക്കു സ്വർഗ്ഗം കിട്ടുകയുള്ളുവത്രേ! ഈ സമ്പ്രദായം ഇന്ത്യയിൽ സാർവ്വത്രികമായി നടപ്പുണ്ടായിരുന്നില്ല. എങ്കിലും പൈശാചികമായ ഈ ദുരാചാരം നിരപരാധിനികളായ എത്രയെത്ര അബലാമണികളുടെ ജീവിതത്തെയാണു് നിർദ്ദയം ബലികഴിച്ചിരുന്നതെന്നോർക്കുമ്പോൾ ആർക്കും രോമാഞ്ചമുണ്ടാകുന്നതാണു്.

അക്കാലത്തു ഇപ്രകാരമുള്ള മരണത്തെ ചില സ്ത്രീകൾ സന്തോഷപൂർവ്വം വരിച്ചിരുന്നുവെന്നാണു് കേൾക്കുന്നതു്. എന്തുകൊണ്ടെന്നാൽ ഭർത്താവു മരിച്ചതിനുശേഷം ഒരു സ്ത്രീക്കുള്ള ഇഹലോകജീവിതം നരകവാസത്തിനു തുല്യമായിരുന്നു. വിധവയായാൽ ഉടൻതന്നെ അവൾ ശിരസ്സു മുണ്ഡനമാക്കണം. സുഖവസ്തുക്കൾ ഉപയോഗിക്കുകയോ, ആഡംബരങ്ങളിൽപ്രിയപ്പെടുകയോ ആഘോഷങ്ങളിൽ പങ്കുകൊള്ളുകയോ അരുതു. ഈശ്വരഭജനത്തിലൊഴികെ മറ്റൊന്നിലും അവൾ ഏർപ്പെടുന്നതു യുക്തമല്ല. വിധവയുടെ ദർശനം അശുഭസൂചകമാകയാൽ സർവ്വരും എന്തോ ഒരു വല്ലാത്ത വെറുപ്പോടുകൂടിയായിരുന്നു അവളുടെ മുഖത്തേക്കു നോക്കുക പതിവു്. ഇപ്രകാരം വീട്ടിലും പുറത്തും ഒരുപോലെ ദുസ്സഹമായ ഒരു ജീവിതം നയിക്കേണ്ടി വരുന്നതിനേക്കാൾ ഭർത്താവോടുകൂടിയുള്ള മരണത്തെ ചില സ്ത്രീകൾ അധികം ഇഷ്ടപ്പെട്ടതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. ഭർത്താവിനെ പിരിഞ്ഞു ഇഹലോകത്തിൽ ജീവിച്ചിരിക്കയില്ലെന്നു ദൃഢവ്രതമുണ്ടായിരുന്ന ചില സ്ത്രീകളും ഇപ്രകാരമുള്ള മരണത്തെ വരിച്ചിരുന്നു. പ്രാണനാഥനോടൊരുമിച്ചു മരിച്ചാലേ ആത്മാവിനു മുക്തി കിട്ടുകയുള്ളുവെന്നായിരുന്നു ചില സ്ത്രീകളുടെ വിശ്വാസം. മററു ചിലക്കു ഭൂമിയിൽ കുറെക്കാലംകൂടി ജീവിച്ചിരിക്കണമെന്നു യഥാർത്ഥമായി ആഗ്രഹമുണ്ടായിരുന്നുവെങ്കിലും ഏതാദൃശമായ ദുരാചാരങ്ങളെ പോററുന്നതിൽ സദാ മക്കടമുഷ്ടി കാണിച്ചിരുന്ന അന്നത്തെ പുരോഹിതന്മാർ അതിനു സമ്മതിച്ചിരുന്നില്ല. എങ്ങിനെയായാലും അനവധി സ്ത്രീകൾ സാധാരണമനുഷ്യർക്കു മർമ്മഭേദകമായ വിധത്തിൽ അഗ്നികുണ്ഡത്തിൽ ചാടി ശരീരം ദഹിപ്പിക്കുക പതിവായിരുന്നുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

ഈ നടപടി ആദ്യകാലത്തു ഭാരതത്തിൽ അത്ര നിർബ്ബന്ധമുള്ള ഒരു ആചാരമായിരുന്നില്ലെന്നു പുരാണങ്ങളെ പരിശോധിക്കുന്നപക്ഷം തെളിയുന്നതാണു്. പാണ്ഡുമഹാരാജാവു് മൃതിയടഞ്ഞപ്പോൾ മാദ്രി അഗ്നികുണ്ഡത്തിൽചാടി ജീവത്യാഗം ചെയ്തുവെങ്കിലും കുന്തിദേവി അപ്രകാരം ചെയ്തില്ല. ആവിധം ചെയ്യാഞ്ഞിട്ടു കുന്തിദേവിയിൽ ആരും അക്കാലത്തു കുററം ആരോപിച്ചതായി നാം അറിയുന്നുമില്ല. ഇതുപോലെതന്നെ ചിത്രാംഗദൻ വിചിത്രവീര്യൻ എന്നീ രണ്ടു രാജകുമാരന്മാർ മരിച്ചുവെങ്കിലും അവരുടെ ഭാര്യമാരായ അംബികയും അംബാലികയും അഗ്നിപ്രവേശം ചെയ്തില്ലെന്നുതന്നെയല്ല വംശരക്ഷാർത്ഥം ശ്രീവേദവ്യാസമഹർഷിയെ പ്രാപിച്ചു പുത്രോല്പാദനം ചെയ്യുന്നതിനുകൂടി മടിച്ചില്ല. ദശരഥൻ മരിച്ചപ്പോൾ പതിവ്രതകളായ കൌസല്യ മുതലായ രാജ്ഞിമാരും അഗ്നിപ്രവേശം ചെയ്തതായി രാമായണത്തിൽ കാണുന്നില്ല. ഇങ്ങിനെയെല്ലാമാലോചിച്ചു നോക്കുമ്പോൾ പൌരാണികകാലത്തു ഉടന്തടിചാടൽ എന്ന സമ്പ്രദായം നടപ്പുണ്ടായിരുന്നില്ലെന്നും പിന്നീടു ഇടക്കാലത്തു സ്വാർത്ഥലമ്പടന്മാരും കരുണാലവഹീനന്മാരും ആയ ഏതോ ചിലപുരോഹിതന്മാർ നടപ്പിൽ വരുത്തിയ ഒരു ദുരാചാരമകുടമായിരുന്നു ഉടന്തടിചാടൽ എന്നും ഊഹിക്കേണ്ടിയിരിക്കുന്നു.

പൈശാചികമായ ഈ ആചാരത്തെ നിർത്തൽ ചെയ്യുവാനായി ബ്രിട്ടിഷുഗവമ്മേണ്ടിൽനിന്നും ൧൮൨൯-ൽ ഒരു നിയമം പാസ്സാക്കുകയുണ്ടായി. എന്നാൽ ആ നിയമംകൊണ്ടു ഈ ആചാരം തീരെ നിന്നില്ല. അതുകൊണ്ടു ഗവമ്മേണ്ടിനു പിന്നീടും പലവിധ ശ്രമങ്ങൾ ചെയ്യേണ്ടിവന്നു. അടുത്തകാലത്തുകൂടി ഉത്തരേന്ത്യയിൽ ചില സമുദായക്കാരുടെയിടയിൽ ഈ ദുരാചാരം വെളിപ്പെടുകയുണ്ടായി. ഇതിൽ

നിന്ന ജനങ്ങളുടെ മനസ്സ ഈ നടപടിയിൽനിന്നും തീരെ പിന്തിരിഞ്ഞിട്ടില്ലെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. വിധവകളായിത്തീൎന്ന ചില സ്ത്രീകൾ സ്വന്തമനസ്സാലെതന്നെ...ഏററവും അഭിമാനത്തോടും കൃതാൎത്ഥതയോടുംകൂടി ...ഭൎത്തൃശരീരത്തോടൊപ്പം അഗ്നികുണ്ഡത്തിൽ പ്രവേശിച്ചു ജീവത്യാഗം ചെയ്തു എന്ന സംഗതി ഈ അടുത്തകാലത്തു നടന്നതാണെന്നു പറഞ്ഞാൽ ഇപ്പോൾ വിശ്വസിക്കുവാൻ അധികംപേരുണ്ടാവുമെന്നു തോന്നുന്നില്ല.

ആറേഴുകൊല്ലം മുമ്പു രണ്ടുമൂന്നു ദിക്കിൽവെച്ചു നടന്ന ഉടന്തടിചാടലിനെക്കുറിച്ചു വിവരിക്കാം. പത്ത്നയിൽ ഒരു ബ്രാഹ്മണയുവതിയുടെ ഭൎത്താവു മരിച്ചപ്പോൾ അവൾക്കു ൨൨ വയസ്സുമാത്രം പ്രായമായിരുന്നു. ഹിന്ദുക്കൾ മരിച്ചാൽ സാധാരണയായി ഗംഗാനദിയുടെ തീരത്തുള്ള ശ്മശാനസ്ഥലങ്ങളിലേക്കു ശവം ചുമന്നുകൊണ്ടുപോയി ദഹിപ്പിക്കുകയായിരുന്നു പതിവ്. അതനുസരിച്ചു മരിച്ചയാളുടെ ശവം ആ സ്ഥലത്തേക്കു കൊണ്ടുപോയി. വീട്ടിൽനിന്നും പതിനഞ്ചുനാഴിക ദൂരമുള്ള ആ ശ്മശാനസ്ഥലത്തേക്കു വിധവയായ പ്രസ്തുത യുവതിയും കാൽനടയായിത്തന്നെ ഭൎത്തൃശരീരത്തെ അനുഗമിച്ചു. ശ്മശാനഘട്ടത്തിലെത്തിയപ്പോൾ ആ ബ്രാഹ്മണതരുണി 'താൻ ഭൎത്താവിൻെറകൂടെ ദഹിച്ചു യഥാൎത്ഥസതിധൎമ്മം അനുഷ്ഠിക്കുവാൻ പോകുന്നു' എന്നു പരസ്യമായി വിളിച്ചുപറഞ്ഞു. ഭയങ്കരമായ ഈ കാഴ്ച കാണ്മാനായി അനവധി ജനങ്ങൾ നാലുപുറവും വന്നുകൂടി. ഈ വൎത്തമാനത്തെക്കുറിച്ചു അറിവു കിട്ടുകയാൽ ഒരു പോലീസ്സ ഇൻസ്പെക്ടരും ചില അനുചരന്മാരോടുകൂടി സ്ഥലത്തെത്തി. പ്രസ്തുത വിധവയെയും അവളുടെ ബന്ധുക്കളെയും ഈ ഘോരകൃത്യത്തിൽനിന്നും പിൻവലിപ്പിക്കുവാനായി അയാൾ വളരെ ശ്രമിച്ചുനോക്കിയെങ്കിലും സാധിച്ചില്ല. അതുകൊണ്ടു പോലീസ്സുകാർ അഗ്നികുണ്ഡത്തിന്നു നാലുപുറവും വളഞ്ഞു. ഒരുസമയം അഗ്നിപ്രവേശം സാഹസമാണെന്നു തോന്നി അതിൽനിന്നും രക്ഷപ്പെടുവാൻ അവൾക്കു ഒടുവിൽ തോന്നുവാൻ മതി. അങ്ങിനെ വന്നാൽ ബന്ധുക്കൾ അതിന്നനുവദിക്കാതെ അവളെ ബലാല്ക്കാരമായി അഗ്നികുണ്ഡത്തിലേക്കു തന്നെ തള്ളിയിടുന്നതാണ്. ഇപ്രകാരമുള്ള ബന്ധുക്കളുടെ ശ്രമത്തെ തടയുവാനായിരുന്നു പോലീസ്സുകാർ അഗ്നികുണ്ഡത്തിന്നു ചുററും വളഞ്ഞത്.

വിധവ പട്ടടയുടെ മുകളിൽ കയറി തൻെറ ഭൎത്താവിൻെറ മൃതശിരസ്സു മടിയിലെടുത്തുവച്ചുകൊണ്ടു ഇരിപ്പായി. 'സതീധൎമ്മം ജയിക്കട്ടെ' എന്നു ആളുകൾ ആൎപ്പുവിളിതുടങ്ങി. അവളുടെ വസ്ത്രങ്ങളിൽ തീ പടൎന്നുപിടിച്ചു. കാണികൾ കണ്ണിമക്കാതെ സ്തബ്ധരായി നിന്നുപോയി. എന്നാൽ നാലഞ്ചുനിമിഷം കഴിഞ്ഞപ്പോൾ ശരീരമാസകലം പൊള്ളിത്തുടങ്ങുകയാൽ ആ യുവതി പ്രാണവേദന സഹിക്കവയ്യാതെ ഭൎത്തൃശരീരം വലിച്ചിഴച്ചുംകൊണ്ടു താഴത്തുള്ള ഗംഗാനദിയിലേക്കു ചാടി. ഉടന്തടി ചാടിയ വിധവ പ്രാണരക്ഷക്കു ശ്രമിച്ചാൽ അവളെ തിരികെ പിടിച്ചുവലിച്ചു അഗ്നികുണ്ഡത്തിലേക്കു തന്നെ തള്ളിയിടുകയായിരുന്നു പണ്ടത്തെ നിയമം. ആ വിധവ പകുതി ദഹിച്ച ഭൎത്തൃശരീരത്തോടുകൂടി വെള്ളത്തിൽ ഒഴുകുവാൻ തുടങ്ങി. ജനങ്ങൾ ഇതിനെക്കുറിച്ചു ഓരോന്നു പിറുപിറുത്തുംകൊണ്ടിരിക്കെ രണ്ടു പോലീസ്സുകാർ ഉപായത്തിൽ വെള്ളത്തിൽക്കൂടെ നീന്തിച്ചെന്നു ആ സാധുസ്ത്രീയെ പിടിച്ചു കരക്കു കയററി.

പോലീസ്സുകാർ എത്രതന്നെ ശ്രമിച്ചിട്ടും ആ വിധവ ശ്മശാനഘട്ടത്തിൽനിന്നും പോകുവാൻ സമ്മതിച്ചില്ല. എന്നുതന്നെയല്ല, അവളുടെ സംബന്ധികൾ പോലീസ്സുകാരുടെ ശ്രമത്തെ തടയുകയും ചെയ്തു. കാണികൾക്കു അവൾ മരിക്കുന്നതു കാണുവാൻ അത്രത്തോളം ഉൽക്കണ്ഠയുണ്ടായിരുന്നു. അവൾ ആ അഗ്നികുണ്ഡത്തിന്നു സമീപം രണ്ടുദിവസം രാവും പകലും മുഴുവൻ നിശ്ചേഷ്ടയായി കിടന്നു. പോലീസ്സുകാർ ചുററും കാവൽനില്ക്കുകയും ചെയ്തു.

ഉടന്തടിചാടൽ പൂൎത്തിയാക്കേണമെന്നു ക്രൂരചിത്തരായ പുരോഹിതന്മാർ പിന്നെയും മുക്കടുമുഷ്ടിപിടിച്ചു. ശവം ഗംഗയിൽ ഒലിച്ചുപോയതുകൊണ്ടു അതിന്നു പകരം പട്ടടയിൽ നീറിക്കിടക്കുന്ന തീക്കൊള്ളികൾ രണ്ടാമതും കത്തിച്ചു അതിലൊന്നിനെ ഭൎത്തൃശരീരമായി സങ്കല്പിച്ചു കെട്ടിപ്പുണൎന്നുകൊണ്ടു അഗ്നിയിൽ ദഹിച്ചുപോയാൽ മതിയെന്നായിരുന്നു വൈദികന്മാരുടെ അഭിപ്രായം. അപ്രകാരം മൂന്നാംദി

വസം രാവിലെ തീ രണ്ടാമതും ജ്വലിപ്പിച്ചു. എന്നാൽ പോലീസ്സുകാർ അൎദ്ധപ്രാണയായ അവളെ അതിൽ വീണ്ടും ചാടുവാൻ സമ്മതിച്ചില്ല. ഈ ഭയങ്കരകൃത്യം കാണ്മാൻ ദൂരദിക്കുകളിൽനിന്നും ലക്ഷോപലക്ഷം ജനങ്ങൾ പലവാഹനങ്ങളിലുമായി വന്നുകൂടി. ശ്മശാനഘട്ടം ചന്തസ്ഥലംപോലായിത്തീൎന്നു.

വിധവ അഗ്നികുണ്ഡത്തിന്നു സമീപം നെടുനീളത്തിൽ കിടക്കുന്നുണ്ടു്. അവളുടെ കാല്ക്കലും തലയ്ക്കലും രണ്ടു പുരോഹിതന്മാർ ഇരുന്നു വേദമന്ത്രങ്ങൾ ഉച്ചരിക്കുന്നുണ്ടു്. തൽക്ഷണംതന്നെ ഒരു ഉയൎന്ന പോലീസ്സുദ്യോഗസ്ഥൻ കുറെ ആയുധപാണികളായ ഭടന്മാരോടുകൂടി സ്ഥലത്തെത്തി. ആ സാധുസ്ത്രീയെ ഉടന്തടിചാടുവാൻ നിൎബ്ബന്ധിക്കുന്നവരിൽ ചിലരെ തടവുകാരാക്കിപ്പിടിച്ചു. അന്ത്യശ്വാസം വലിച്ചു കിടക്കുന്ന ആ വിധവയെ വണ്ടിയിലെടുത്തുവെച്ചു ആസ്പത്രിയിലേക്കു കൊണ്ടുപോയി. എന്നാൽ അതിന്നുശേഷം അവൾക്കു അധികംനേരം ജീവിച്ചിരിപ്പാൻ സാധിച്ചില്ല.

ഒടുവിലുണ്ടായ ഉടന്തടിചാടൽ ൧൯൨൩-ലാണു സംഭവിച്ചതു്. ഡൽഹിയിലെ ഒരു പ്രഭു മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഭാൎയ്യക്കു ൧൬ വയസ്സു മാത്രമെ പ്രായമുണ്ടായിരുന്നുള്ളു. അവൾ തൽക്ഷണം തന്നെ സ്വമനസ്സാലെ ഉടന്തടിചാടുവാൻ തീൎച്ചപ്പെടുത്തി. അവൾ ഗംഗയിൽ ചെന്നു സ്നാനംചെയ്തു സൎവ്വവസ്ത്രാഭരണാലംകൃതയായി സുഗന്ധവസ്തുക്കളുമണിഞ്ഞു വൈവ്വാഹികവേഷാഡംബരത്തോടുകൂടി തയ്യാറായി വന്നു. ഇഹത്തിലെന്നപോലെ പരത്തിലും മരിച്ച ഭൎത്താവിന്റെ നവോഢയായ ഭാൎയ്യയെപ്പോലെ താൻ വാഴുമെന്നാണത്രെ ഇതിന്റെ സാരം. സൎവ്വാലങ്കാരഭൂഷിതയായതിന്നുശേഷം പുരോഹിതന്മാർ വന്നു അവളുടെ മുഖത്തും ശരീരത്തിലും ചുവന്ന മനയോലതേച്ചു. അവളുടെ ശരീരം ക്ഷണത്തിൽ ദഹിച്ചുപോകുവാനായിരുന്നു അവർ ഇപ്രകാരം ചെയ്തതു.

ശ്മശാനസ്ഥലത്തേക്കു അനുയാത്ര ചെയ്തപ്പോൾ ആ സതിയുടെ മുഖഭാവത്തിന്നു യാതൊരു ഭേദവും ഉണ്ടായിരുന്നില്ല. അവൾ നിശ്ചലയായി നിന്നുകൊണ്ടു പട്ടടയെ നല്ലവണ്ണം ഒന്നു ഉററുനോക്കി. തീ ഒന്നുകൂടി പടൎന്നുപിടിക്കുവാനായി കുറെ നെയ്യു വരുത്തി പട്ടടയിൽ പകൎന്നു. അല്പനേരം കഴിഞ്ഞപ്പോൾ പുരോഹിതന്മാർ മുമ്പോട്ടുവന്നു മരിച്ച ആളുടെ ആത്മാവിന്നു ഗതിവരുവാനായി ഓരോ വേദമന്ത്രങ്ങളെ ചൊല്ലിക്കൊണ്ടു അവളുടെ ഒരു കയ്യിൽ ദൎഭപ്പുല്ലും മറെറക്കയ്യിൽ ഒരു കിണ്ടി വെള്ളവും കൊടുത്തു. അതിന്നുശേഷം അവൾ ശവത്തിന്റെ നാലുപാടും മൂന്നു പ്രദക്ഷിണം വെച്ചു. പുരോഹിതന്മാർ ആ സതിയെ ഭൎത്തൃശരീരത്തോടു ചേൎത്തുകിടത്തി. പിന്നീടു അവർ നാലുപാടും തീ കൊളുത്തുകയും ക്ഷണനേരംകൊണ്ടു അവളുടെ ശരീരം ഭസ്മമാകയുംചെയ്തു.

II

ബ്രാഹ്മണർ ബാല്യവിവാഹത്തെ ആദരിക്കുന്നവരാണല്ലോ. അതുകാരണം ചിലപ്പോൾ പത്തും പതിനൊന്നും വയസ്സു മാത്രം പ്രായമുള്ള പെൺകുട്ടികൾ വിധവകളായിത്തീരുവാൻ ഇടവരുന്നു. ഭൎത്തൃസുഖം എന്നുള്ളതു എന്താണെന്നുകൂടി അറിവാൻ സംഗതിവന്നിട്ടില്ലാത്ത നിഷ്കളങ്കഹൃദയകളായ എത്രയോ ബാലികന്മാർ ഈ ഉടന്തടിചാടുക എന്ന ക്രൂരാചാരത്തിനാൽ ബദ്ധകളായി അക്കാലത്തു അഗ്നിയിൽ ദഹിച്ചുപോകപതിവായിരുന്നു എന്നതു നമുക്കു വിചാരിക്കാൻപോലും കഴിയാത്ത ഒരു സംഗതിയാണ്. ഒരു സ്ത്രീ പുരുഷന്നുവേണ്ടി മാത്രമെ ജീവിച്ചിരിക്കാവു എന്നും പുരുഷനോടൊന്നിച്ചു മാത്രമേ മുക്തിനേടുകയുള്ളുവെന്നുമായിരിക്കണം അക്കാലത്തുള്ളവരുടെ വിശ്വാസം. ഇഹലോകത്തിലുള്ളപോലെ പരലോകത്തിലും ഒരു ജീവിതമുണ്ടെന്നും അതു നയിക്കുന്നതിന്നു ഭാൎയ്യയുടെ തുണ അത്യാവശ്യമാണെന്നും പണ്ടുള്ളവർ കരുതിയിരുന്നുവത്രെ.

ഒരു സ്ത്രീ വിധവയായാൽ പിന്നെ അവളുടെ സ്വന്തം ബന്ധുക്കൾകൂടി അവളെ കൂട്ടത്തിൽ ഗണിച്ചിരുന്നില്ല. ശരിയായ ഒരു പതിവ്രതാപദത്തിന്നു അൎഹയാകണമെങ്കിൽ ദുഷ്കരങ്ങളായ അനവധി നിയമങ്ങളെ ദിനംപ്രതി അനുസരിക്കേണ്ടതുണ്ടു്. ഒരു സ്ത്രീയുടെ ഭൎത്താവു മരിക്കുന്നതിന്നുള്ള കാരണം അവൾ സ്വകൎത്തവ്യങ്ങളെ വി

ധിപ്രകാരം അനുഷ്ഠിക്കായ്കകൊണ്ടു ദേവന്മാരുടെ കോപമാണെന്നു അക്കാലത്തെ ബ്രാഹ്മണർ വാദിച്ചിരുന്നു. ഇപ്രകാരം അവൾ ഭർത്താവിൻെറനേരെ തെററുകാരിയായതുപോലെ 'ബന്ധുക്കളോടും അപരാധിനിയായി ഭവിക്കുന്നു. തൻെറപേരിൽ 'തൊട്ടതിനും പിടിച്ചതിനുമൊക്കെ' സദാ കുററം ചുമത്തുന്ന ബന്ധുക്കളുടെ ഇടയിൽ പിന്നീടു ജീവിതം നയിക്കുവാൻ സാധുവായ വിധവ ആഗ്രഹിച്ചിരുന്നില്ല.

ഹിന്തുമതാചാരങ്ങളിൽ ഉടന്തടിചാടുക എന്ന കർമ്മവുംകൂടി ഉൾപ്പെടുവാൻ ഇടയായതു സ്വാർത്ഥലമ്പടന്മാരായ പുരോഹിതന്മാരുടെ കൌടില്യംകൊണ്ടായിരിക്കണം. പുരാണങ്ങളിലും മററും ഉടന്തടിചാടിയവരായി നാം വളരെ അധികം സ്ത്രീകളെ കാണുന്നില്ലെന്നു പറഞ്ഞുവല്ലൊ. ഭർത്താവു മരിക്കുകയും തന്നെ സംരക്ഷിപ്പാൻ ഇഹലോകത്തിൽ ഒരൊററ ജീവിയെങ്കിലും ഇല്ലാതായിത്തീരുകയും ചെയ്യുമ്പോൾ മാത്രം അപൂർവ്വമായി ചില പതിവ്രതകൾ അഗ്നിപ്രവേശംചെയ്തു ശരീരത്യാഗംചെയ്തതായി കാണാം. ഭർത്താവൊരുമിച്ചു മരിക്കണമെന്നു നിർബ്ബന്ധമില്ലെങ്കിലും അപ്രകാരം ചെയ്യുന്നപക്ഷം ഉണ്ടാകുന്ന ഫലത്തെപ്പററി പുരാണങ്ങളിൽ ഇപ്രകാരം കാണുന്നു.

"ഭർത്താവിൻെറ ചിതയിൽ ശരീരത്യാഗം ചെയ്യുന്ന ഭാര്യ വസിഷ്ഠപത്നിയായ അരുന്ധതിയോടു തുല്യയായി ഒരു മനുഷ്യൻെറ ശരീരത്തിൽ ആകെ എത്ര രോമകൂപങ്ങളുണ്ടോ അതിൻെറ മൂന്നരക്കോടി ഇരട്ടിവർഷക്കാലം സ്വർഗ്ഗത്തിൽ സുഖിക്കും. വിഷവൈദ്യൻ സർപ്പത്തിനെ അളയിൽനിന്നും നിഷ്പ്രയാസം വലിച്ചെടുക്കുന്നതുപോലെ അവൾ ഭർത്താവിനെ നരകത്തിൽനിന്നും കരകയററുന്നതാണ്. ഭർത്താവൊന്നിച്ചു മരിക്കുന്ന സതി അവളുടെ പിതൃവംശത്തിലും മാതൃവംശത്തിലും ഭർത്തൃവംശത്തിലും പണ്ടു മരിച്ചുപോയിട്ടുള്ളവരുടെ ആത്മാക്കൾക്കുകൂടി ഗതിവരുത്തും. ഭർത്താവിന്നു ഭൂഷണമായി വിളങ്ങുന്ന അപ്രകാരമുള്ള പതിവ്രത അദ്ദേഹത്തോടുകൂടി സ്വർഗ്ഗത്തിൽ പ്രാപിക്കുകയും സർവ്വദേവസ്ത്രീകളാലും വന്ദ്യയായി സകലവിധ ഭോഗസുഖങ്ങളുമനുഭവിച്ചു, പതിന്നാലു ഇന്ദ്രന്മാരുടെ ഭരണകാലത്തോളം സുഖിക്കുകയും ചെയ്യുന്നതാണ്."

ഭർത്താവു ദൂരദിക്കിൽവെച്ചു മരിച്ചാൽ ഉടന്തടിചാടേണ്ട ക്രമത്തെപ്പററിയും പുരാണങ്ങളിൽ കാണുന്നുണ്ട്. "ഭർത്താവു അന്യദിക്കിൽവെച്ചു മരിക്കുന്നപക്ഷം ഭാര്യ അദ്ദേഹത്തിൻെറ മെതിയടിയോ, അദ്ദേഹം പതിവായി ധരിക്കാറുള്ള വസ്ത്രാഭരണങ്ങളിൽ ഏതെങ്കിലുമൊന്നൊ തൻെറ മാറോടു ചേർത്തുകെട്ടി, ശരീരം ശുദ്ധിവരുത്തിയതിന്നുശേഷം അഗ്നിപ്രവേശം ചെയ്യേണ്ടതാണ്. ഇങ്ങിനെ വിധിയുണ്ടെങ്കിലും പ്രാണനാഥൻെറ ശരീരത്തോടുകൂടിത്തന്നെ ജീവപരിത്യാഗം ചെയ്യുന്നവളെ മാത്രമെ ഏററവും പരിശുദ്ധയായ പതിവ്രതയെന്നു ഗണിക്കാൻ പാടുള്ളു. എന്നാൽ ചില സന്ദർഭങ്ങളിൽ ഭർത്താവു മരിച്ചാൽ ഉടന്തടിചാടിയില്ലെങ്കിലും ഭാര്യക്കു ദോഷമില്ല. ഒരു സ്ത്രീ ഗർഭിണിയായിരിക്കുമ്പോഴോ പ്രസവിച്ചിട്ടു മുപ്പതു ദിവസം കഴിയുന്നതിന്നു മുമ്പിലോ ഭർത്താവു മരിക്കുന്നപക്ഷം അവൾ ഈ നിയമശൃംഖലയിൽനിന്നും ഒഴിവാക്കപ്പെടുന്നതാണ്. എന്നാൽ ഒരു മാസം കഴിഞ്ഞതിനുശേഷം അഗ്നിപ്രവേശം ചെയ്യുന്നതിന്നു വിരോധമില്ല.

സ്വന്തമനസ്സാലെ തീയിൽ ചാടുവാൻ മിക്ക വിധവകൾക്കും സമ്മതമുണ്ടായിരിക്കയില്ലെന്നു എടുത്തു പറയേണ്ടതില്ലല്ലൊ. സംഗതികളുടെ യാഥാർത്ഥ്യത്തെ അന്വേഷിക്കുന്നപക്ഷം ക്രൂരന്മാരായ പുരോഹിതന്മാരുടെ ശാസനകൊണ്ടായിരുന്നു മിക്കവിധവകളും പ്രാണത്യാഗം ചെയ്തിരുന്നതെന്നു വെളിപ്പെടുന്നതാണ്. ബങ്കാളത്തിൽ പണ്ടു നടന്നിരുന്ന ഉടന്തടിചാട്ടത്തിൻെറ സമ്പ്രദായം നമുക്കു ഊഹിപ്പാൻപോലും സാധിക്കാത്തമട്ടിൽ അത്ര ഭയങ്കരവും പൈശാചികവുമായിരുന്നു. ഭർത്താവു മരിച്ചാൽ വിധവയെ മൃതശരീരത്തോടു കൂട്ടിച്ചേർത്തു കയറുകൊണ്ടു നല്ലവണ്ണം വരിഞ്ഞുകെട്ടും. അതിന്നുശേഷം ചിതയിൽകൊണ്ടുവെച്ചു ഈ ശരീരദ്വയത്തിൻെറ മീതെ ഒരു കോൽ പൊക്കത്തിൽ പട്ടടകൂട്ടും. പിന്നെയാണു നാലുഭാഗത്തും തീ കൊളുത്തുക. അഗ്നിജ്വാല പടൎന്നുപിടിക്കുമ്പോൾ കയറുമുഴുവൻ കരിഞ്ഞു ബന്ധമററുപോകാൻ ഇടയുള്ളതിനാൽ ഒരു സമയം ആ വിധവ പ്രാണവേദനകൊണ്ടു പിട

ഞ്ഞെണീററു രക്ഷപ്പെട്ടുവാൻ മതി. എന്നാൽ ഇപ്രകാരം സംഭവിക്കാതിരിപ്പാനായി പട്ടടയുടെ മീതെ പച്ചമുളകൾ വിലങ്ങനെവെച്ചു പുരോഹിതന്മാർ രണ്ടുഭാഗത്തും നിന്നുകൊണ്ടു ശക്തിയായി കീഴ്പോട്ടു അമത്തിപ്പിടിക്കുകകൂടി പതിവായിരുന്നുവെന്നു കേൾക്കുമ്പോൾ വ്യാഘ്രാദിഹിംസ്രജന്തുക്കൾക്കുള്ളതിനെക്കാൾ തുലോം കാഠിന്യമേറിയതായിരുന്നു ഈ തരക്കാരുടെ ഹൃദയമെന്നു അനുമാനിക്കുന്നതിൽ അബദ്ധമൊന്നുമില്ലല്ലൊ.

ചിലപ്പോൾ ഒരു പുരുഷന്നു അനവധി ഭാൎയ്യമാരുണ്ടായിരിക്കയും അവരെല്ലാമൊരുമിച്ചു ഭൎത്താവിന്റെ മൃതശരീരത്തോടുകൂടി ചിതയിൽപെട്ടു ഒരേസമയം തന്നെ വെന്തുപോകയും പതിവായിരുന്നു. കാൺപൂരിന്നടുത്തുള്ള ഒരു ജമിന്ദാർ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ പതിനെട്ടു ഭാൎയ്യമാരും ശവശരീരത്തോടുകൂടി ചിതയിൽ പ്രവേശിച്ചു ജീവത്യാഗംചെയ്തുവത്രെ! പ്രസിദ്ധ ഷിഖചക്രവൎത്തിയായിരുന്ന രംജീററ്സിങ്ങ് (Ranjit Singh) ന്റെ ശവകുടീരം ലാഹോർനഗരത്തിൽ ഇപ്പോഴും കാണാവുന്നതാണ്. ആ ശവകുടീരത്തിന്റെ മീതെ വെണ്ണക്കല്ലുകൊണ്ടു നിൎമ്മിച്ച പന്ത്രണ്ടു താമരപ്പൂക്കൾ ഉണ്ട്. ഇവയിൽ നടുക്കുള്ള താമരപ്പൂവിന്റെ താഴെ റൺജിററ്സിങ്ങിന്റേയും ബാക്കിയുള്ള പുഷ്പങ്ങളുടെ താഴെ അദ്ദേഹത്തിന്റെ നാലു ഭാൎയ്യമാരുടെയും ഏഴു വേശ്യകളുടെയും അസ്ഥികളാണു നിക്ഷേപിച്ചിട്ടുള്ളത്. ഈ പതിനൊന്നു സ്ത്രീകളും റൺജിററ്സിങ്ങു മരിച്ചപ്പോൾ മൃതശരീരത്തോടുകൂടി ചിതയിൽ ദഹിച്ചുപോയവരാണ്,

ഉടന്തടിചാടലിനെ നിരോധിച്ചുംകൊണ്ടുള്ള ബ്രിട്ടീഷുഗവൎമ്മേണ്ടിന്റെ കല്പനയെ നാട്ടുരാജാക്കന്മാരിൽ ചിലർ ആദ്യം ആദരിച്ചില്ല. അവരുടെ രാജ്യങ്ങളിൽ പിന്നെയും പണ്ടത്തെപ്പോലെ ഈ ക്രൂരാചാരം നടന്നുപോന്നു. ഒടുവിൽ കല്പനയെ അനുസരിച്ചില്ലെങ്കിൽ തങ്ങളുടെ സ്ഥാനത്തിന്നു ഭ്രംശംവരുമെന്നുള്ള ഘട്ടമായപ്പോൾ മാത്രമേ രാജാക്കന്മാർ അവരുടെ നാട്ടുകളിൽ ഈ നടപടി നിൎത്തൽചെയ്തുള്ളൂ. മുപ്പതുകൊല്ലം മുമ്പു നേപ്പാളത്തിലെ പ്രധാനമന്ത്രി മരിച്ചപ്പോൾ അദ്ദേഹത്തിന്റെ നാലു വിധവമാർ മൃതശരീരത്തോടുകൂടി അഗ്നിപ്രവേശംചെയ്തു ദഹിച്ചുപോയി. ഏതായാലും ആധുനികകാലത്തു കേവലം നാമാവശേഷമായിത്തീൎന്നിട്ടുള്ള ഈ ആചാരത്തെക്കുറിച്ചു അധികം വിസ്തരിച്ചിട്ടാവശ്യമില്ലല്ലോ

ആകപ്പാടെ ആലോചിച്ചുനോക്കുമ്പോൾ ഭൎത്താവു മരിച്ചാൽ ഭാൎയ്യയും ഒപ്പം ചിതയിൽ ചാടി ദഹിച്ചു പ്രാണത്യാഗം ചെയ്യണമെന്നും എന്നാൽ ഭാൎയ്യമരിച്ചാലും മരിച്ചില്ലെങ്കിലും ഭൎത്താവിന്നു ഇഷ്ടമുള്ളിടത്തോളം അന്യപത്നിമാരെ സ്വീകരിച്ചു ഭോഗസുഖങ്ങളെ എത്രകാലമെങ്കിലും അനുഭവിക്കുന്നതിന്നു യാതൊരു വിരോധവുമില്ലെന്നും ആചാരമുണ്ടാക്കിവെച്ച പുരോഹിതന്മാരുടെ സ്വാൎത്ഥബുദ്ധിയൊ പൈശാചികമായ ക്രൂരതയോ ഏതാണു അധികം മുഴച്ചുനില്ക്കുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

പൌരസ്ത്യസാഹിത്യവും പാശ്ചാത്യപണ്ഡിതന്മാരും.

(ഇ. രാഘവപ്പണിക്കർ, പട്ടാമ്പി)

(തുടൎച്ച)

ഭാരതീയരുടെ ജ്യോതിശ്ശാസ്ത്രത്തിൽ ഇതരരാജ്യക്കാരുമായുള്ള സമാഗമത്തിന്റെ സൽഫലങ്ങൾ പലതും തെളിഞ്ഞു വിളങ്ങുന്നതായിക്കാണാം. ക്രിസ്തുവിനു പിമ്പ് ൬-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന വരാഹമിഹിരാചാൎയ്യന്റെ പഞ്ചസിദ്ധാന്ത ചന്ദ്രികയിൽ അനുക്രമമായി വളൎന്നു വന്നിട്ടുള്ള അഞ്ചു സിദ്ധാന്തങ്ങളെപ്പററി വൎണ്ണിച്ചിട്ടുള്ളതിൽ മൂന്നും നാലും പ്രസ്ഥാനങ്ങളായ 'പൌലിശസിദ്ധാന്ത'വും 'രോമശസിദ്ധാന്ത'വും പേൎഷ്യക്കാരിൽനിന്നും റോമൻകാരിൽനിന്നും സിദ്ധിച്ചതാണെന്ന് പല പണ്ഡിതന്മാരും പറയുന്നുണ്ട്. 'പഞ്ചസിദ്ധാന്തചന്ദ്രിക'യും അതുപോലുള്ള മററു ഗ്രന്ഥങ്ങളും പരിശോധിച്ചു നോക്കുന്നതായാ

ൽ, മേൽപറഞ്ഞ സിദ്ധാന്തങ്ങൾ ആറാം നൂററാണ്ടിന് എത്രയോ കാലം മുമ്പുതന്നെ ഇന്ത്യയിൽ പ്രചരിച്ചു കഴിഞ്ഞിട്ടുണ്ടെന്നും ജോതിശ്ശാസ്ത്രത്തിൻെറ അതിന്നുമേലുള്ള വളർച്ചയ്ക്കു് അവ അവലംബങ്ങളായിട്ടുണ്ടെന്നും അറിയാവുന്നതാണ്. ഗ്രീക്കുകാരുടെ ജോതിശ്ശാസ്ത്രസിദ്ധാന്തങ്ങളെ നമ്മുടെ പ്രാചീന ഗ്രന്ഥകാരന്മാർ പലസന്ദർഭങ്ങളിലും മതാന്തരങ്ങളായി സ്വീകരിച്ചു ഉപന്യസിച്ചിട്ടുണ്ട്. സംസ്കൃതഭാഷയിലുള്ള 'യവനേശ്വര'ൻെറ ജോതിഷഗ്രന്ഥത്തിന് പൌരസ്ത്യശാസ്ത്രകാരന്മാർ അത്യാദരണീയ ഒരു സ്ഥാനമാണ് കല്പിച്ചിട്ടുള്ളതു്. അഞ്ചാം നൂററാണ്ടിൽ ജീവിച്ചിരുന്ന 'ആൎയ്യഭടൻ' തുടങ്ങിയിട്ടുള്ള നമ്മുടെ അഞ്ചു ജോതിശ്ശാസ്ത്രാചാൎയ്യന്മാരും മററുള്ള എല്ലാ ഗ്രന്ഥകാരന്മാരും പ്രയോഗിച്ചുകാണുന്ന 'ഹോർ' 'ദ്രേക്കാണം' മുതലായ സാങ്കേതിക ശബ്ദങ്ങളുടെ ധാതുക്കളോ അവയുടെ വ്യുൽപത്തിക്രമങ്ങളോ സംസ്കൃതഭാഷയിൽനിന്ന് സമുന്നയിക്കുവാൻ സാധിക്കുന്നില്ല. സൎവ്വശാസ്ത്ര പണ്ഡിതന്മാരായ പ്രാചീനഗ്രന്ഥകൎത്താക്കന്മാൎക്ക് ഇത്തരം ശബ്ദങ്ങളെപ്പററി നിഷ്കൃഷ്ടമായ ജ്ഞാനമുണ്ടായിരുന്നില്ലെന്ന് "ഹോരേത്യഹോരാത്രവികല്പമേതെ വാഞ്ഛന്തി പൂൎവ്വാപരവൎണ്ണലോപാൽ" എന്നിങ്ങനെ അവരുടെ വികല്പബഹുളങ്ങളായ അഭ്യൂഹങ്ങളിൽനിന്നുതന്നെ തെളിയുന്നുണ്ട്. ഗ്രീക്കുകാരുടെ ഭാഷയിൽ, ഈ ശബ്ദങ്ങൾ ഇന്നും പ്രചരിക്കുന്നുണ്ടെന്നു മാത്രമല്ല, അവരുടെ വ്യാകരണത്തിൽ ആ ശബ്ദങ്ങളുടെ ധാതുക്കൾ നിൎദ്ദേശിക്കപ്പെട്ടിട്ടുമുണ്ടെന്നാണ് അറിയുന്നതു്. അതുകൊണ്ടു നമുക്കു ജോതിശ്ശാസ്ത്രത്തിലുള്ള സാങ്കേതികങ്ങളായ ശബ്ദങ്ങൾതന്നെയും ഗ്രീക്കുകാരിൽനിന്നു കിട്ടിട്ടുള്ളതാണെന്നാണ് അഭിജ്ഞന്മാരുടെ അഭിപ്രായം 'മ്ലേച്ഛാഹിയവനാസ്തേഷു സമ്യക് ശാസ്ത്രമിദം സ്ഥിതം ഋഷിവത്തേപി പൂജ്യന്തേ' എന്നു തുടങ്ങിയുള്ള അനേകം വരികളിൽ ജോതിശ്ശാസ്ത്ര സംബന്ധമായി ഭാരതീയ ഗ്രന്ഥകാരന്മാൎക്കു ഗ്രീക്കുകാരോടുള്ള മനോഭാവം പ്രകടമായി പ്രതിഫലിച്ചിരിക്കുന്നു.

ഇപ്രകാരം, ജോതിശ്ശാസ്ത്രമൊന്നൊഴിച്ച് മറേറതൊരു വിഷയത്തിലും പ്രാചീനപൌരസ്ത്യന്മാർ പാശ്ചാത്യൎക്കു ഉപജീവ്യന്മാരായിത്തന്നെയാണിരിക്കുന്നതു്. ഉദാഹരണമായി വൈദ്യശാസ്ത്രം പരിശോധിക്കാം. ഗ്രീക്കുരാജ്യത്തിലെ വൈദ്യാചാൎയ്യന്മാരിൽ അതിപ്രധാനികളായിരുന്ന 'പിഥാഗോറസ്സ്' 'ഹിപ്പോക്രേററിസ്' എന്നിവർ ഭാരതീയായുൎവ്വേദത്തിൽ അതിനിപുണന്മാരായിരുന്നു. 'യൂനാനി' എന്ന യവന ദേശത്തിലെ അതിപ്രധാനമായ ചികിത്സാസമ്പ്രദായംതന്നെ ആയുൎവ്വേദഗ്രന്ഥങ്ങളിൽ കാണുന്ന 'വാജീകരണ'മെന്ന പ്രസ്ഥാനത്തെയാണ് ആശ്രയിക്കുന്നതു്. ഭാരതീയരുടെ വാതപിത്താദി വാദമത്രെ ഗ്രീക്കുകാരുടെ വൈദ്യശാസ്ത്രത്തിന് അടിസ്ഥാനമായിരിക്കുന്നതു്. നാം വാതം, പിത്തം, കഫം എന്ന വാക്കുകളെക്കൊണ്ടു വ്യവഹരിക്കുമ്പോൾ അവർ നമുക്കു പരിചയമില്ലാത്ത 'സൌദാ' 'സഫറാ' 'ബൽഗം' എന്ന ശബ്ദങ്ങൾ ഉപയോഗിക്കുന്നുവെന്നു മാത്രമേ വ്യത്യാസമുള്ളൂ. രസപ്രയോഗവും ഔഷധപരിശീലനവും രണ്ടുരാജ്യങ്ങളിലും ഒരേരീതിയിൽതന്നെയാണ്. നമ്മെപ്പോലെ അവൎക്കും കുരുമുളക്, തേൻ, മുന്തിരിങ്ങ, എന്നിവ പ്രാധാന്യമേറിയ ഔഷധങ്ങളത്രെ. ചൈനയിലെ വൈദ്യശാസ്ത്രത്തിന്ന് അവലംബമായ വാതപിത്താദിവാദവും അവരുടെ പ്രധാനമായ ഔഷധങ്ങളും ആയുൎവ്വേദഗ്രന്ഥങ്ങളിലുള്ള പ്രമേയങ്ങളുടെ പ്രതിബിംബങ്ങൾതന്നെയാണ്. ഗ്രീക്കിലും ചൈനയിലുമെന്നപോലെ അറബിരാജ്യത്തിലും നമ്മുടെ ആയുൎവ്വേദശാസ്ത്രത്തിന് പ്രാചീനകാലത്തുതന്നെ പ്രചുരമായ പ്രചാരം ലഭിച്ചിട്ടുണ്ട്. ആയുൎവ്വേദം തങ്ങളുടെ വൈദ്യശാസ്ത്രത്തിന്ന് അസാമാന്യമാംവിധം ഉപജീവ്യമായിട്ടുണ്ടെന്ന് എത്രയോകാലം മുമ്പു ജീവിച്ചിരുന്ന അൽബെരൂണി' എന്ന അവരുടെ ഒരു പ്രാചീന

ചരിത്രപണ്ഡിതൻ പ്രസ്താവിച്ചിരിയ്ക്കുന്നു. 'ജുംഘ'നെന്ന ഇന്ത്യക്കാരനായ ഒരു വൈദ്യൻ എട്ടാം നൂററാണ്ടിൽ അറബിരാജ്യംവാണിരുന്ന 'ഹരൂൻ ഉൽറസീദ്' എന്ന മഹാരാജാവിന്റെ ചികിത്സകനായിരുന്നുവെന്നും അദ്ദേഹത്തിന്റെ പണ്ഡിതസദസ്സിൽ പ്രധാനിയായിരുന്നുവെന്നുമുള്ള സംഗതി സുപ്രസിദ്ധമാണ്.

ഇത്തരത്തിൽ ഓരോ പ്രസ്ഥാനങ്ങളേയും ഓരോ കാലഘട്ടങ്ങളേയും ഓരോ രാജ്യക്കാരേയും പ്രത്യേകമായെടുത്ത് പര്യാലോചിയ്ക്കുന്നതായാൽസംസ്കൃതഭാഷയും അതിൽ പ്രതിഫലിച്ചുകാണുന്ന ഭാരതീയ വിജ്ഞാനവും ഏതേതുരാജ്യങ്ങളിൽ ഏതെല്ലാംപ്രകാരത്തിൽ പരന്നു പ്രകാശിച്ചിട്ടുണ്ടെന്നു പരിച്ഛേദിച്ചു പറയുവാൻ പ്രയാസമാണ്. പാശ്ചാത്യരാജ്യങ്ങളുടെ ഗുരുസ്ഥാനം വഹിയ്ക്കുന്ന ഗ്രീക്കരാജ്യത്തിന്റെ സംസ്കാരം അലക്സാണ്ഡരുടെ ആക്രമണത്തിനു ശേഷം ഭാരതീയരുടെ സംസ്കാരം തന്നെയായിത്തീർന്നിട്ടുണ്ടെന്നു പറയുന്നതായാൽ അതിൽ അത്ര വലിയ ഒരു അതിശയോക്തി ഉണ്ടായിരിയ്ക്കയില്ല. ഈ രണ്ടു രാജ്യങ്ങളിലുമുള്ള നഗരങ്ങളുടേയും ദേവതകളുടേയും നാമധേയങ്ങൾക്ക് പരസ്പരസാജാത്യമുണ്ടെന്നും പ്രാചീനങ്ങളായ ചില കഥാവസ്തുക്കൾക്ക് അന്യോന്യം തുഛമായ വ്യത്യാസമേ കാണ്മാനുള്ളുവെന്നും, 'പോകക്' എന്ന പാശ്ചാത്യ പണ്ഡിതൻ നിദൎശനപുരസ്സരം വിശദമാക്കിയിരിയ്ക്കുന്നു. ഗ്രീക്കുകാരുടെ പഴയ ചിത്രങ്ങളിൽ കാണുന്ന ഗൃഹങ്ങളുടെ നിൎമ്മാണരീതി ഭാരതീയരുടേതിൽനിന്ന് അത്രയധികം വിഭിന്നമല്ല. ഇപ്രകാരം എത്രയോ സംഗതികൾ മേൽപറഞ്ഞ വാസ്തവത്തെ വിശദപ്പെടുത്തുവാൻ പൎയ്യാപ്തങ്ങളാണ്. സംസ്കാരസമ്പന്നങ്ങളായ ഈ രണ്ടു രാജ്യങ്ങളുടേയും പരസ്പരസംഗമം, ജീവാത്മപരമാത്മാക്കളുടെ ഏകീഭാവം പോലെ ഏതു ശക്തിയ്ക്കും നശിപ്പിയ്ക്കുവാൻ കഴിയാത്ത ഒരു പരമൈക്യത്തിന്നു പ്രയോജകീഭവിച്ചുകാണുന്നത്, ഭാരതീയരായ നമുക്കു പ്രത്യേകിച്ചും അഭിമാനാവഹമത്രെ.

കാലക്രമത്തിൽ, ഗ്രീക്കുകാരുടെ എന്നപോലെ ചൈനക്കാരുടെ ഇടയിലും ഇന്ത്യയുടെ നിരതിശയമായ മാഹാത്മ്യത്തിന്ന് സ്ഥാനം സിദ്ധിച്ചുകഴിഞ്ഞു. അതിന്റെ ഫലമായി ക്രിസ്തുവൎഷം നാലാം ശതവൎഷത്തിൽ എഫ്. എ. ഹ്യാൻ എന്ന ചീനദേശീയനായ ബുദ്ധസന്യാസി തീൎത്ഥയാത്രയായി ഇന്ത്യയിലെത്തി. അതു നൂററാണ്ടിലാണ് അശ്വഘോഷ മഹാകവിയുടെ 'ബുദ്ധചരിത'മെന്ന പ്രശസ്തകാവ്യം ചീനഭാഷയിൽ തൎജ്ജിമ ചെയ്യപ്പെട്ടത്. മൂന്നു നൂററാണ്ടുകൾക്കുശേഷം 'ഹിയാൻത്സാങ്ങ്' എന്നും 'ഐത്സിങ്ങ്' എന്നും പറയുന്ന അതേ ദേശത്തിൽ തന്നെയുള്ള രണ്ടു ബുദ്ധസന്യാസികൾ ഈ രാജ്യത്തിൽ വന്നിരുന്നു. ഇപ്പറഞ്ഞ മൂന്നുപേരും തീൎത്ഥാടനവും ക്ഷേത്രദൎശനവുംചെയ്തുകൊണ്ടു ഇന്ത്യാരാജ്യത്തിൽ പലദിക്കിലും സഞ്ചരിച്ചിട്ടുണ്ട്. തങ്ങൾ സന്ദൎശിച്ച ഇന്ത്യയുടെ നാനാമുഖങ്ങളായ സ്ഥിതിഗതികളെസ്സംബന്ധിച്ച് അന്നു അവർ എഴുതിവെച്ചിട്ടുള്ള കുറിപ്പുകൾ വളരെക്കാലം മുമ്പു തന്നെ ഇംഗ്ലീഷുഭാഷയിൽ വിവൎത്തനംചെയ്തു പ്രസിദ്ധപ്പെടുത്തിയിരിയ്ക്കുന്നു. അതിൽ അന്നത്തെ ഭാരതീയരുടെ സാമുദായിക നിയമങ്ങളേയും മതാചാരങ്ങളേയും കുറിച്ച് വിസ്തൃതമായി പ്രതിപാദിച്ചിരിയ്ക്കുന്നു. ബുദ്ധന്റെ കാലത്തിലുള്ള ശിലാലേഖങ്ങളെപ്പററി അതിൽ പ്രസ്താവിച്ചിരിയ്ക്കുന്നു. ഭാരതീയ ഗ്രന്ഥങ്ങളെ സംബന്ധിച്ച് അതിൽ ഒട്ടനേകം സംഗതികൾ പരാമൎശിച്ചിട്ടുണ്ട്. വിശേഷിച്ച്, 'ഹിയാൻത്സാങ്ങ്' എന്ന മാന്യൻ അക്കാലത്തുള്ള സംസ്കൃതകവികളെക്കുറിച്ച് വിജ്ഞേയങ്ങളായ പല വിഷയങ്ങളും സംഭരിച്ചിട്ടുള്ളതായി അദ്ദേഹത്തിന്റെ കുറിപ്പുകളിൽനിന്ന് അറിയാവുന്നതാണ്.

ഇപ്രകാരം ഭാരതവൎഷത്തിലെ അത്യത്ഭുതാവഹമായ ഉൽകൃഷ്ടസാഹിത്യ

ത്തെപ്പററി ഗ്രീക്കിലും ചൈനയിലുമുള്ള സാമാന്യജനങ്ങൾക്ക് ഒരുപോലെ മനസ്സിലാക്കുവാനിടയായി. കുറെക്കാലം കഴിഞ്ഞതിൽപ്പിന്നെ ഇന്ത്യക്കാരുടെ രസായനശാസ്ത്രങ്ങളും മററും സ്വയമേവ സാക്ഷാൽക്കരിച്ചിട്ടുള്ള അറബികളിൽ ചിലർ ഈ വസ്തുത പാശ്ചാത്യദേശങ്ങളിലെങ്ങും ഘോഷിച്ചു. ആയുർവ്വേദശാസ്ത്രത്തിൽ അതിപ്രസിദ്ധങ്ങളായ ചരകം, സുശ്രുതം, മാധവനിദാനം തുടങ്ങിയ മഹനിയഗ്രന്ഥങ്ങളും 'അഗദതന്ത്ര'ത്തെ വിഷയീകരിച്ചുകൊണ്ടുള്ള മററു ചില സംസ്കൃത പുസ്തകങ്ങളും പരിഭാഷപ്പെടുത്തിക്കഴിഞ്ഞിട്ടുള്ള ക്രിസ്തുവഷം എട്ടാം നൂററാണ്ടിനു മുമ്പുതന്നെ സംസ്കൃതഭാഷയ്ക്കു് അറബിക്കാരുടെ ഇടയിൽ സാദരമായ സ്വാഗതം ലഭിച്ചിട്ടുണ്ടു്. 'ശരക്' സസ്രുദ്' എന്നീ നാമധേയങ്ങളിൽ പ്രതിഷ്ഠ ലഭിച്ചിട്ടുള്ള പ്രസ്തുതഗ്രന്ഥങ്ങളെ ആ രാജ്യത്തിലുള്ള വൈദ്യശാസ്ത്രപണ്ഡിതന്മാർ ഭക്തിപൂർവ്വം ആരാധിച്ചുവരുന്നുണ്ടെന്നുകൂടി ഇവിടെ വക്തവ്യമായിട്ടുണ്ടു്. പതിനാറാം നൂററാണ്ടുമുതൽ യൂറോപ്യന്മാരായ ചില പാതിരിമാർ ഇന്ത്യക്കാരുടെ പഴയഭാഷ പഠിയ്ക്കുവാൻ ആരംഭിച്ചു. അതിൽ ഒരാളായ എബ്രഹാം റോജററങ്ങ് ൧൬൫൧-ാമതിൽ ഭർത്തൃഹരിയുടെ കൃതിയെ ഡച്ചുഭാഷയിൽ തർജ്ജിമ ചെയ്തു. ൧൭൦൮ൽ ജോൺമാഷൽ എന്ന പണ്ഡിതൻ ഭാഗവതപുരാണം പരിഭാഷപ്പെടുത്തി.

ഇപ്രകാരം പരിഭാഷാഗ്രന്ഥങ്ങളായും മൂലഗ്രന്ഥങ്ങളായും പൌരസ്ത്യദേശത്തിലുള്ള സംസ്കൃതഗ്രന്ഥങ്ങളിൽ പലതും പാശ്ചാത്യദേശീയരിൽ ചിലരുടെ നിത്യപാരായണത്തിനും സാദരശ്ലാഘയ്ക്കും വിഷയീഭവിച്ചുവെങ്കിലും പരമാർത്ഥത്തിൽ പതിനെട്ടാം നൂററാണ്ടുവരെ ആ രാജ്യത്തിലുള്ള സാമാന്യ ജനങ്ങളുടെ ഇടയിൽ സംസ്കൃതഭാഷയെസ്സംബന്ധിച്ചു് അജ്ഞാതാഗമമായ ഒരു അവിശ്വാസം പ്രബലമായി പ്രചരിച്ചിരുന്നു. ഭാരതീയരുടെ പൊതുവിലുള്ള സാഹിത്യത്തേയും സംസ്കാരത്തേയും സംബന്ധിച്ചു് അവിടങ്ങളിൽ പരമ്പരയാ പറഞ്ഞുവന്നിരുന്ന പ്രസ്താവത്തിന് കല്പിതകഥകളിലുള്ള വാസ്തവാംശത്തിൻെറ സ്ഥാനം മാത്രമേ അവശേഷിച്ചുള്ളു. ഈ വിധത്തിൽ തഴച്ചുപൊന്തിയിരുന്ന അവിശ്വാസം പടർന്നുപിടിയ്ക്കുവാൻതക്കവണ്ണം അക്കാലത്തു നടന്ന ഒരു സംഭവം അതിൻെറ പരിപോഷണത്തിനു കാരണമായി. പതിനെട്ടാം നൂററാണ്ടിൻെറ മദ്ധ്യകാലത്തിൽ ഇന്ത്യയിൽനിന്നു ചെന്നുചേന്ന ഒരു ഗ്രന്ഥം കണ്ടു് ആയതു യജുർവ്വേദമാണെന്നുള്ള വിശ്വാസത്തിന്മേൽ വോൾടയർ എന്ന യൂറോപ്യൻ അതിനെപ്പററി കുറെയേറെ പുകഴ്ത്തിപ്പറഞ്ഞിരുന്നു. എന്നാൽ കുറച്ചുനാൾ ചെന്നപ്പോൾ ആ ഗ്രന്ഥം അതിനു മുമ്പിലത്തെ നൂററാണ്ടിൽ ഒരു ക്രിസ്ത്യൻ പാതിരിയുടെ വകയായിട്ടുള്ള വിശ്വാമിത്രസൃഷ്ടിയാണെന്ന വാസ്തവം വ്യക്തമായിക്കഴിഞ്ഞു. ഇതോടുകൂടി അവിടത്തുകാർക്കു ഭാരതീയസാഹിത്യത്തെ സംബന്ധിച്ചു ഉണ്ടായിരുന്ന അവിശ്വാസം സംസ്കൃതസാഹിത്യത്തിൻെറ വാസ്തവികസ്ഥിതി ലോകമെങ്ങും പരന്നിട്ടുള്ള ഇക്കഴിഞ്ഞ പത്തൊമ്പതാം നൂററാണ്ടുവരെ നിലനിന്നിട്ടുള്ളതായി അറിയപ്പെടുന്നുണ്ടു്. വോൾടയരുടെ നിരൂപണത്തിനു വിഷയീഭവിച്ച യജുർവ്വേദം പോലെ ഭാരതീയരുടെ എല്ലാത്തരം ഗ്രന്ഥങ്ങളും അസത്യപ്രസ്താവത്തിന്മേലാണു് അടിയുറച്ചു നിൽക്കുന്നതെന്നു അവർ ധരിച്ചുകഴിഞ്ഞു. ഇംഗ്ലണ്ടിലെ ഒരു ന്യായശാസ്ത്രപണ്ഡിതനായ ഡുഗൾഡ് സ്ററുവാർട്ട്, സംസ്കൃതഗ്രന്ഥങ്ങൾ മാത്രമല്ല, സംസ്കൃതഭാഷ തന്നെയും അലക്സാണ്ഡരുടെ പ്രവേശനത്തിനുശേഷം ഗ്രീക്കുകാരുമായി സിദ്ധിച്ചിട്ടുള്ള സമ്പക്കത്തിൻെറ സാഹായ്യത്താൽ ഈ അടുത്ത കാലത്തു് കപടജടിലന്മാരായ ചില ബ്രാഹ്മണബ്രുവന്മാർ സ്വയമേവ സൃഷ്ടിച്ചു വിട്ടിട്ടുള്ളതും, ബിംബത്തെ പ്രതിബിംബമെന്നവണ്ണം ഗ്രീക്കുഭാഷയെ പകത്തുന്നതുമായ

ഒരു വിചിത്രഭാഷയാണെന്ന് വലിയ കോലാഹലത്തിൽ ഉപന്യസിച്ച് അതിനെ പലപേർകാണുന്ന പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. മിസ്റ്റർ ഡുഗൽഡ് പ്രതിഷ്ഠിച്ചിട്ടുള്ള അതേ സിദ്ധാന്തത്തെത്തന്നെ ഡബ്ളിൻ ദേശത്തുകാരനായ ഒരാൾ ൧൮൩൮-ാം വർഷത്തിൽ വളരെ വലിയ ഒരു പ്രസിദ്ധീകരണം കൊണ്ടു സമർത്ഥിച്ചിരിക്കുന്നു. (തുടരും)

മലയാളത്തിലെ പഴമൊഴികൾ.

(വട്ടോളി കൊച്ചുകൃഷ്ണൻ നായർ).

പ്രാരംഭം.

'പഴമൊഴികൾ എന്നതിന്റെ പദാർത്ഥം പഴയ വാക്കുകൾ എന്നാണല്ലൊ. പഴയ വാക്കുകൾ എന്നു പറഞ്ഞതുകൊണ്ടുമാത്രം അർത്ഥം സ്പഷ്ടമായില്ല. ഒരു പക്ഷത്തിൽ പഴയ ആളുകളുടെ മൊഴികൾ മുഴുവൻ പഴമൊഴികളിൽ ഉൾപ്പെടാം. അത് അത്ര സ്വീകാര്യമായിരിക്കുന്നില്ല. പഴയ വാക്കുകൾ മുഴുവൻ പഴമൊഴിയിൽ ഉൾപ്പെടുത്താമെന്നു മറ്റൊരു പക്ഷത്തിൽ അഭിപ്രായപ്പെടാമെങ്കിലും മുൻപോലെ അതും ത്യാജ്യകോടിയിൽ തള്ളാനേ തരമുള്ളു. അതുകൊണ്ടു പഴമൊഴികളെപ്പററി യുക്തിയുക്തമായ ഒരഭിപ്രായം രേഖപ്പെടുത്തുന്നതിനു ശ്രമിച്ചുനോക്കാം.

'പഴഞ്ചൊല്ലിൽ പതിരില്ലെ'ന്നുള്ളതു ഒരു പരമാർത്ഥമാണ്. അല്പം ആലോചിക്കുമ്പോൾ ഇതും ഒരു പഴഞ്ചൊല്ലുതന്നെയാണെന്ന് ബോധപ്പെടും. 'അവിടുന്നു മുഖസ്തുതി കേൾക്കാൻ ഇഷ്ടമില്ലാത്ത മഹാനുഭവനാണെന്ന്' മുഖസ്തുതി ചെയ്യുംപോലെ പഴഞ്ചൊല്ലിൽ പതിരില്ലെന്നു പറയുമ്പോൾ അതൊരു പഴഞ്ചൊല്ലുതന്നെയാണെന്നുള്ള കാര്യം വിസ്മരിച്ചു പോകാവുന്നതാണ്. ഏതോ ഒരു സഹൃദയൻ ഒരിക്കൽ ഈ മൊഴി പറഞ്ഞു. അത് ക്രമേണ അനേക ഹൃദയങ്ങളിൽ പകന്ന് സർവ്വത്ര വ്യാപിക്കയും ചെയ്തു. അതിനുമാത്രമുള്ള സഹൃദയത്വം അതിനില്ലെങ്കിൽ ആ വ്യാപനം സംഭവിക്കയില്ലായിരുന്നു. ഇങ്ങിനെയാണ് പഴഞ്ചൊല്ലുകളുടെ വ്യാപ്തി എന്ന് നമുക്കു സാമാന്യമായി അനുമാനിക്കാം.

പഴഞ്ചൊല്ലുകൾ പ്രായേണ മഹദ്വചനങ്ങളായിരിക്കണം. എന്തെന്നാൽ അവ അത്ര അർത്ഥഗർഭങ്ങളും ആലോചനാമൃതങ്ങളും ആയി കാണപ്പെടുന്നു. സന്ദർഭവശാൽ പ്രസ്താവിച്ചുപോകുന്ന മഹിമയേറിയ ചൊല്ലുകൾ കാലക്രമംകൊണ്ടു സമുദായം മുഴുവൻ സംക്രമിക്കുന്നത് അവയ്ക്ക് അതിനു വേണ്ട ശക്തി സ്വതസ്സിദ്ധമായിട്ടുള്ളതുകൊണ്ടാണെന്നുള്ളതിൽ തർക്കമില്ല. പ്രസ്താവിച്ചു എന്നു പറഞ്ഞിടത്തു സംഭാഷണമദ്ധ്യേ പ്രസ്താവിക്കുന്നതുമാത്രമെ ഉൾപ്പെടുകയുള്ളു എന്ന് വിവക്ഷിച്ചിട്ടില്ല. ഈ പ്രസ്താവം പ്രസംഗത്തിലൊ, കാവ്യത്തിലൊ, സംഭാഷണത്തിലൊ എവിടെയും ആകാം. അങ്ങിനെയായിരിക്കുമെന്നുള്ളതു പഴമൊഴികളെപ്പററി ചിന്തിച്ചിട്ടുള്ള പാമരന്മാർക്കുപോലും മനസ്സിലാകാൻ വിഷമമില്ലാത്ത ഒരു കാര്യമാണ്.

പഴയതൊക്കെ 'പുറത്തു തള്ളുന്ന' ഒരു കൂട്ടരും പഴയതുമാത്രം 'തലയിൽ കയററുന്ന' മറെറാരു കൂട്ടരും ഏതു കൂട്ടരുടെ ഇടയിലും കാണാവുന്നതാണ്. ഈ രണ്ടു കൂട്ടരെയുംകാൾ യുക്തിക്കു യോജിച്ചവയെമാത്രം സ്വീകരിച്ചു കാലഭേദങ്ങളെ വകവയ്ക്കാതെ സദസദ്വിവേചനം ചെയ്യുന്ന കൂട്ടരാണ് ഭേദമെന്നു പ്രത്യേകം പ്രസ്താവിക്കേണ്ട ആവശ്യമില്ലല്ലൊ. പഴമൊഴികളെ കൂടാതെ ഏതു കൂട്ടരും ജീവിക്കുന്നുണ്ടെന്നു തോന്നുന്നില്ല. വായു, വെള്ളം ഇവയെപ്പോലെ ജീവിതത്തിന് പഴമൊഴികളും അത്യാവശ്യമാണെന്നു ഫലിതമായി പറയാം. ദിവസവും ഇതിൽ ഒരെണ്ണം എടുത്തു പെരുമാറാത്തവർ ചുരുക്കമാകുന്നു. വിദ്യാഭ്യാസവിഹീനരായി ഗണിക്കപ്പെടുന്ന ആളുകൾക്കു പഴമൊഴികളുമായി വിദ്യാഭ്യാസന്മാരേക്കാൾ പ്രായേണ കൂടുതൽ പരിചയം കണ്ടുവരുന്നുണ്ട്. അതിനു കാരണം പഴമൊഴികൾ എഴുതി പഠിക്കുന്നതല്ലാത്തതുകൊണ്ടായിരിക്കണം. വിദ്യാവിചക്ഷണന്മാർക്ക് പഴമൊഴികളിൽ അതിരററ പ്രീതിയുണ്ടെന്നുള്ളതിലേക്കു ദൃഷ്ടാന്തങ്ങൾ ധാരാളമാണ്. കിട്ടുന്നിടത്തോളം അവയെ പ്രയോഗിക്കാൻ അവർ ബദ്ധകങ്കണന്മാരായി കാണപ്പെടുന്നു. പ്രസംഗമണ്ഡപങ്ങ

ളിലൊ, മാസികാപത്രലോകങ്ങളിലൊ, അതികാര്യമായ സംഭാഷണങ്ങളിലൊ പഴമൊഴികളുടെ സഹായം അപേക്ഷിക്കാത്തവർ ആരുണ്ട്? സ്വാഭിപ്രായ സ്ഥാപനയ്ക്കു സാക്ഷികളെന്നവണ്ണം പഴമൊഴികളെ ഏവരും വിലവയ്ക്കുന്നു. ഒരു വശം മുഴുവൻ പ്രസംഗിക്കേണ്ട ഒരു സംഗതിക്ക് ഒരു പഴമൊഴി എടുത്തു വിളമ്പുന്നപക്ഷം കാര്യം സാധിച്ചുകഴിയും. അങ്ങിനെയുള്ള വിലയേറിയ ചൊല്ലുകളാണ് പഴമൊഴികൾ.

ഒരു മൊഴിയിൽ ചിലപ്പോൾ മഹത്തായ ഒരു കഥയടങ്ങിയിട്ടുണ്ടാവാം. മററു ചിലപ്പോൾ ഒരു നല്ല പ്രസംഗം സംഗ്രഹം ചെയ്തിട്ടുണ്ടായിരിക്കും. ചിലവ സമുദായ രഹസ്യത്തെ സൂചിപ്പിക്കുന്നതും, മററു ചിലതു് ആത്മീയ രഹസ്യങ്ങളെ ഗർഭികരിച്ചിട്ടുള്ളതും, വേറെ ചിലതു് രാഷ്ട്രീയ സംഗതികളെ പരാമർശിച്ചിട്ടുള്ളതും, ആയിക്കാണും. എവിടെയും പഴമൊഴികൾക്കു മാന്യമായ ഒരു സ്ഥാനത്തിനവകാശമുണ്ടു. ഇവയ്ക്കെല്ലാം ഉദാഹരണം എടുത്തു കാണിച്ചു ഈ 'പ്രാരംഭ'ത്തെ വിസ്താരപ്പെടുത്തണമെന്നു ഉദ്ദേശമില്ല. ഉദാഹരണങ്ങൾ പുറകെ പ്രസിദ്ധപ്പെടുത്തുന്ന ചൊല്ലുകളിൽനിന്നു ഊഹിക്കപ്പെടാവുന്നതാണല്ലൊ.

പഴമൊഴികളിൽ അർത്ഥദ്വയപ്രയോഗങ്ങൾ ധാരാളമാണു. ചില ചൊല്ലുകൾ പ്രത്യക്ഷത്തിൽതന്നെ അർത്ഥബോധമുണ്ടാക്കുന്നവയും മററു ചിലതു ആലോചിച്ചുമാത്രം കാര്യം ഗ്രഹിക്കേണ്ടവയും ആയിരിക്കും. കാര്യങ്ങൾ നിഷ്പ്രയാസം ഗ്രഹിക്കുന്നതിനും സ്വാഭിപ്രായം എളുപ്പത്തിൽ സ്ഥാപിക്കുന്നതിനും പഴഞ്ചൊല്ലുകൾക്കുള്ള ശക്തി അപരിമിതമാണ്.

മഹാന്മാരുടെ ചൊല്ലുകളാണു പ്രായേണ പഴഞ്ചൊല്ലുകളായി പരിണമിക്കുന്നതു. അന്നും ഇന്നും എന്നും ഇങ്ങനെ ഭാഷകളിൽ പഴഞ്ചൊല്ലുകൾ വർദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. പ്രത്യേകമായി സൃഷ്ടിക്കപ്പെട്ട പഴഞ്ചൊല്ലുകൾ എന്നൊരു വർഗ്ഗം പ്രചരിക്കയല്ല ചെയ്തുപോരുന്നതു. മറേറതു പ്രസ്ഥാനങ്ങളെപ്പോലെ ഇതും വർദ്ധനമായിത്തന്നെ ഭവിക്കുന്നുണ്ടു. പക്ഷെ അതിനുവേണ്ടി മാത്രം ആരും ഉത്സാഹിക്കുന്നില്ല. ഭാഷയുടെ വളർച്ച ഇവയ്ക്കും പോഷണം നല്കുമെന്നുതന്നെയാണു എൻെറ അഭിപ്രായം. ഇന്നുള്ള മഹാന്മാരുടെ അഥവാ മഹാ കവികളുടെ ചൊല്ലുകൾ പലതും പഴഞ്ചൊല്ലുകളായി പരിണമിച്ചിട്ടുണ്ടെന്നുള്ള പരമാർത്ഥം സൂക്ഷ്മദൃക്കുകൾക്കു കാണാൻ പ്രയാസമില്ല. അവയുടെ പ്രചാരം ജനസാമാന്യം അധികമായി ഗ്രഹിക്കുന്നതുപോലെയും, അവയ്ക്കു സ്വതേയുള്ള രസികത്വം, സഹൃദയത്വം തുടങ്ങിയ ഗുണങ്ങളുടെ തോതുപോലെയും ആയിരിക്കുന്നതാണു.

'മലയാളത്തിലെ പഴമൊഴികൾ' എന്നു പറയുമ്പോൾ ഞാൻ ഉദ്ധരിക്കുന്ന മൊഴികൾ എല്ലാം ഏതു സ്ഥലത്തും ഒരുപോലെ പ്രചരിച്ചിട്ടുള്ളവയാണെന്നു വായനക്കാർ വിചാരിക്കയില്ലല്ലൊ. കാലദേശാവസ്ഥകളുടെ വ്യത്യാസമനുസരിച്ചു, വിദ്യാഭ്യാസത്തിൻെറ തോതനുസരിച്ചു, അവയ്ക്കു് അല്പാല്പ ഭേദങ്ങൾ ഉണ്ടാകാവുന്നതാണു. തെക്കൻതിരുവിതാംകൂറിൽ ഉപയോഗിക്കുന്ന മൊഴികളെല്ലാം വടക്കെ മലയാളത്തിൽ പ്രചരിച്ചിട്ടുണ്ടു എന്നു വരികയില്ലായിരിക്കാം. അധികവും സർവ്വത്ര സ്വീകൃതമായിട്ടുള്ളവ അഥവാ പ്രചരിച്ചിട്ടുള്ളവതന്നെ. രണ്ടു സ്ഥലങ്ങളിലും കൂടുതലായ പഴമൊഴികൾക്കു സമുദായങ്ങളുടെ ഇടയിൽ സ്ഥാനമുണ്ടെന്നാണു മുൻപറഞ്ഞതിൻെറ താല്പര്യം. അവയെ എല്ലാം ശേഖരിച്ചു ഒരുമിച്ചുവയ്ക്കുന്നപക്ഷം ഈ സ്ഥിതി വരാതിരിക്കാവുന്നതാണു. നല്ല ചൊല്ലുകളെ ഏവരും പ്രതീക്ഷിക്കുന്നു. രുചിഭേദംപോലെ അവയുടെ പ്രചുരപ്രചാരം സംസിദ്ധമാകുന്നു. പ്രയോഗപരിചയംമൂലം, പഴമൊഴികളുടെ മഹത്വം എത്രയുണ്ടെന്നു ഏവൎക്കും ബോധപ്പെടുന്നു.

ഏതു പ്രസ്ഥാനവും കാലാന്തരത്തിൽ ദൂഷിതപ്രായമാകുന്നുണ്ടു. അപ്പോലെ പഴമൊഴികളിലും അശ്ലീലങ്ങളും, ആഭാസങ്ങളും ആയ പല ചൊല്ലുകളും കടന്നുകൂടിയിട്ടുണ്ടു്. അവയിൽ പലതിനും സാമാന്യേന പ്രചാരം സിദ്ധിച്ചിട്ടുമുണ്ടാവാം. പ്രസ്തുത പ്രചാരത്തിനു ഹേതു അവയുടെ ഗുണവൈശിഷ്ട്യമല്ല, അവയുടെ അശ്ലീലത്വം അല്ലെങ്കിൽ ആഭാസത്വംതന്നെയാണു അതിനു കാരണം. അസത്തിനു വ്യാപകത്വം ഏറും. അജ്ഞന്മാരുടെ ഇടയിൽ അല്ലെങ്കിൽ മനഃപക്വതയില്ലാത്തവരുടെ ഇടയിൽ അത്തരം മൊഴികൾ സാധാരണമായിത്തീർന്നിട്ടുണ്ടാകും. വിജ്ഞന്മാർ അവയെ അറിയുകയാകട്ടെ, അറിഞ്ഞാൽതന്നെ പ്രയോഗിക്കയാകട്ടെ ചെയ്യുന്നില്ല. പ്രത്യക്ഷത്തിൽ അശ്ലീലമെന്നു തോന്നുന്ന ചില ചൊല്ലുകൾ വളരെ അർത്ഥഗർഭങ്ങളായിട്ടുണ്ടു. അവയെല്ലാം ഉദാഹരണങ്ങൾ ക്രമേണ കണ്ടുകൊള്ളാവുന്നതാകയാൽ ഇവിടെ ഉദ്ധരിക്കുന്നില്ല.

പഴയ പ്രമാണങ്ങളെയും പുരാണങ്ങളെയും എല്ലാം അധികമായി ആദരിച്ചുവരുന്ന ഇക്കാലത്തു പഴമൊഴികളിലും മഹത്തുക്കളുടെ ദൃഷ്ടി പതിഞ്ഞിട്ടുണ്ടു. അവയുമായുള്ള കൂടുതൽ പരിചയം മുൻപറഞ്ഞവിധമുള്ള പല പ്രയോജനങ്ങൾക്കും കാരണമായിത്തീരുമെന്നുള്ളതാണു അതിനു ഹേതുവെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അൎത്ഥഗൎഭങ്ങളും ആലോചനാമൃതങ്ങളും തന്നിമിത്തം സഹൃദയാനന്ദദങ്ങളും ആയി സാൎവ്വത്രികമായ പ്രചാരം സിദ്ധിച്ചിരിക്കുന്ന ഒരു ഭാഷയിലെ മഹിമയേറിയ മൊഴികളാണു ആ ഭാഷയിലെ പഴമൊഴികൾ എന്നു ഈ ചുരുങ്ങിയ വിവരണത്തിൽനിന്നും മനസ്സിലാക്കാമല്ലോ.

പഴമൊഴികൾ.

ഒന്നാം ദശകം.

൧. മൂത്തോർ വാക്കും മുതുനെല്ലിക്കയും ആദ്യം കയ്ക്കും പിന്നെ മധുരിക്കും.
൨. ആരാന്റെ അമ്മയ്ക്കു് പ്രാന്തു പിടിച്ചാൽ കാണാൻ നല്ല 'ചെത'മുണ്ടു.
൩. ഇന്നലെ പെയ്ത മഴയ്ക്കു് ഇന്നു കുരുത്ത തകര.
൪. മുററത്തെ മുല്ലയ്ക്കു് മണമില്ല.
൫. തന്നിഷ്ടം പൊന്നിഷ്ടം ആരാന്റിഷ്ടം ബിംബിഷ്ടം.
൬. ഏറെ കിഴക്കോട്ടു പോയാൽ പനി പിടിക്കും.
൭. ഉന്തിമരം കേററിവിട്ടാൽ കൈ വിടുമ്പോൾ താഴത്തു്.
൮. ഏറെച്ചിത്രം ഓട്ടപ്പാത്രം.
൯. വേണെങ്കിൽ ചക്ക വേരേലും കായ്ക്കും
൰. ആരാന്റെ വയ്യാവേലി പത്തിനു രണ്ടു് പലിശയ്ക്കു വാങ്ങിക്കണൊ?

രണ്ടാം ദശകം.

൧. അഞ്ജനമെന്നതു ഞാനറിയും മഞ്ഞളുപോലെ വെളുത്തിരിക്കും.
൨. ഇഷ്ടമില്ലാത്ത അച്ചി തൊട്ടതൊക്കെ കുററം.
൩. തീയിൽ വിളഞ്ഞതു് വെയിലത്തു വാടുമോ?
൪. ഓണംവന്നാലും ഉണ്ണി പിറന്നാലും കോരനു് കുമ്പിളിൽത്തന്നെ.
൫. പൂച്ചയ്ക്കെന്താ പൊന്നുരുക്കുന്നിടത്തു കാര്യം.
൬. ഒരമ്മയ്ക്കൊരു മകനോമനക്കുട്ടൻ.
൭ പഞ്ചപാണ്ഡവന്മാർ കട്ടില്ക്കാലുപോലെ മൂന്നു്. (രണ്ടു വിരൽ കാണിക്കുന്നു)
൮. പാമ്പുപോലും പഴയതു നന്നു്.
൯. മാനംകെട്ടും പണം നേടിക്കൊണ്ടാൽ മാനക്കേടപ്പണം തീൎത്തുകൊള്ളും.
൰ പഴഞ്ചൊല്ലിൽ പതിരില്ല

മൂന്നാം ദശകം.

൧. എല്ലു മുറിയെപ്പണിതാൽ പല്ലുമുറിയെ തിന്നാം.
൨. ഏട്ടിലപ്പടി പയററിലിപ്പടി.
൩. അണ്ണാൻകുഞ്ഞും തന്നാലായതു.
൪. അല്പനു അൎത്ഥം കിട്ടിയാൽ അൎദ്ധരാത്രിക്കു കുട പിടിക്കും.
൫. കാണം വിററും ഓണം കാണണം.
൬. കൂടെച്ചാവണ കോതേച്ചി എന്റെ കോടിക്കോണകം തന്നേച്ചുപോ.
൭. മിന്നുന്നതെല്ലാം പൊന്നല്ല.
൮. തെങ്ങിനോളം വണ്ണം വച്ചാലും ഈക്കിലിയോളം കാതലോടണം.
൯. പുകഞ്ഞ കൊള്ളി പുറത്തു.
൰. ശക്കരപ്പന്തലിൽ തേൻമഴ.

താൻ മരിച്ചുപോയിരിക്കുന്നതായി ഒരു പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു കണ്ടു അത്ഭുതപ്പെട്ടു ഒരാൾ ആ പത്രത്തിന്റെ അധിപരെ ദൂരശബ്ദനിയന്ത്രം മൂലം വിളിച്ചു: "ഞാൻ മരിച്ചുപോയിരിക്കുന്നതായി നിങ്ങളുടെ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു നിങ്ങളുടെ അറിവോടുകൂടെയാണോ?

പത്രാധിപർ. അതേ. നിങ്ങൾ ഇപ്പോൾ എന്നോടു സംസാരിക്കുന്നതു സ്വൎഗ്ഗത്തിൽനിന്നോ നരകത്തിൽനിന്നോ?

ടിയാൾ. നരകത്തിൽനിന്നു. തന്റെ അച്ഛനെ അവിടെ കാണുകയുണ്ടായി.

സാഹിത്യവിമർശനം

(മുക്കിൽ മരുളൂർ വിശ്വനാഥമേനോൻ)

പൂർവ്വികന്മാരുടെ ജീവിതചര്യകളേയും അത്ഭുതകരങ്ങളും ഉപയോഗയോഗ്യങ്ങളുമായ അവരുടെ പ്രവൃത്തി പരമ്പരകളേയും വിജ്ഞാനപ്രദവും ശാസ്ത്രീയവുമായ സംഗതികളേയും മനുഷ്യബുദ്ധിയുടെ ആലോചനാപൂർവ്വമായ പ്രവൃത്തികളുടെ ഫലത്തേയും സഹൃദയഹൃദയാഹ്ളാദകരമാംവണ്ണം വ്യക്തമായി പ്രതിപാദിച്ചു മനുഷ്യരെ വർത്തമാനഭാവികാലങ്ങളിൽ സന്മാർഗ്ഗനിരതന്മാരാക്കിത്തീർക്കുവാൻ പര്യാപ്തമായ ദിവ്യകലയാണു സാഹിത്യമെന്നു നിർദ്ദേശിക്കാം. ഗദ്യം, പദ്യം, മിശ്രം എന്നു മൂന്നായി സാഹിത്യത്തെ വിഭജിക്കാമെങ്കിലും ഇവ ഏതിലും വാസനാവൈഭവമാണു പ്രതിഫലിക്കുക എന്നതു നിസ്തർക്കമത്രേ. വാസനാസാദ്ധ്യമായ സാഹിത്യം കേവലം പരിശ്രമംകൊണ്ടു സാദ്ധ്യമാകുന്നതിൽവെച്ചു പതിന്മടങ്ങു ശ്രേഷ്ഠമാണെന്നു പറയാതെ നിവൃത്തിയില്ല. ഇങ്ങനെ ദിവ്യമായ സാഹിത്യകല ഒന്നില്ലെങ്കിൽ ഭൂതകാലവും അതിൻവണ്ണം വർത്തമാനഭാവികാലങ്ങളും അന്ധകാരമിശ്രവും മനുഷ്യരുടെ ഭാവനാശക്തി നിഷ്ഫലവും നിരർത്ഥകവും ആയി പരിണമിക്കുമെന്നു ഊഹിക്കാം. സാഹിത്യകാരന്മാരുടെ മഹനീയമായ ശക്തി നാം പൂർണ്ണമായി അറിയുകയോ ആസ്വദിക്കുകയോ ചെയ്യേണമെങ്കിൽ നിരൂപകന്മാരുടെ സഹായമൊഴിച്ചുകൂടാത്തതാണ്. ഒരു സമുദായത്തെ സന്മാർഗ്ഗത്തിൽകൂടി നയിക്കുവാൻ പര്യാപ്തമായ സാഹിത്യവിദ്യയെ വിമർശകന്റെ വിശാലവും വിസ്തൃതവുമായ മനോവൃത്തികൊണ്ടു അളന്നുനോക്കി കണക്കാക്കി അതിന്റെ ഫലം പണ്ഡിതപാമരന്മാർക്കൊരുപോലെ സുഗ്രഹ്യമാക്കിത്തീർക്കുന്നു.

കലാലോകത്തിൽ വിമർശനം അപ്രധാനമല്ലാത്ത ഒരു സ്ഥാനമുണ്ട്. ഏതുഭാഷയിലും സാഹിത്യശുദ്ധിക്കും സാഹിത്യരസം അറിഞ്ഞാസ്വദിക്കുന്നതിനും ഉത്തമസാഹിത്യാഭിവൃദ്ധിക്കും നിരൂപണം അല്ലെങ്കിൽ വിമർശനം ഒഴിച്ചുകൂടാത്തതാണല്ലോ. മററു വിഷയങ്ങളിലെന്നവണ്ണം സാഹിത്യത്തിലും നിർമ്മാണശീലത്തെ വിമർശകൻ അനുകരിപ്പാനേ തരമുള്ളു. അതുകൊണ്ടു തന്നെ കാവ്യങ്ങളുടെ ബാല്യദശയിൽ വിമർശനവും കുറഞ്ഞുകാണുന്നത്. ദുഷ്കൃതികളുടെ ദോഷങ്ങളെ വെളിപ്പെടുത്തി സാഹിത്യത്തിനും സമുദായത്തിനും ഉൽകർഷഹേതുകങ്ങളായ കൃതികളിൽ രസമങ്കുരിപ്പിക്കേണ്ടതും ഭാഷാസാഹിത്യത്തിന്റെ അഭ്യുന്നതിക്കായി പ്രവൃത്തിക്കേണ്ടതും വിമർശകന്മാരുടെ ഭാരമേറിയ ചുമതലയാണ്. സാഹിത്യത്തിന്റെ അന്തരമായ ഉദ്ദേശം ഐഹികസുഖബന്ധങ്ങളിൽനിന്നു ആത്മാവിനെസ്വതന്ത്രമാക്കിആഹ്ളാദകരമായി നയിക്കുകയാണെന്നതു ശരിയാണെങ്കിൽസത്യസൌന്ദര്യമുള്ള ആ ലോകത്തിൽ യഥേഷ്ടംവിഹരിപ്പാൻ സാധിക്കുന്ന വിമർശകനാണു കവിയേക്കാൾ ഭാഗ്യം ചെയ്യുവനെന്നു തീരുമാനിക്കാം. ഒരു വിമർശകൻ രസികനും നല്ല വ്യാഖ്യാതവും ആയിരിക്കേണമെന്ന തത്വം ഈ മതത്തെത്തന്നെയാണു സ്ഥാപിക്കുന്നത്. കാവ്യഗുണങ്ങളെ കണ്ടറിഞ്ഞു വിവേചനം ചെയ്തു അതിനെ ആസ്വദിക്കുവാൻ ശക്തിയില്ലാത്തവരിൽ തന്നെ പലക്കും അതിനു വേണ്ടുന്ന സൌകര്യവും സന്തോഷവും ഉണ്ടാക്കി കൃതികളുടെ ആസ്വാദ്യതയിലേക്കു തിരിച്ചുവിടുവാൻ സമർത്ഥനായ, വിമർശകനെ ആരും അഭിനന്ദിക്കാതിരിക്കയില്ല.

'വിമർശനം സാഹിത്യത്തിന്റെ മാററുനോക്കുന്നതിനുള്ള ഒരു നികഷോപലമാണ്. അതിന്റെ അഭാവത്തിൽ സാഹിത്യത്തിന്റെ യഥാർത്ഥവില മതിക്കുവാൻ പ്രയാസവുമാണ്. എഴുത്തച്ഛൻ നമ്പ്യാർ മുതലായ കവികുലകൂടസ്ഥന്മാരുടെ കൃതികൾക്കുള്ള യഥാർത്ഥസാഹിത്യരസം കണ്ടുപിടിച്ചിട്ടോ ആസ്വദിച്ചി

ട്ടോ അല്ല എന്നാൽ അവയ്ക്കുള്ള ഗുണങ്ങളുടെ ഏകദേശമായ ഒരു ആകർഷണത്തെ അടിസ്ഥാനപ്പെടുത്തി മാത്രമാകുന്നു നാം അവയെ ശ്ലാഘിക്കുന്നത്. വിമർശനത്തെപ്പററി പല അഭിപ്രായങ്ങളും ഇന്നു സാഹിത്യലോകത്തിൽ പ്രചരിക്കുന്നുണ്ടു്. പാശ്ചാത്യവിമർശകന്മാരിൽ സുപ്രസിദ്ധന്മാരായ മോൾട്ടൻ, ടെയിൻ മുതലായവരുടെ അഭിപ്രായം ഒരു ഗ്രന്ഥം നല്ലപോലെ പരിശോധിച്ചു അതിൽ കാണുന്ന ദോഷങ്ങളെ എടുത്തുകാണിച്ചു സഹൃദയഹൃദയാഹ്ലാദമുണ്ടാക്കുകയും ഗ്രന്ഥകർത്താവിനെ ഉപദേശിക്കുകയും ചെയ്യുക എന്നതാണു്. അഭിപ്രായവ്യത്യാസംകൊണ്ടു സ്വമതസ്ഥാപനം ചെയ്യുന്ന സാഹിത്യവൃത്തിയാണു വിമർശനമെന്നു ചിലരഭിപ്രായപ്പെടുന്നു. ഏതായാലും മാത്യു ആർനോൾഡിന്റെ അഭിപ്രായപ്രകാരം 'ഒരു വസ്തു എപ്രകാരമിരിക്കുന്നുവോ അപ്രകാരം തന്നെ മനസ്സിലാക്കുന്നതാണു വിമർശന'മെന്നു പറയുന്നതെന്നാലോചിക്കുമ്പോൾ അതു അമാനുഷദൃഷ്ട്യാ മാത്രമെ സാധിക്കയുള്ളു എന്നതും വാസ്തവം തന്നെ. കാവ്യനിർമ്മാണവും വിമർശനവൃത്തിയും പ്രഥമദൃഷ്ട്യാ വളരെ ദൂരെയാണെങ്കിലും അവ രണ്ടും ഏകസരണിയിൽകൂടെയാണു സഞ്ചരിക്കുന്നതെന്നു കുറഞ്ഞൊന്നാലോചിച്ചാലറിയാം.

കവിഹൃദയത്തിൽ ഉത്ഥാനംചെയ്യുന്ന സകല വികാരങ്ങളും എല്ലാ സമയത്തും കവിതയ്ക്കു കാരണഭൂതങ്ങളാകുന്നില്ല. പ്രകൃതിയിൽനിന്നോ മറെറാ കവികൾക്കു കിട്ടുന്ന അനുഭവങ്ങൾ എത്രതന്നെ ശക്തിമത്തായിരുന്നാലും സാധാരണന്മാരിൽവെച്ചു അധികം ഉൽകൃഷ്ടാശയങ്ങൾ ഉളവാകാത്തപക്ഷം അതും ഉത്തമകവിതയാകുന്നതല്ല. നമ്മുടെ ദൃഷ്ടിക്കു് ഗോചരമാവാത്ത പ്രകൃതിസൌന്ദര്യവും ഗാംഭീര്യവും കാണിച്ചുതരുന്ന കവിയുടെ പ്രത്യേകവിശേഷത്തെയാണു ഭാവനാശക്തി എന്നു പറയുന്നത്. നമ്മുടെ ജീവിതത്തെ സംഫുല്ലമാക്കുന്ന കവിയുടെ ആത്മീയസംഗീതം എല്ലാററിനും ഉപരിയായി ശോഭിക്കുന്നു. ആ സംഗീതം ജ്ഞാനത്തിനു വേണ്ട ഓരോ വിശേഷവിഷയങ്ങളെ നല്കി മനുഷ്യബുദ്ധിയെ വികസിതമാക്കി ചെയ്യുന്നു. കവികൾ ലോകത്തെ കാണുന്നതും അതിനെ വർണ്ണിക്കുന്നതും വ്യത്യസ്തരീതിയിലാകുന്നു. കവിയുടെ ഭാവനാശക്തിയിൽ വികാരമയമായ മനസ്സിനേക്കാൾ വിചാരമയമായ ബുദ്ധിയാണു മുന്നിട്ടുനില്ക്കുന്നത്. ബുദ്ധിയുടെ ഭാവനയിൽനിന്നു പുറപ്പെടുന്ന കവിത വികാരങ്ങളെക്കൊണ്ടു വിചാരപ്രധാനങ്ങളായിരിക്കും. സാധാരണ ദൃഷ്ട്യാഗോചരമല്ലാത്ത കവികളുടെ ഭാവനാസൃഷ്ടങ്ങളായ കവനതല്ലജങ്ങളിൽ അന്തർല്ലീനമായി കിടക്കുന്ന ആശയവിശേഷങ്ങളുടെ സൂക്ഷ്മസ്വഭാവം വിമർശകൻ അറിഞ്ഞാസ്വദിക്കുന്നതോടുകൂടി തന്നെ പണ്ഡിതപാമരന്മാർക്കുമൊരുപോലെ അറിഞ്ഞു രസിക്കുവാനിടയുണ്ടാക്കിത്തീർക്കുന്നു. ഷെല്ലി എന്ന ആഗ്ലേയകവിവര്യന്റെ അഭിപ്രായം കവികളുടെ ധാർമ്മികമായ ഭാവനാശക്തി അറിവാൻ വിമർശകനു മാത്രമെ സാധിക്കയുള്ളു എന്നാണു. കാവ്യവസ്തുവിനെ ആത്മീയദർപ്പണത്തിൽകൂടി പ്രതിഫലിപ്പിക്കുകയാണു സാഹിത്യകാരനും വിമർശകനും ചെയ്യുവരുന്നത്. സരസകവിയുടെയും വിമർശകന്റെയും മനോദർപ്പണസമ്പർക്കത്താൽ ഭാവനാസൃഷ്ടങ്ങളായ തുച്ഛസംഗതികളും കാവ്യഗുണസമ്പൂർണ്ണതകൊണ്ടു പ്രശോഭിക്കുന്നു. കവി ഒരു തുച്ഛവസ്തുവിനെ എടുത്തു പരിഷ്ക്കാരവും കാവ്യപോഷണവും വരുത്തി സഹൃദയസമ്മതി നേടുന്നു. എന്നാൽ വിമർശകൻ സരസസാഹിത്യകാരന്മാരുടെ മനോധർമ്മസ്ഫുരണത്താൽ ഉത്ഭൂതമായ ജാജ്വല്യമാനവും മനോഹരവുമായ രൂപത്തെ കണ്ടറിഞ്ഞു സഹൃദയഹൃദയത്തെ ഉൽഫുല്ലമാക്കുന്നു. കാവ്യപഥത്തിൽ സഞ്ചരിക്കുന്ന വിമർശകനു കവിത്വത്തിനു പുറമെ പല സംഗതികളും അറിഞ്ഞിരിക്കേണ്ടതുണ്ടു. ഈ ഗുണഗണബോധം ചിരപരിചയംകൊണ്ടു മാത്രമേ സാധിക്കയുള്ളു എന്നാണു ആംഗ്ലേയപണ്ഡിതനായ മാത്യുആർനോൾഡിന്റെ അഭിപ്രായം. എങ്കിലും അ

തിവിപുലമായ വിജ്ഞാനം സമ്പാദിക്കാത്തവരിൽ പലരും ഉത്തമനിരൂപകന്മാരായിത്തീൎന്നിട്ടുണ്ടെന്നുള്ള സംഗതി പ്രത്യേകം പ്രസ്താവയോഗ്യമാണ്. ആംഗ്ലേയവിമൎശകന്മാരിൽ അഗ്രഗണ്യനായ ഹാസ്ലിററ സാഹിത്യങ്ങളിൽ അപാരമായ പാണ്ഡിത്വം നേടിയിരുന്നില്ലെങ്കിലും വിമൎശനത്തിൽ അദ്വിതീയനായിരുന്നു.

താൻ പറയുന്നതാണു അല്ലെങ്കിൽ തനിക്കു പിടിച്ച ഭാഗത്താണു കാവ്യരസം ഉള്ളതെന്നു പറഞ്ഞു വിമൎശകൻ മൎക്കടമുഷ്ടി പിടിക്കരുത്. തന്റെ മനസ്സിൽ യോജിച്ച ഭാഗങ്ങളിലുള്ള കാവ്യരസങ്ങളെന്തെല്ലാമാണെന്നു സാവധാനം മനസ്സിലാക്കി എല്ലാവൎക്കും ആഹ്ലാദത്തെ ഉണ്ടാക്കുകയല്ലാതെ തനിക്കു ഇഷ്ടമുള്ള ഭാഗങ്ങളെ മാത്രം നന്നെന്നു പറഞ്ഞു ശഠിക്കുന്നതു യഥാൎത്ഥവിമൎശകനു പററിയതല്ല. സ്വാഭിപ്രായം പ്രകടിപ്പാൻ വിമൎശകൻ മടിക്കരുതു. 'മൂഢ! പരപ്രത്യയനേയ ബുദ്ധിഃ' എന്നാണു ആപ്തവാക്യം. വക്രോക്തികൊണ്ടോ മററൊ ആത്മവഞ്ചനചെയ്യാതെ വിമൎശകൻ തന്റെ അഭിപ്രായത്തെ തുറന്നുപറവാൻ ശ്രമിക്കയാണു വേണ്ടത്. തനിക്കുള്ള അഭിപ്രായം പറവാൻ യോഗ്യനല്ലാത്ത പുരുഷൻ പുരുഷനെന്നവാക്കിന്നൎഹനല്ല. എന്നാൽ സ്വമതം ശക്തിമത്തായി സ്ഥാപിച്ചുകഴിഞ്ഞു എന്നും മററും പറഞ്ഞു മല്ലിടാതിരിപ്പാൻ വിമൎശകൻ പ്രത്യേകം ശ്രദ്ധവെക്കേണ്ടതാണ്. എങ്കിലും സ്വാഭിപ്രായപ്രകടനം എവിടെ ദോഷമായി പരിണമിക്കുമെന്നു തോന്നുന്നുവോ അവിടെ മൌനമായിരിക്കുന്നതായിരിക്കും നല്ലത്. നിരൂപകന്റെ അല്ലെങ്കിൽ വിമൎശകന്റെ സ്വഭാവഗുണവിശേഷങ്ങളുടെ പ്രതിഫലനമായിരിക്കും അയാളുടെ വിമൎശനമെങ്കിലും തന്റെ ഇഷ്ടങ്ങൾക്കു മാത്രം പ്രാധാന്യം നല്കുന്നതു അത്ര യുക്തമല്ല.

സാഹിത്യവിമൎശനത്തിന്നു ഒരുങ്ങുന്ന ആൾ സാഹിത്യകലയുടെ മൂലതത്വങ്ങളനുസരിച്ചു ഓരോ ഗ്രന്ഥങ്ങളുടെ ഗുണദോഷങ്ങളെ നിഷ്പക്ഷപാതമായി വിവേചിച്ചു അറിയേണ്ടതാകുന്നു. അല്ലാതെ ജാതി, മതം, പൂൎവ്വവൈരം മുതലായവയെ അടിസ്ഥാനപ്പെടുത്തി കാവ്യകലകളെ ദോഷൈകദൃഷ്ട്യാ അവലോകനംചെയ്തു വിമൎശിക്കുന്നരീതി ഒട്ടും ആശാസ്യമല്ല. അതു വിമൎശകധൎമ്മവുമല്ല. ശരിയായവിമൎശകൻ അല്ലെങ്കിൽ ജാതി, മതം, സേവ മുതലായവ നോക്കാതെ വിമൎശിക്കുന്നവർ ഗുണദോഷങ്ങളെ ഒരുപോലെ നിരൂപണം ചെയ്തു രസികന്മാരായ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കയും ഉപദേശിക്കുകയും ചെയ്യുന്നതോടുകൂടിത്തന്നെ അവരുടെ കാവ്യരസം മററുള്ളവരെക്കൊണ്ടു അനുഭവിപ്പിക്കുകകൂടി ചെയ്യുന്നു. യഥാൎത്ഥവിമൎശകധൎമ്മമറിഞ്ഞു നിരൂപണംചെയ്യുവാൻ ശേഷിയുള്ള ആളുകൾ തുലോം കുറവും, ഉള്ളവർ തന്നെ മൌനികളും. ആയതുകൊണ്ടാണു ക്ഷുദ്രകൃതികൾ മലയാളത്തിൽ അനവധി പ്രചരിച്ചുതുടങ്ങുന്നത്.

ഒരു കൃതിയിൽ ദോഷങ്ങളെക്കാൾ ഗുണങ്ങളാണധികമെന്നു കാണുമ്പോൾ ദോഷത്തെ അധികം ഗണ്യമാക്കാതെ കൃതിയെ പുകഴ്ത്തുന്നതുപോലെ തന്നെ ഗുണങ്ങളെക്കാൾ ദോഷം നിറഞ്ഞുകാണുമ്പോൾ അതിനെ താഴ്ത്തുകയുമാണു ചെയ്യേണ്ടത്. കാലദേശാവസ്ഥകൾ പ്രത്യേകം വിമൎശകൻ ഗൌനിക്കാതെയും ഒരു ഗ്രന്ഥത്തെ ആപാദമസ്തകം വായിച്ചുനോക്കാതെയും നിരൂപണം ചെയ്യുന്നതു ഒരാളെ കണ്ടമാത്രയിൽ ആയാളെപ്പററി അഭിപ്രായം തട്ടിവിടുന്നമട്ടാണെന്നു പറയേണ്ടിയിരിക്കുന്നു. ചില കൎക്കശവിമൎശകന്മാരുടെ നിശിതങ്ങളായ തൂലികാപ്രഹരങ്ങളേററ ആംഗ്ലേയകവിവൎയ്യനായ 'കീററ്സ്' സാഹിത്യലോകത്തിൽനിന്നു തിരസ്കൃതനായതുപോലെ തന്നെ കേരളത്തിലും ചില ഉത്തമസാഹിത്യകാരന്മാരെ തൂലികയെടുക്കുവാൻപോലും ഭയവിഹ്വലന്മാരാക്കിത്തീൎക്കുന്ന വിമൎശകന്മാരെ ധാരാളം കണ്ടുവരുന്നുണ്ട്. ഇതുപോലെ തന്നെ വിമൎശകന്മാരുടെ സ

ഹായംകൊണ്ടു എടുത്തുപറയത്തക്ക ഗുണങ്ങളൊന്നുമില്ലാത്ത ചില കവികളും മഹാകവികളായിത്തീന്നിട്ടുണ്ടെന്നുള്ള സംഗതിയും വിസ്മരിക്കത്തക്കതല്ല. കാളിദാസൻ, ഭവഭൂതി, ചെറുശ്ശേരി, എഴുത്തച്ഛൻ മുതലായവരുടെ കൃതികൾ കാലദേശാവസ്ഥകൾക്കു വശപ്പെടാതെ സവ്വദാ ആസ്വാദ്യതരങ്ങളായി തോന്നുന്നതു പ്രകൃതിതത്വങ്ങളെ പ്രകാശിപ്പിക്കുന്നതുകൊണ്ടാണ്. ഇതുകൊണ്ടു കവിതയിൽ സ്വീകരിക്കേണ്ടതെന്തെന്നു പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ.

വാത്മീകി

(വിദ്വാൻ ഡി. നാരായണൻ ഉണ്ണി).

മഞ്ജരി.

ആരുടെയാനനസാരസം തന്നിൽ നി- ന്നാദിമസൽക്കാവ്യത്തേനൊഴുകി;
ആരുടെ വാണിയെ ശ്രീരാമ സൽക്കഥാ-സാരമായ് നാന്മുഖൻ വ്യാഖ്യാനിച്ചു ?
ഏതൊരു ഭവ്യന്റെ ഭാവനാശക്തിയെ-മാതൃകയാക്കിനാർ സൽക്കവികൾ ?
"ഉൽകൃഷ്ടവംശത്തിലുത്ഭൂതനെന്നാലും—ധിക്കൃതനായിടും ദുസ്സംഗത്താൽ"
"ദിവ്യസംസൎഗ്ഗത്താൽ മുമ്പിലേക്കാളവൻ-ഭവ്യനായ്ത്തീരു"മീ തത്വയുഗ്മം
ഏതൊരു പുണ്യവാൻ സ്വന്തചരിത്രത്താൽ-സാദരം ലോകൎക്കു പാഠമാക്കി ?
കാവ്യമാം വന്മരക്കൊമ്പത്തു ചെന്നിരു-ന്നവ്യാജമോഹനമാകുംവണ്ണം
ഏതൊരു കോകിലം 'ശ്രീരാമരാമ'യെ-ന്നാദരാൽ കൂജനം നിവ്വഹിച്ചു !
ശ്രീരാമനാമത്തിൻ മാഹാത്മ്യമേശുമൊ-ന്നോരാതെയായതു കീത്തിച്ചാലും
തൽഫലമത്ഭുതമെന്നുള്ള വാസ്തവം-സ്വപ്രഭ മൂലമായാരു കാട്ടി ?
ശ്രീമഹാദേവൻ തൻദേവിയേക്കേൾപ്പിച്ചു-രാമ കഥയാം രസായനത്തെ
നാരദൻ തന്നുടെ വീണയിൽനിന്നു വീ-ണാരൊരു ഭാഗ്യവാനാസ്വദിച്ചു ?
ലോകോപകാരാത്മകകഥാരത്നത്തെ-ലോപമില്ലാതെ മനോധൎമ്മമാം
ചാണയിൽത്തേച്ചു മിനുക്കി വെളിച്ചത്തു-കാണിച്ചതേതൊരു ധൎമ്മബുദ്ധി ?
പ്രദ്യോതനാന്വയ ലക്ഷ്മിയെ—സീതയെ—ഭൎത്താവു കൈവിട്ട കാലത്തിങ്കൽ
സ്വാശ്രമമാശ്രയമായവൾക്കാരേകി-വിശ്രമം ചേത്തു ഏതൽകാരുണ്യത്താൽ ?
കോസലവംശത്തിൻ ദിവ്യാങ്കുരങ്ങളെ-ക്ലേശമറ്റാതെ തന്നുടെയാശ്രമത്തിൽ
രക്ഷിച്ചു ശാസ്ത്രാനുസാരമായ് വേണ്ടപോ-ലക്ഷീണശിക്ഷണംചെയ്തു പിന്നെ
തന്നുടെ നൂതനകാവ്യമാം ഗാനത്തെ-യന്യൂനമോദമുപദേശിച്ചു
മന്നവസത്രത്തിൽ ചെന്നവരെക്കൊണ്ടു-നന്നായിപ്പാടിച്ചതാരു മുന്നം ?
യാഗത്തിനായിട്ടു വന്ന മഹാജന-മാകവേ ചേന്ന മഹത്സദസ്സിൽ
ലോകാപവാദത്താൽ സീതയേസ്സന്ത്യജി-ച്ചാകുലനായോരു രാമനോട്
"നാരിമണിക്കില്ല പേരിനും ദൂഷണം-നേരത്രേ ഞാനതിൻ സാക്ഷിഭൂതൻ
കൈക്കൊൾകവേണ്ടതെ"ന്നിങ്ങനെ ഗൌരവ-യുക്തനായ് കല്പിച്ച ധീരനാരോ ?
അമ്മുനിപുംഗവനാദി മഹാകവി-വാത്മീകി മേന്മേൽ ജയിപ്പൂതാക.

മകൻ. അമ്മേ ഞാനിനിയും എന്റെ മരണംവരെ ചേച്ചിയോടു ഉരിയാടുകയില്ല.

അമ്മ. അതെന്താണു മകനേ ?

മകൻ. ചേച്ചി ചെയ്തുവെച്ചിരുന്ന കണക്കുകൾ എല്ലാം പകത്തി ഞാൻ ക്ലാസ്സിൽ കൊണ്ടുപോയി. അവയെല്ലാം തെറ്റായിരുന്നതിനാൽ സാർ എന്നെ തല്ലി.

അമ്മ. മകളേ നീ ചെയ്ത കണക്കെല്ലാം തെറ്റായിരുന്നതുകൊണ്ട് ഇവനു തല്ലുകൊണ്ടു എന്നല്ലേ പറയുന്നതു.

മകൻ. അമ്മേ ഇവൻ ഒരിക്കലും തന്നെ കണക്കു ചെയ്യുകയില്ല. എന്നും ഞാൻ ചെയ്യുന്ന കണക്കുകൾ പകത്തിക്കൊണ്ടുപോകയാണു പതിവു. അതിനു ഞാൻ മനഃപൂൎവ്വം ചെയ്തതാണു.

ഉണ്ണുനീലിസന്ദേശവും ഓണാട്ടും.

(തുടൎച്ച)

(ജി. കൃഷ്ണപിള്ള, മാവേലിക്കര)

അതിനാൽ സന്ദേശമയയ്ക്കുംകാലത്ത് ഓണാട്ടു മൂപ്പുവാഴുന്ന രാജാവ് മാവേലിക്കരയല്ല മററത്തുകോയിക്കൽത്തന്നെ താമസിച്ചിരുന്നുവെന്നുള്ളതിനു സന്ദേഹമില്ല. സന്ദേശവാഹകനായ ആതിച്ചവൎമ്മൻ മററത്തുവച്ചു അന്നത്തെ കായംകുളാധിപനായ ഇരവിവൎമ്മനെ സന്ദൎശിച്ചു ഒരു രാത്രി അവിടെ കഴിക്കയും 'പിറേറന്നാളൊട്ടെതിരെ' ചെന്നിത്തലവഴി വടക്കോട്ടു യാത്ര തുടരുകയുമാണ് ചെയ്യുന്നത്. അന്ന് ഓണാട്ടുരാജധാനി മാവേലിക്കരെയായിരുന്നുവെന്നും അതിനാൽ സന്ദേശഹരൻ ഓണാട്ടരചൻെറ അതിഥിയായി താമസിച്ചതു മാവേലിക്കരെയാണെന്നുമുള്ള മി. ഉണ്ണിത്താൻെറ അനുമാനത്തിന് അല്പം പിശകു പററിപ്പോയിട്ടുണ്ടെന്നുള്ളതിനു 106-ാമത്തെ പദ്യവും മതിയായ സാക്ഷ്യം വഹിക്കുന്നുണ്ട്. ശ്ലോകം 106:—

'മന്ദം മന്ദസ്മിത നികരമാം ചാരുകൎപ്പൂരരാശിം
നോക്കാം നീലക്കുവളമലരും കാഴ്ചവെച്ചെൻറപോലെ
കാണും നിന്നെത്തദനു കമനീയാംഗി വൻേററ മമ്പു-
റേറണാക്ഷീണാം കുലമണി കുറുങ്ങാട്ടു വാഴുണ്ണുനീലീ.'

സന്ദേശഹരൻ 'ഓടവന്നാടർകോൻെറ' അതിഥിയായി താമസിക്കുന്ന സന്ദൎഭത്തിൽ 'കുറുങ്ങാട്ടെ'ന്ന വീട്ടിലെ 'ഉണ്ണുനീലി'യെന്ന 'കമനീയാംഗി' 'മന്ദസ്മിതനികരമാ'കുന്ന 'കൎപ്പൂരരാശി'യും നോട്ടമാകുന്ന കരിംകുവളമലരും കാഴ്ചവച്ച് നിന്നെ (ആതിച്ചവൎമ്മനെ) വന്നു കാണുമെന്നു പറയുന്നു. 'കുറുങ്ങാട്ടെ'ന്നൊരു ഭവനം മാവേലിക്കരക്കൊട്ടാരത്തിന്നടുത്തുള്ളതായി പണ്ടും അറിവില്ല. നേരെ മറിച്ചു മററത്തുകോയിക്കലിനു സമീപം ഈ ഭവനം ഇന്നും സ്ഥിതിചെയ്യുന്നു. കോയിക്കൽനിന്നും തെക്കുപടിഞ്ഞാറായി കാണുന്ന പ്രസ്തുത ഭവനത്തിലേക്കു കഷ്ടിച്ചു രണ്ടു ഫർലാംഗ് മാത്രമേ ദൂരമുള്ളു. മററത്തുള്ള പ്രധാന പുരാതന കുടുംബങ്ങളിൽ ഒന്നു ഈ കുറുങ്ങാട്ടാണ്. ഓണാട്ടു വേണാട്ടിൽ ഒതുങ്ങുംവരെയും ഈ കുടുംബക്കാൎക്കു ഓണാട്ടുരാജാക്കന്മാരിൽനിന്നു ചില പതിവുകളും അവകാശങ്ങളും ലഭിച്ചുവന്നിരുന്നതായി അറിയുന്നു. ആയോധനസംബന്ധമായ അടവുകൾ അഭ്യസിപ്പിക്കുന്നതിനായി കച്ചകെട്ടു നടത്തിവന്ന കളരിയുടെ അവശിഷ്ടങ്ങൾ ഇന്നും ഇവിടെ കാണ്മാനുണ്ട്. പണ്ടത്തെ പഴവന്മാരുടെ ഭരണദൂഷ്യം നിമിത്തം ഒരു വമ്പിച്ച ഭൂസ്വത്ത് ഈ കുടുംബത്തിൽനിന്നും അന്യാധീനപ്പെട്ടുപോയിട്ടുള്ളതായി പറയപ്പെടുന്നു. ഏതായാലും ഇപ്പോൾ ഈ കുടുംബത്തിലുള്ള ഇരുപതിൽപരം അംഗങ്ങൾക്കു കഷ്ടിച്ചു കാലക്ഷേപത്തിന്നുള്ള വസ്തുവകകൾ മാത്രമേ കുടുംബം വകയായി ഇപ്പോഴുള്ളുവെന്നുള്ളതു പ്രസ്താവ്യമാണ്.

ഉണ്ണുനീലീസന്ദേശകൎത്താവിനു—അഥവാ നായകനു—പ്രസ്തുത ഭവനവുമായുള്ള പ്രണയപ്രബന്ധം അപരിഛേദ്യമായിരുന്നുവെന്നു 106 മുതൽ 110 വരെ പദ്യങ്ങൾകൊണ്ടൂഹിക്കാവുന്നതാകുന്നു. 109-ാം പദ്യത്തിൽ,

'എണ്ണുററിട്ടും ഗുണസമുദയം ചേൎന്നിണങ്ങും കുറുങ്ങാ-
ട്ടുണ്ണിച്ചക്കിക്കടൽവനിതയാം മൽപ്രിയാപ്രേമബന്ധോ'

എന്നു പറഞ്ഞിരിക്കുന്നതിനാൽ സന്ദേശകൎത്താവു പ്രസ്തുത ഭവനത്തിൽനിന്നു 'ഉണ്ണിച്ചക്കി'യെന്നു പേരുള്ള ഒരു തരുണീമണിയെ പരിണയിച്ചിരുന്നതായും കൂടി വിചാരിക്കേണ്ടിയിരിക്കുന്നു.

ഇങ്ങനെ, നായകനു കണ്ടിയൂർമററം കരകളുമായുള്ള ഗാഢമായ പരിചയ

ബന്ധങ്ങൾക്കുള്ള പ്രധാന കാരണം, താൻ അന്നത്തെ 'ഓടവന്നാടർകോനാ'യ ഇരവിവർമ്മന്റെ കണ്ണിലുണ്ണിയായിരുന്നതിനാൽ കൂടക്കൂടെ തദ്ദേശവുമായുള്ള സഹവാസാതിരേകം മാത്രമായിരിക്കണം. 108ാം പദ്യത്തിൽ:—

'നമ്മിൽച്ചാലക്കനിവു കനമുണ്ടാകിലും വീരമൗലേ!
തമ്മിൽക്കാണുമ്പൊഴുതിരവിവർമ്മന്നുമറെറാന്റുചേതഃ
എന്റാലസ്സൽ പ്രിയമിതവനെക്കണ്ടുചൊൽകിച്ചുകൊൾവാൻ
നല്ലേടം ഞാൻ കഥമപി വഴങ്ങിന്റതാത്ര്യദ്ധകീർത്തേ'!

എന്നു വിവരിച്ചിരിക്കുന്നതിൽനിന്നു ഓണാട്ടുരാജാവായ ഇരവിവർമ്മനു സന്ദേശകാരനോടുള്ള വാത്സല്യാധിക്യത്തെ പ്രസ്പഷ്ടമായി രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

ഓണാട്ടുരാജധാനി മാവേലിക്കരയാണെന്നു സ്ഥാപിക്കുന്നതിനും സന്ദേശഹരനെ അങ്ങോട്ടു നടത്തുന്നതിനും മിസ്റ്റർ ഉണ്ണിത്താനെ പ്രേരിപ്പിച്ച മറെറാരു സംഗതി അന്നത്തെ ഓണാട്ടുരാജാവു് മാവേലിക്കര കൊട്ടാരത്തിന്നടുത്തു സ്ഥിതിചെയ്യുന്ന കൃഷ്ണസ്വാമിക്ഷേത്രത്തിലെ ശ്രീകൃഷ്ണനെ ഭജിക്കുന്ന ഭക്തനാണെന്നുള്ളതാണ്. 703-ാം പദ്യത്തിൽ 'ദൃഷ്ട്വാ ദേവം മുരവിജയിനം' എന്നു കാണുന്നതുകൊണ്ടു് അന്നത്തെ കായംകുളാധിപനും മററത്തു താമസക്കാരനുമായ ഇരവിവർമ്മൻ 'മുരവിജയിഭക്ത'നായിരുന്നുവെന്നുള്ളതിൽ ആർക്കും തർക്കത്തിനവകാശമില്ല. എന്നാൽ അദ്ദേഹം മാവേലിക്കര ക്ഷേത്രത്തിലെ കൃഷ്ണസ്വാമിയെത്തന്നേ ഭജിക്കുന്ന ഭക്തനായിരുന്നുവോ? എന്നുള്ളതിലാണ് സംശയിക്കേണ്ടുന്നതു്.

പുരാതനകാലംമുതല്ക്കേ ഓണനാട്ടുരാജാക്കന്മാർ ഈശ്വരഭക്തിയും മതവിശ്വാസവുമുള്ളവരായിരുന്നു; കണ്ടിയൂർ, അരിപ്പാട്ടു, കുരട്ടി മുതലായി രാജ്യത്തിന്റെ നാനാഭാഗങ്ങളിലും പണികഴിപ്പിച്ചിട്ടുള്ള മഹാക്ഷേത്രങ്ങളും ഒട്ടേറെ കിഴ്ക്കൂട്ടു ദേവാലയങ്ങളും അവരുടെ ഭക്തിമഹിമയെ വ്യക്തമാക്കുന്നു. തിരുവനന്തപുരത്തു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന വേട്ടയ്ക്കൊരുമകൻ വിഗ്രഹം കായംകുളത്തു രാജാക്കന്മാരുടെ പ്രത്യേകോപാസനാമൂർത്തിയായിരുന്നു. കായംകുളത്തുരാജാവിന്റെ ശക്തി കുറയ്ക്കുവാൻവേണ്ടി രാമയ്യൻ ആ വിഗ്രഹം ഇവിടെനിന്നും ഇളക്കിച്ചു തന്ത്രത്തിൽ തന്ത്രിയെക്കൊണ്ടു് എടുപ്പിച്ചുകൊണ്ടുപോയ കഥ, ഇവിടങ്ങളിൽ ഒട്ടുംതന്നേ രഹസ്യമല്ലാത്ത ഒരു പുരാതനചരിത്രസംഭവമാണ്.

കായങ്കുളത്തുരാജാക്കന്മാർ പൊതുവെ വിഷ്ണുഭക്തന്മാരും രാജധാനിയ്ക്കടുത്തുള്ള എരുവയിൽ ക്ഷേത്രത്തിലെ ദേവനായ ശ്രീകൃഷ്ണനെ നിത്യം കൈവണങ്ങിപ്പോന്നവരുമായിരുന്നു. മൂപ്പുവാഴുന്ന രാജാക്കന്മാർ മററത്തു താമസിക്കുന്ന സമയങ്ങളിൽ കണ്ടിയൂർക്ഷേത്രത്തിലെഴുന്നള്ളി തദ്ദേവനെ വന്ദിക്കുക പതിവായിരുന്നു. രാജാവു് പ്രത്യേക കുലദൈവമായി ആരാധിച്ചുവന്ന കൃഷ്ണസ്വാമിപ്രതിഷ്ഠ ഇവിടെയുമുണ്ടു്. കണ്ടിയൂർക്ഷേത്രത്തിന്റെ തെക്കുപടിഞ്ഞാറെ കോണിലായിട്ടാണ് ഗോശാലകൃഷ്ണനെ പ്രതിഷ്ഠിച്ചിരിക്കുന്നതു്. ഈ ദേവൻ രാജാവിന്റെ അഭീഷ്ടങ്ങൾ നിവർത്തിച്ചുവന്ന ഒരുഗ്രമൂർത്തിയായിരുന്നു. ഈ ഉഗ്രവിഗ്രഹത്തിന്റെ ശക്തിനിമിത്തം കായങ്കുളം രാജാവു് അജയ്യനെന്നു കാണുകയാൽ ഉടൻ രാമയ്യൻ ഈ പ്രതിഷ്ഠയെ ഇവിടെനിന്നും ഇളക്കുകയാണുണ്ടായതു്. പിന്നീടുമാത്രമേ കായംകുളം തിരുവിതാംകൂറിനോടു ചേർക്കുന്നതിനു കഴിഞ്ഞുള്ളു. ഇന്നും ഈ ബിംബം അതേ സ്ഥിതിയിൽ ഉറപ്പിയ്ക്കപ്പെടാതെ കിടക്കുന്നതേയുള്ളു.

രാജാവിന്റെ താമസസ്ഥലമായ മററത്തു കോയിക്കലിനടുത്തു് സ്ഥിതിചെയ്യുന്ന മററത്തുക്ഷേത്രത്തിലും വിഷ്ണുവിന്റെ അവതാരമായ നരസിംഹമൂർത്തിയെയാകുന്നു പ്രതിഷ്ഠിച്ചിരിക്കുന്നതു്. അതിനടുത്തുതന്നേ ഒരു കൃഷ്ണവിഗ്രഹവുമുണ്ടു്. അതിനാൽ ഇരവിവർമ്മനു മുരവിജയിഭക്തപദവി ലഭിക്കുന്നതിനു മാടത്തിൻകൂർ വകയായ മാവേലിക്കര ക്ഷേത്രത്തിൽ ചെല്ലേണ്ട ആവശ്യം കൂടിയേതീരുവെന്നില്ലല്ലോ.

സാഹിത്യവും സംഗീതവും.

(പറവൂർ കെ. ഗോപാലപിള്ള)

ഒരു സമുദായത്തിന്റെ നാഗരീകസ്ഥിതി നിൎണ്ണയിക്കുന്നതിനു ഏററവും പ്രധാനമായ ഒരു മാനദണ്ഡം അതിന്റെ സാഹിത്യമാകുന്നു. അനുസ്യൂതമായി വളൎന്നുകൊണ്ടിരിക്കുന്ന ഒരു പ്രത്യേകസമുദായത്തിലെ ആചാൎയ്യന്മാരുടെയും, നേതാക്കന്മാരുടെയും, തത്വചിന്തകന്മാരുടെയും, രാജ്യതന്ത്രജ്ഞന്മാരുടെയും ചിന്താസന്താനങ്ങൾ അവരുടെ സാഹിത്യനഭോമണ്ഡലത്തിലാണ് വിഹരിക്കുന്നത്. വിചാരങ്ങൾ മനസ്സിന്റെ സൎവ്വാവയവങ്ങളെയും സ്പൎശിച്ചു അവിടെ കിടന്നു പെരുകി ബഹിൎഗ്ഗമിക്കുമ്പോഴാണ് അതു സാഹിത്യമായി ഒഴുകുന്നതു. ഈ വിധമുള്ള വിചാരസാഗരത്തിലെ തരംഗങ്ങൾ മറുകര കാണാൻ വഹിയാത്ത അതിൽത്തന്നെ ഇളകി ഒതുങ്ങിയിരുന്നാലും ഒരുകാലത്തു അതു തിരസ്പൎശിയായി തീരുമെന്നതിനു സംശയമില്ല. സമുദായഭിത്തികളിൽ അലിഖിതങ്ങളായ ഈ സ്വാത്രപങ്ങളെയാണ് അന്തരീക്ഷത്തിലെ ചൈതന്യവിശേഷം (Sprit in the air) എന്നു വ്യവഹരിച്ചിട്ടുള്ളതു. ചിന്താതന്തുക്കളിൽ കോൎത്തിരിക്കുന്ന സാഹിത്യം അതിനെ നിൎമ്മിച്ചിട്ടുള്ള സമുദായത്തിന്റെ ഭാഹ്യാന്തൎഭാഗങ്ങളെ വിശദമായിക്കാണിക്കുന്ന ഒരു ചിത്രമാകുന്നു.

നമ്മുടെ മനസ്സിന് ചെന്നെത്താൻ കഴിവുള്ളിടത്തോളം പിന്നോട്ടു അതിനെ തിരിച്ചു മനുഷ്യസമുദായത്തിന്റെ ശൈശവദശയെക്കുറിച്ചു വഴിപോലെ ചിന്തിച്ചു നോക്കുമ്പോഴാണ് സാഹിത്യത്തിന്റെ പ്രാക്രൂപം ദൎശിക്കപ്പെടുന്നത്. ഉത്തമങ്ങളായ സാഹിത്യങ്ങൾ അന്നു കരപ്പിടിച്ചിരിക്കയില്ല. പരിതസ്ഥിതികളുടെ പാവയായ മനുഷ്യൻ ജീവസന്ധാരണത്തിനായി അനവരതം ശ്രമിച്ചുകൊണ്ടിരുന്നു. അവന്റെ എല്ലാ ശ്രദ്ധയും ഉദരംഭരണത്തിലാണ് കേന്ദ്രിച്ചിരുന്നതു. പ്രകൃതിയോടു പൊരുതി ജയിക്കാതെ അവനു ഗത്യന്തരമില്ലാതായി. ജയമുണ്ടെങ്കിൽ തോൽവിയും നിശ്ചയം. ജയിച്ചവൻ സന്തോഷംകൊണ്ടും കൃതകൃത്യതകൊണ്ടും നൃത്തം വെച്ചിരുന്നു. തോററവനാകട്ടെ, നൈരാശ്യത്തോടും, കൎത്തവ്യമൌഢ്യത്തോടും തലകുനിച്ച് ദുഃഖിച്ചുകൊണ്ടിരുന്നു. അവിചാരിതമായി ഉണ്ടാകുന്ന ജീവിതസൌകൎയ്യങ്ങളും സുഖസാമഗ്രികളും ഒരു പ്രാഥമിക മനുഷ്യന്റെ ഹൃദയത്തിൽ ഉണ്ടാക്കുന്ന ക്ഷോഭങ്ങൾ ഏതുതരത്തിലുള്ളവയെന്നു ഏതാണ്ടു നമുക്കു അനുമിക്കുവാൻ കഴിയും.

അശനിപാതമേററ ഒരുവനും ദഹിക്കുന്നതു ഒരു പ്രാഥമികൻ കാണുന്നു എന്നിരിക്കട്ടെ,—അവന്റെ മനസ്സിൽ ഉത്ഭൂതമാകുന്ന വിചാരതരംഗങ്ങളും തൻമൂലമുണ്ടാകുന്ന വികാരസഹസ്രങ്ങളും ഹൃദയത്തിന്റെ ദ്രുതതരമായ പരിസ്പന്ദനങ്ങളും വാചാമഗോചരമായിരിക്കും എന്നേ പറയേണ്ടു. ഭീമാകൃതിയിലുള്ള വൃക്ഷങ്ങളെ ചുററിപ്പററി നീരന്ധ്രനിബദ്ധമായി നില്ക്കുന്ന പടപ്പുകൾ അഗ്നിസ്ഫുലിംഗങ്ങളെ ആകാശത്തിൽ വമിച്ചുകൊണ്ടു് ചീറിക്കത്തുന്നതും, അഹമഹമികയാ പൊങ്ങുന്ന പാവകജ്വാലകളെ ചണ്ഡമാരുതൻ സഹായിക്കുന്നതും, കടമറിഞ്ഞു് ഭയങ്കരാരവത്തോടുകൂടി വൃക്ഷങ്ങൾ വീഴുന്നതും പ്രാണരക്ഷാൎത്ഥം കാട്ടുമൃഗങ്ങൾ പലവഴിയായി ഓടിപ്പോകുന്നതും, ചില വന്യജന്തുക്കൾ തീയിൽപ്പെട്ടു കരിഞ്ഞു അന്തരീക്ഷത്തെ ശവഗന്ധിയാക്കുന്നതും മററും പ്രാഥമിയന്റെ ഹൃദയത്തിൽ തിങ്ങിവിങ്ങി ശബ്ദരൂപമായി ബഹിൎഗ്ഗമിക്കുന്നു. സമുദായജീവിയായ ഈ പ്രാഥമികൻ താൻ കണ്ട വിശേഷങ്ങൾ തന്റെ കൂട്ടുകാരനോട് വളരെ തന്മയത്വത്തോടുകൂടി പറഞ്ഞു മനസ്സിലാക്കുന്നു. അവനു ശബ്ദങ്ങളും ഭാഷകളും അത്ര സ്വാധീനമില്ലാതെ കൈകൊണ്ടും മുഖംകൊണ്ടും ആംഗ്യങ്ങൾ കാണിക്കുന്നു.

എന്നിട്ടും അവന്റെ ഹൃദയം ഒഴിയുന്നില്ല. അവനു പറയാനുള്ളതിന്റെ അധികഭാഗവും വ്യാക്ഷേപകശബ്ദങ്ങളെക്കൊണ്ടു നിറയ്ക്കുന്നു. ഇതാണ് സാഹിത്യത്തിന്റെ പ്രാക്രൂപം.

പൂർണ്ണചന്ദ്രൻ ഉദിച്ചിരുന്ന ഒരു ശരൽക്കാലരാത്രി അവസാനിച്ച് വിഭാതപ്രകാശം സമീഹിതമാകുമ്പോൾ ഒരു പ്രാഥമികൻ സൂര്യോദയത്തേയും ചന്ദ്രാസ്തമനത്തേയും ഏകകാലത്തിൽ ദർശിക്കുന്നു എന്നിരിക്കട്ടെ. മാണിക്യപ്രഭനായ അരുണനെ മുൻപിട്ടു സൂര്യൻ ഒരു ഭാഗത്ത്, വിളറി നിഷ്പ്രഭനായി ചന്ദ്രൻ അപരഭാഗത്ത്. ഈ രണ്ടു ദിവ്യഗോളങ്ങളാൽ പ്രകൃതി പ്രാണികൾക്കു സുഖവും ദുഃഖവും ഒരേസമയത്തു ദർശിപ്പിക്കുന്നു, എന്നുള്ള ഒരു ചിത്താനുഭൂതി പ്രാഥമികനിൽ കടന്നുകൂടി അവനെ അസ്വസ്ഥനാക്കുന്നു. താൻ കണ്ട ഈ പ്രകൃതിരഹസ്യം അപൂർണ്ണമായ ഭാഷയാലും ശബ്ദത്താലും, ആംഗ്യത്താലും അവൻ മുൻപോലെ വെളിയിലേക്കു പ്രസരിപ്പിക്കുന്നു. ഏതുഭാഷയിലേക്കും സാഹിത്യത്തിന്റെ പൂർവ്വരൂപം ഈവിധത്തിലാണ് നാം കാണുന്നത്. അനാദ്യന്തമായ പ്രകൃതിയുടെ ഒരു വശത്തുനിന്നു ഒരു ഉദാഹരണമത്രേ നാം ഇവിടെ പരാമർശിച്ചത്. സന്ധ്യാസമയം, പ്രഭാതത്തിലെ കുളുർകാററ് പാതിരാനേരത്തെ നിതാന്തനിശ്ശബ്ദത, പാടിപ്പറക്കുന്ന പക്ഷികൾ, ആരാമങ്ങൾ, പുതുവർഷം, കടൽക്കര, ആസന്നമരണൻ എന്നുവേണ്ട പ്രകൃതിയുടെ ഏതുവശത്തും സാഹിത്യത്തിന്റെ അവയവങ്ങൾ പ്രസ്പുഷ്ടമായിക്കാണുന്നു.

പ്രഭാതസമയം ഉണ്ടാകുന്ന കുളുർക്കാററ് ഏററ് ഉന്മേഷയുക്തരായ പക്ഷികൾ അവയുടെ കളകൂജിതത്താൽ ലോകം മുഖരിതമാക്കുമ്പോൾ എന്തുത്സാഹമാണ് പ്രാണികൾക്കുണ്ടാകുന്നത്? പക്ഷികളുടെയോ, മൃഗങ്ങളുടെയോ, മനുഷ്യരുടെയോ ശൈശവഭംഗി പ്രേക്ഷകജനങ്ങളെ ഹഠാലാകർഷിക്കുന്നില്ലേ? ആകാശം കാർകൊണ്ടിരുണ്ട് പെട്ടെന്നുണ്ടാകുന്ന കാററും മഴയും ഇടിയും മിന്നലും ആരെയും കിടുകിട വിറപ്പിക്കുന്നതാണ്. വിജയിയായ ഒരു നായകനെ അനുഗമിച്ചു കാഹളശബ്ദത്തോടും ഭേരീനാദത്തോടും സ്വനഗരം പ്രാപിക്കുന്ന സൈന്യങ്ങളുടെ ആഹ്ളാദത്തെ ആർക്കു വർണ്ണിക്കാൻ കഴിയും? അവ യൌവ്വനയുക്തന്മാരും രാജ്യപ്രണയികളുമായവരുടെ രക്തത്തെ ദ്രുതതരം ചലിപ്പിച്ചു ആത്മാഭിമാനത്തെ ഉണർത്തുന്നതിന് ത്രൈലോക്യം ശക്തിയേറിയവയാകുന്നു. വൃക്ഷാഗ്രത്തിൽനിന്നും താഴെ വീണ് നിലംപരിശായി കൈകാലുകൾ ശിഥിലീഭവിച്ചുകിടക്കുന്ന ഒരുത്തന്റെ കിടപ്പ് ഹൃദയദ്രവീകരണമായ കാഴ്ചയാകുന്നു. വാർദ്ധക്യകാലത്തെ അവശതയും, ആർത്തിയും, വൃത്തിഹീനതയും, സുഖാനുഭവങ്ങളിൽ തീക്ഷ്ണമായി ഉണ്ടാകുന്ന ഉൽക്കണ്ഠയും, മലമയിയായ ശയ്യോപകരണങ്ങളും ഒരാളുടെ ഹൃദയത്തിൽ ജുഗുപ്സയെയോ, ദൈന്യത്തെയോ ജനിപ്പിക്കാൻ സമർത്ഥങ്ങളാണ്. നവയൌവനയുക്തന്മാരും അനുരൂപന്മാരുമായ സ്ത്രീപുരുഷന്മാരുടെ സമാഗമം, ആലിംഗനചുംബനാദികൾ പരസ്പരം അനിർവ്വാച്യാനന്ദസംദായികൾ തന്നെയാണ്. ഭാര്യാഭർത്താക്കന്മാർ തമ്മിൽ ചിരകാലം വേർപിരിഞ്ഞു വീണ്ടും സംഘടിക്കുമ്പോഴും ഇതേമനോഭാവം തുള്ളിക്കളിക്കുന്നു. ഓമനകളായ സന്താനങ്ങളുടെ അസ്പഷ്ടമായ സംഭാഷണങ്ങളും, പുഞ്ചിരിക്കൊഞ്ചലും അമൃതനിഷ്യന്ദികൾ തന്നെ. മനുഷ്യരുടെ ഏവംവിധങ്ങളായ അനുഭവങ്ങളും ആചാരങ്ങളും തജ്ജന്യമായ വിചാരതരംഗങ്ങളും രൂപീകൃതമായി ഭാഷയിൽക്കൂടെ അന്ത് അന്തരീക്ഷത്തിലേക്കു പ്രവഹിക്കുന്നു. ഇതാണ് സാഹിത്യക്കലവറയെ പരിപുഷ്ടമാക്കുന്ന സംഭാരങ്ങൾ.

സമുദായങ്ങൾ ഉയരുമ്പോൾ സാഹിത്യത്തിന്റെ പരിധി വിസ്തൃതമാകുന്നു. നിയതീകൃതമായ നിയമത്തെപ്പോലും അതു ഉല്ലംഘിക്കുന്നു. അതു സർവ്വ

തന്ത്രസ്വാതന്ത്ര്യമായി സർവ്വരിലും ഒരു അന്തൎയ്യാമിത്വശക്തിയോടുകൂടിയിരിക്കുന്നു. നവംനവങ്ങളായ ചിത്തവൃത്തികളെ സൃഷ്ടിച്ചു നവരസത്തെ അവലംബിച്ചു ആഹ്ലാദൈകമയിയായി ഒടുവിൽ നിർവൃതിയെ ജനിപ്പിക്കുന്നു. സരസ്വതിയുടെ കുചകലശങ്ങളിൽ ആലോചനാമൃതമായ സാഹിത്യം സ്ഥിതിചെയ്യുന്നു എന്നും, സരസ്വതിയുടെ വരനായ നാന്മുഖനാണ് സൃഷ്ടിക്കുന്നതെന്നും, ഇവർ സത്യലോകത്തിൽ വസിക്കുന്നു എന്നും പൌരാണികന്മാർ ഭംഗ്യന്തരേണ വൎണ്ണിച്ചിരിക്കുന്നതിൻെറയും താല്പൎയ്യം മേൽവിവരിച്ചതു തന്നെ. പ്രകൃതിയുടെ ലഘുപരിമാണമാത്രനായ മനുഷ്യനിൽ അതേപ്രകൃതിയുടെ വിവിധരൂപങ്ങൾ പ്രതിഫലിച്ചു ദ്വൈതഭാവത്തെ വിട്ടു ഐക്യം പ്രാപിക്കുന്നു.

സംഗീതത്തിൻെറ പൂൎവ്വരൂപത്തെക്കുറിച്ചു കൂടി നമുക്കു ചിന്തിക്കാം:— അന്തരീക്ഷം ശബ്ദഗുണപ്രധാനമാണ്. വെള്ളത്തിൽ മത്സ്യമെന്നപോലെയാണ് നാം അന്തരീക്ഷത്തിൽ ജീവിക്കുന്നതു. പക്ഷേ നാം ഭൂമിയോട് അതിൻെറ ആകൎഷണശക്തിയാൽ ഒട്ടിയിരിക്കുന്നു എന്നു ഒരു വ്യത്യാസമുണ്ട്. അന്തരീക്ഷം ഒരു ശൂന്യമായ ഭാഗമല്ല. ശൂന്യമായ ഒരു ഭാഗവും ഉണ്ടായിരിക്കാൻ പാടില്ലെന്നാണ് പ്രകൃതിനിയമം. അന്തരീക്ഷത്തിൽ അദൃശ്യമായ വായു സ്ഥിതിചെയ്യുന്നു. അതിനാൽ അന്തരീക്ഷം വായവ്യമാണ്. പ്രകൃതിയുടെ എവിടെയെങ്കിലും എങ്ങിനെയെങ്കിലും ഉണ്ടാകുന്ന ശബ്ദം വായുവിൻെറ വിചിതരംഗസ്വഭാവംകൊണ്ട് പ്രസരിക്കുന്നു

പ്രപഞ്ചം പഞ്ചഭൂതനിൎമ്മിതമാണല്ലൊ. അതുകൊണ്ടു പ്രപഞ്ചത്തിൻെറ അംഗമായ മനുഷ്യരിലും ഭൂതപഞ്ചകങ്ങളുടെ ലഘുപരിമാണങ്ങൾ കാണും. പ്രപഞ്ചത്തിൽ വായവ്യമായ ഒരു അന്തരീക്ഷം ഉള്ളതുപോലെ നമ്മിലും വായവ്യമായ ഒരു അന്തരീക്ഷം ലഘുപരിമാണത്തിൽ സ്ഥിതിചെയ്യുന്നുണ്ട്. മുൻപറഞ്ഞതുപോലെ അന്തരീക്ഷത്തിൽ എല്ലാവിധ ചിന്താസന്താനങ്ങളും വിഹരിക്കുന്നുണ്ട്. എന്നാൽ ഒരു സംഭവം പ്രകൃതിശക്തിയുടെ പ്രചോദനത്താൽ ഒരുവനിൽ പലവിധ ക്ഷോഭങ്ങളെ ഉൽബുദ്ധമാക്കുന്നു. ആ ക്ഷോഭങ്ങൾ അവൻെറ മനസ്സാകുന്ന അന്തരീക്ഷത്തിൽ നിബിഡമായി അതു പ്രമേയമുള്ള ഗുരുപരിണാമമായ അന്തരീക്ഷത്തിലേക്കു ഒഴുകുന്നു. ഈ നിഗമനം ആണ്—ഈ പ്രവാഹമാണ് സംഗീതം എന്നു പറയുന്നതു. വണ്ടുതുളച്ച മുളയിൽക്കൂടി കാററ് അകത്തുപെട്ട് അതു വെളിയിൽ നിർഗമിക്കുമ്പോഴും ഉണ്ടാകുന്ന സ്വനവിശേഷം ഇതുതന്നെയാണ്. ഒരു വീണയുടെ തന്ത്രി ചലിപ്പിക്കുമ്പോഴും ഇതേതത്വം അനുവൎത്തിക്കുന്നു എന്നാൽ ഈവിധമുള്ള ബഹിർഗമനത്തിൽ വെറും സ്വരംഗീതവും, ഒരു ഭാഷയെ ആധാരമാക്കി അൎത്ഥമുള്ള ശബ്ദങ്ങളോടുകൂടി വരുമ്പോൾ അതു സാഹിത്യവും ആകുന്നു എന്നു പ്രത്യേകം മനസ്സിലാക്കേണ്ടതാണ്. ഇത്രയും പറഞ്ഞതിൽനിന്നും സാഹിത്യത്തിനു ഒരു ഭാഷ ആദികാരണമായി ഉണ്ടായിരിക്കണം എന്നു സിദ്ധമായി. സംഗീതത്തിനു ഭാഷയുടെ ആവശ്യമില്ല. കേവലം ശബ്ദങ്ങളുടെ ആരോഹണാവരോഹണങ്ങൾ കൊണ്ടു ഗീതഭംഗി ഉണ്ടാകും. സാഹിത്യത്തിനു അൎത്ഥമുള്ള ശബ്ദങ്ങളുടെ (ഭാഷയുടെ) കൈകാൎയ്യം അത്യാവശ്യമാണ്. വിചാരത്തെ വെളിയിൽ കൊണ്ടുവരുന്നതിനുള്ള ഒരു ഉപകരണമാണല്ലൊ ഭാഷ. അതിനാൽ ഭാഷ വിചാരത്തിൻെറയും വിചാരവികാരങ്ങൾ മനസ്സിലുണ്ടാകുന്ന ക്ഷോഭത്തിൻെറയും അനുക്രമമായ ബഹിർസ്ഫുരണമാകുന്നു. ക്ഷോഭം ഭാഷാരൂപമായി വെളിയിൽ വരുമ്പോൾ അതിനൊരു യഥാൎത്ഥ്യമോ തന്മയത്വമോ ഉണ്ടാകുന്നു. ഇതാണ് രസം എന്നു പറയുന്നതു. വിഭാവം, അനുഭാവം, സഞ്ചാരി ഇതുകളെക്കൊണ്ടു സ്വാദുത്വം സിദ്ധിച്ച രത്യാദി സ്ഥായിഭാവങ്ങൾ സഹൃദയന്മാൎക്കു രസമായിത്തീരുന്നു.

‘വിഭാവേനാനുഭാവേന-വ്യക്തസ്സഞ്ചാരിണാ തഥാ
രസതാമേതിരത്യാദി-സ്ഥായിഭാവസ്സചേതസാം’

ഇതാണ് രസനിർവ്വചനം അതിനാൽ ഭാഷ രസാത്മകമായിരുന്നാൽ മാത്രമേ സാഹിത്യമാകയുള്ളു. അങ്ങനെയുള്ള രസമോ വിവിധങ്ങളാകുന്നു എങ്കിലും ശൃംഗാരം മുതലായ ഒൻപതെണ്ണമായി വകതിരിച്ചിരിക്കുന്നു.

ഭാഷകൂടാതെ കേവലം ശബ്ദങ്ങളുടെ മേളനം അഥവാ ലയമാണല്ലോ സംഗീതം. ഈ ശബ്ദങ്ങളേയും വകതിരിച്ചിട്ടുണ്ട്. വസന്തകാലത്തിൽ പാടുന്ന കുയിലിന്റെ ശബ്ദം, വണ്ടുകൾ പുഷ്പങ്ങളിൽ തേനുണ്ടു പോകുമ്പോൾ ഉണ്ടാകുന്ന മറെറാരു ശബ്ദം, ആടുമാടുകളുടെ കരച്ചിൽ, ഈവിധമുള്ള ശബ്ദവിശേഷങ്ങളെ ആസ്പദമാക്കി സഡ്ജം, ഋഷഭം, ഗാന്ധാരം, മദ്ധ്യമം, പഞ്ചമം, ധൈവതം, നിഷാദം ഇങ്ങനെ ഏഴു സ്വരങ്ങൾ അല്ലെങ്കിൽ പ്രസിദ്ധമായ സപ്തസ്വരങ്ങൾ നിശ്ചയിക്കപ്പെട്ടു.

കരയുമ്പോഴും, ചിരിക്കുമ്പോഴും ഒരു പ്രത്യേകമായ ഭാഷ നാം കാണുന്നില്ല. എങ്കിലും അതിനു ഒരു സ്വനം ആവശ്യമാണ്. കരയുമ്പോഴും ചിരിക്കുമ്പോഴും ഉണ്ടാകുന്ന സ്വനവും ഒരുപോലെയല്ല. ഭയപ്പെട്ടു നിലവിളിക്കുന്നതും ദുഃഖിച്ചു നിലവിളിക്കുന്നതും രണ്ടും രണ്ടാണ്. ഇതുപോലെ ഒരു ക്ഷോഭത്തെ വ്യഞ്ജിപ്പിക്കുന്നതിനു ഇന്നയിന്ന സ്വരം ആവശ്യമാണെന്നു നിശ്ചയിച്ചു. അങ്ങിനെയുള്ള സ്വരങ്ങളുടെ ഹൃദയാഗമമായ വിന്യാസമാണ് രാഗം എന്നു പറയുന്നതു്. സ, രി, ഗ, മ, പ, ധ, നി- ഈ സപ്തസ്വരങ്ങളുടെ വിന്യാസങ്ങൾ കൊണ്ട് സംഖ്യാതീതങ്ങളായ രാഗങ്ങൾ ഉണ്ടായി. അതുകൊണ്ടു സാഹിത്യം ഏതുവിധം ഒരു ക്ഷോഭത്തെ ഭാഷകൊണ്ടു പ്രദർശിപ്പിപ്പാൻ പോകുന്നുവോ അതുപോലെ തന്നെ ആ ക്ഷോഭത്തിനു ഉചിതമായ ഒരു ഭാഗവും കൂട്ടിക്കലർത്തിയിരിക്കേണ്ടതാവശ്യകമാണെന്നു നാം കാണുന്നു.

സംഗീതത്തിനു താളം എന്നൊരു വിഭാഗം കൂടിയുണ്ട്. ഇതു കാലത്തെ കുറിക്കുന്നതാണ്. ഒരു വലിയ കെട്ടിടത്തിന്റെ പതനത്തെക്കുറിച്ചുള്ള ഒരു പാട്ടിൽ വളരെ പതിഞ്ഞ ഒരു താളം എത്രമാത്രം രസസംദായിയായിരിക്കും? സാഹിത്യത്തിൽ ഈ താളം വൃത്തമായിത്തിരുന്നു. അതിനാൽ സംഗീതസാഹിത്യങ്ങളുടെ സമ്മേളനത്തിൽ രസം, ഭാഷ, രാഗം, താളം, ഇവയുടെ സമുചിതമായ സമ്മേളനം ഉണ്ടാകുന്നു. യഥാർത്ഥമായ മേളനം അഥവാ മേളം ഇതാണ്. ഇതു പരമാനന്ദ സംദായിനിയുമാണ് യഥാർത്ഥപരിപൂർണ്ണതയും സംഗീതസാഹിത്യങ്ങളുടെ സമ്മേളനത്തിൽനിന്നുമാണ് ഉണ്ടാകുന്നതു്. ആപാദമധുരമായ സംഗീതവും ആലോചനാമൃതമായ സാഹിത്യവും തമ്മിൽ ഇണങ്ങുമ്പോൾ ജീവാത്മാപരമാത്മക്കളുടെ ഐക്യം ഉണ്ടാകുന്നു.

സാഹിത്യത്തിന്റെ പല വശങ്ങളേയുംകുറിച്ചു പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ നമുക്കു സുലഭമാണ്. അതിൽനിന്നും അതിന്റെ ഏകദേശമായ ഒരു ജ്ഞാനം കിട്ടുവാനും പ്രയാസമില്ല. എന്നാൽ സംഗീതം അങ്ങിനെയല്ല. ഒതുങ്ങാത്ത ഒരു വിഷയമാകുന്നു. സംഗീതത്തെക്കുറിച്ചു പ്രസിദ്ധ പാശ്ചാത്യപണ്ഡിതനായ പ്ലേറേറാ എന്തു പറയുന്നു എന്നു നോക്കുക: ‘സന്മാർഗ്ഗത്തിലേക്കു നയിക്കുന്ന ഒരു നൈതികപന്ഥാവാകുന്നു സംഗീതം. പ്രപഞ്ചത്തിനു പ്രാണനെ ദാനംചെയ്യുന്നതു സംഗീതമാണ്. മനസ്സിനു അതു ചിറകുകൊടുക്കുന്നു. സങ്കല്പരാജ്യത്തിലേക്കു ഭാവനാശക്തിയെ ഒഴുക്കുന്നു. ദുഃഖിതന്മാക്ക് മനശ്ശാന്തി ഉണ്ടാക്കി ജീവിതസ്നേഹം വളർത്തുന്നു. എന്നുവേണ്ട എല്ലാ നന്മകളിലേക്കും മനുഷ്യനെ നയിപ്പിക്കുന്ന ഒരു നിയാമകശക്തിയുടെ ആജ്ഞാവാചകങ്ങൾ ആണ് സംഗീതം എന്നു പറയുന്നതു്. പരമാത്മാവിനെ ദർശിക്കുന്നതിനും, തന്നേയല്ല

അദൃശ്യമായ എല്ലാ വസ്തുക്കളുടേയും, പരിപൂൎണ്ണമായ മനോഹാരിതയേയും സൌന്ദൎയ്യത്തേയും കണ്ടറിയുന്നതിനും നമ്മുടെ ആന്തരചക്ഷുസ്സുകളെ ഈ സംഗീതം വികസിപ്പിക്കുന്നു. സംഗീതം നിൎവ്വികാരമായ പരബ്രഹ്മത്തിൽനിന്നുമാണ് ഊറി ഊറി വരുന്നതു്.'

പ്രകൃതിയിൽ കണ്ട ഒരു സംഭവത്തിന്റെ വശീകരണശക്തിയായിരുന്നല്ലോ പ്രാഥമിക മനുഷ്യന്റെ ഹൃദയത്തിൽ വിചാരതന്തികളെ ചലിപ്പിച്ചതു്. സംഗീതസാഹിത്യം ഇണങ്ങി യോജിച്ചിട്ടുള്ള ഈ ചിന്തകൾ ആ ഹൃദയത്തിൽനിന്നും പൊട്ടി പത്തിനഞ്ചെന്നക്രമത്തിൽ വെളിയിൽ വന്നാൽപോലും അന്യഹൃദയങ്ങളെ വശീകരിക്കുന്നതിനു അതു സമൎത്ഥമാകുന്നു. ആ സ്ഥിതിക്കു ഇതിന്റെ യഥാൎത്ഥരൂപം വശീകരത്തിൽവെച്ചു വശീകരമായിട്ടുള്ളതല്ലയോ ?

മനുഷ്യജീവിതത്തെ സഫലമാക്കിത്തീൎക്കുന്നതു് സാന്മാൎഗ്ഗികജീവിതമാകുന്നു. ഈ സന്മാൎഗ്ഗതത്വങ്ങളുടെ അന്തിമവിരാമം എവിടെയാകുന്നു? സംഗീതത്തിൽ സംശയമില്ല. മനുഷ്യരെ സന്മാൎഗ്ഗത്തിൽകൂടി നയിപ്പിക്കുന്നതു് സംഗീതമാണ് എന്നു താല്പൎയ്യം. സങ്കടവൽ കടലിൽകിടന്നു തകിടം മറിയുന്ന മനുഷ്യനു ആശ്വാസമാൎഗ്ഗങ്ങൾ അജ്ഞാതങ്ങളായിരിക്കുമ്പോൾ സംഗീതം അവിടെ പ്രത്യക്ഷമായി അവന്റെ ചുററും പരിശുദ്ധമായ ഒരു അന്തരീക്ഷത്തെ സൃഷ്ടിച്ചു അന്തഃകരണത്തിനു ശാന്തതയെ പ്രദാനംചെയ്യുന്നു. സൌന്ദൎയ്യം എന്നു പറയുന്നതു് ഒരുപ്രകാരത്തിൽ സംഗീതപ്രവാഹം തന്നെയാണ്. ആ സൌന്ദൎയ്യനദിയുടെ പതനമോ? അനന്തമായ സന്മാൎഗ്ഗസിന്ധുവിൽത്തന്നെ. പ്രേമം എന്താണ് സാക്ഷാൽ സംഗീതം. സാഹിത്യം മനസ്സിന്റെ എല്ലാവശങ്ങളേയും സ്പൎശിച്ചു എന്നു വരുന്നതല്ല. സംഗീതമാകട്ടെ മനസ്സിന്റെ സൎവ്വവശങ്ങളേയും സ്പൎശിച്ചു അതിന്റെ മാലിന്യങ്ങളെ കഴുകി പരിശുദ്ധതയേയും പ്രേമത്തേയും നിറയ്ക്കുന്നു. ഇത്ര മഹത്വമേറിയ സംഗീതത്തിന്റെ അഭാവത്തിൽ ലോകം നിരൎത്ഥകമായും പ്രപഞ്ചം അന്ധകാരവൃതമായും തീരുന്നു.

കന്നുകാലിപ്പിള്ളേർ തങ്ങളുടെ ഗോവൃന്ദങ്ങളെ നിൎദ്ദിഷ്ടസ്ഥാനത്തേക്കു നയിക്കുന്നതിനു ഒരുവക സംഗീതം പൊഴിക്കുന്നു. തങ്ങളുടെ ഓമനസന്താനത്തെ തൊട്ടിലിൽ കിടത്തി മാതാവു മറെറാരുവക സംഗീതം ആലാപിക്കുന്നു. ഭയങ്കരമായ പത്തിവിടൎത്തി കാളകൂടത്തെ വമിച്ചു ഒരു നിമിഷത്തിൽ പരലോകമണയ്ക്കാൻ ശക്തിയുള്ള ഉഗ്രസൎപ്പങ്ങളെ പിടിച്ചു പാമ്പാട്ടികൾ അവയെ തങ്ങളുടെ ആജ്ഞാനുവൎത്തികളാക്കുന്നതും ഒരുവക സംഗീതംകൊണ്ടാണ്.

'പശുവും, ശിശുവും, പാമ്പും - പാട്ടിൻ രസമറിഞ്ഞിടും
അതിന്റെ ഗന്ധമില്ലാതുള്ളവൻ മനുജഗൎദ്ദഭം'

എന്ന സുഭാഷിതം ഉണ്ടായതു മേൽപറഞ്ഞ സത്യത്തെ അതു വെളിപ്പെടുത്തിയതുകൊണ്ടാണ്. എല്ലാക്കലകൾക്കും ഈ ശക്തി, അതായതു മനസ്സിനെ ഒന്നിൽതന്നെ ലയിപ്പിക്കുന്ന ശക്തി ഉണ്ടെങ്കിലും സംഗീതസാഹിത്യങ്ങളിൽ അതു് യഥാക്രമം ഉജ്വലത്തായിതന്നെയിരിക്കുന്നു. ഒന്നിൽനിന്നും മറെറാന്നു വേൎതിരിക്കാൻ പാടില്ലാത്തവിധമാണ് ഇതിന്റെ നില; അല്ലെങ്കിൽ യോഗം. 'Art expresses the one or the same by different.' നാനാത്വത്തിൽ ഏകത്വത്തെ ദൎശിപ്പിക്കുകയാകുന്നു കലകളുടെ സ്വഭാവം.

ഗീതത്തിൽ ഒരു കവിതയും കവിതയിൽ ഒരു ഗീതവും ഉണ്ടായിരിക്കണം. കവിതയിൽ സംഗീതരസം തീരെ ഇല്ലാതെവരുമ്പോൾ എന്തൊരാസ്വാദ്യതയാണുള്ളതു്. അച്ചടി കണ്ടുപിടിക്കാത്ത ആ പ്രാചീനകാലത്തു വേദങ്ങളെ കാണാതെ പഠിക്കുവാൻ സഹായിച്ചതു സാഹിത്യസംഗീതങ്ങളുടെ ഈ സമ്മേളനമായി

രുന്നു. പദ്യസാഹിത്യത്തിനു ഭാഷയേയും ഘടനേയും അനുബന്ധിച്ചുള്ള ഒരു പരിധി ഉണ്ട്. എന്നാൽ സംഗീതത്തിനു ഒരു പരിധിയുമില്ല. സാഹിത്യത്തിന്റെ സമ്പക്കംകൊണ്ട് സംഗീതത്തിനും ഒരു പരിധി ഉണ്ടാകുന്നു. സംഗീതരസം ഭാഷയുടേയും സാഹിത്യത്തിന്റേയും സംയുക്താവസ്ഥയിൽനിന്നും ശതഗുണമായി ഭവിച്ചു അനന്തതയിലേക്കു ലയിക്കുന്നു. അതിനാൽ സാഹിത്യരാസിക്യം സംഗീതരസത്തിനു മുൻപേ അവസാനിക്കുന്നു. ഭാഷയ്ക്കു ഒരു സ്വതന്ത്രതയില്ല, സംഗീതത്തിനു അതുണ്ട്. അത്ഥമില്ലാത്ത ശബ്ദങ്ങൾകൊണ്ട് സംഗീതം തുടന്നു കൊണ്ടുപോകാം. ആലാപംകൊണ്ടതിൽ മനോധമ്മവും കാണിക്കാം. ദ, ദ, രീ-നം, നം, എന്നൊ ശങ്കരാ, രി, രി. എന്നോ അഥവാ ബങ്കാളി ഭാഗവതർമാർ നാരണനാരായണാ എന്നോ, മഹമ്മദീയ സംഗീതജ്ഞന്മാർ ടി, റി, നാരി, എന്നോ ഒക്കെ യഥോചിതം ആലാപം നടത്തി ഒന്നോ രണ്ടോ മണിക്കൂർനേരം ശ്രോതാക്കളെ സാലഭഞ്ജികമാരാക്കുന്നതു യഥാത്ഥത്തിൽ ഒരു ഇന്ദ്രജാലവിദ്യതന്നെയാണ്. വിചാരങ്ങളും, സ്തോഭങ്ങളും, ആശയങ്ങളും എന്നുവേണ്ട മാനസികമായുള്ളതെല്ലാം രാഗത്തിൽക്കൂടി ഒഴുകിയാൽ അതിൽ ശ്രോതാക്കളും ഒഴുകിപ്പോകുന്നു. ചുരുക്കത്തിൽ നല്ല കവികൾ സംഗീതജ്ഞന്മാരും, നല്ല ഗായകന്മാർ കവികളുമാകുന്നു.

സംസ്കൃതപദ്യകലയുടെ ജനയിതാവെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്ന ഭഗവാൻ വാല്മീകി, ക്രൗഞ്ചമിഥുനങ്ങളിൽ ഒന്നിനെ വ്യാധൻ എയ്തുവീഴ്ത്തിയതു കണ്ടു സന്തപിച്ചപ്പോളാണ് അനുഷ്ടിപ്ഛന്ദോരൂപമായി സാഹിത്യസംഗീതങ്ങളുടെ ഏകീഭാവം ആവിർഭവിച്ചതു്. ഈശ്വരനിലുള്ള പരാനുരക്തിതാപംകൊണ്ട് വിചാരിക്കുന്നതു ഗാനമായും പ്രവത്തിക്കുന്നതു നൃത്തമായും രൂപാന്തരപ്പെട്ടിട്ടുള്ള ജയദേവരുടെ അഷ്ടപദി സാഹിത്യസംഗീതസമ്മേളനത്തിന്റെ മൂർദ്ധാഭിഷിക്തോദാഹരണമാണ്. തെലുങ്കുപണ്ഡിതനും മുമുക്ഷുവുമായിരുന്ന ത്യാഗരാജന്റെ കൃതികളും സാഹിത്യസംഗീതങ്ങളുടെ പരസ്പരാശ്ലേഷത്തോടുകൂടിയതാണ്. കേരളീയകവികളിൽ സ്വാതിതിരുനാൾ ഈ പ്രസ്ഥാനത്തെ നമുക്കു കുറഞ്ഞൊന്നു മാഗ്ഗദശകമാക്കിത്തന്നിട്ടുണ്ട്. ആധുനികലോകൈകമഹാകവി എന്നു വിഖ്യാതനായ രവീന്ദ്രനാഥടാഗൂർ, അദ്ദേഹത്തിന്റെ ഗീതാഞ്ജലി, ചന്ദ്രക്കല, മുതലായ കൃതികളിൽ സാഹിത്യത്തേയും സംഗീതത്തേയും നീരക്ഷീരന്യായേന നിബന്ധിച്ചിട്ടുണ്ട്. സംഗീതസാഹിത്യങ്ങളെ കൂട്ടിയിണക്കുക എല്ലാ ഭാഷയിലും അത്ര സുഗമമല്ല. എന്നാൽ തമിഴ് ഭാഷയ്ക്കു ഇതിന്റെ ശക്തി ഒന്നു വേറെതന്നെയാണ്. തായുമാനവർ, മാണിക്യവാചകർ, മുതലായ ഭക്തസിദ്ധശിരോമണികളുടെ 'പാടൽ' എത്ര ഇമ്പമായിരിക്കുന്നു. നവീനകാലത്തു ഭാസ്കരസ്വാമി, സുന്ദരസ്വാമി എന്നിവരുടെ കൃതികളും സംഗീതസാഹിത്യങ്ങളുടെ അനവദ്യമായ മഹിമയെ വെളിപ്പെടുത്തിയിട്ടുണ്ട്.

വള്ളത്തോളിന്റെ കൊച്ചുസീത.

ഒരു നിരൂപണം.

(കവിരാക്ഷസൻ).

(തുടച്ച)

"വിട്ടുപോയ ദേവി സീതയ്ക്കു" എന്നിടത്തു സീതയ്ക്കു" എന്നഷഷ്ഠ്യന്തത്തിന്നു വ്യസ്തപദമായ "ദേവി" എന്ന പ്രഥമാന്തം വ്യാകരണസമ്മതവും പ്രയോഗസാധുവും അല്ല. "വേശ്യാവൃത്തിയുടെ ലോകനിന്ദ്യതയെ ഓത്തു ഞാൻ കരയുംതോറും ആചാരപ്രിയയായ മുത്തശ്ശി എന്നെ വേശ്യാവൃത്തിയിലേയ്ക്കു ന

യിപ്പാൻ ശ്രമിക്കയാണുണ്ടായതു്" എന്നുള്ള അർത്ഥത്തെ ഉള്ളിൽവെച്ചുംകൊണ്ടു കവി ചമ്പകവല്ലിയെക്കൊണ്ടു് പറയിക്കുന്നതു കേൾക്കേണ്ടതാണു്,

താളിയോലക്കുറിപ്പിതെൻ തപ്താശ്രു—
ക്ഷാളനാലവർക്കേറെ ത്തെളികയായ"

ഇതാണു് ആ വാക്യം. താളിയോലക്കുറിപ്പിൽ തപ്താശ്രു വീണതെങ്ങനെയാണാവോ! താളിയോലയുടെ മുകളിൽ ഇരുന്നിട്ടായിരിക്കുമോ ചമ്പകവല്ലി കരഞ്ഞതു്? ഔ! കവിതയുടെ കെട്ടു വല്ലാത്ത കെട്ടുതന്നെ. "വല്ലി" ശ്രദ്ധമായി വീട്ടുവിട്ടോടിപ്പോയതു വേടനമ്പെയ്ത മാൻപേടപോലെയാണെന്നു് കവി പറയുന്നു. ഈ ഉപമ അസാരസ്യകലുഷിതമാണു്. ജാരന്റെ ആക്രമണത്തെ അനുഭവിച്ചു് പിന്നെ അതിൽനിന്നും രക്ഷപ്പെടാൻ ഓടുകയാണു് അവൾ ചെയ്യുതെങ്കിൽ ഈ ഉപമ ഹൃദ്യമായിരുന്നേനേം. ഇവിടെ അത്രയൊന്നും ഉണ്ടായിട്ടില്ല. ജാരന്റെ ആക്രമണത്തിനു മുമ്പിൽത്തന്നെ കൊച്ചുസിത ഓടിപ്പോയി. അതുകൊണ്ടു "വേടനമ്പെയ്ത" എന്നല്ല; "വേടനെക്കണ്ടു" എന്നാണു് വേണ്ടതു്. ഇവൾ ഇങ്ങനെ രാത്രിയിൽ പോന്നദിവസം വല്ലാത്ത കൂരിരുട്ടുണ്ടായിരുന്നുവെങ്കിലും നക്ഷത്രങ്ങൾ വഴി കാണിച്ചിരുന്നുവത്രെ. ഇതു ചെമ്പകവല്ലി കത്തിൽ പറഞ്ഞിട്ടുണ്ടു്. അടുത്തുതന്നെ ഇങ്ങനേയും കാണുന്നു:—

"താരകങ്ങളേ, നിങ്ങളിൽ വർത്തിച്ചു
പോരുമെൻ മുത്തു മുത്തശ്ശിമാരെല്ലാം
ദൂരേകൊണ്ടു കാണുന്നതില്ലേന്നോ
ഭാരതത്തിന്റെ വൈപരീത്യങ്ങളെ"

നക്ഷത്രങ്ങളോടു ഇങ്ങനെ നേരിട്ടു കാര്യം പറയേണ്ട ആവശ്യം ഇപ്പോൾ എന്താണെന്നു മനസ്സിലാകുന്നില്ല. പോരുന്ന രാത്രി ആ നക്ഷത്രങ്ങളെ കണ്ടു ആ നക്ഷത്രങ്ങളോടു അന്നാണു് വല്ലതും പറയേണ്ടതു്. അതെല്ലാം കഴിഞ്ഞിട്ടു പത്തുദിവസം ആയി. പത്തുദിവസം മുമ്പു് നക്ഷത്രങ്ങൾ വഴികാണിച്ചു എന്നു പറയുമ്പോൾ ആ നക്ഷത്രങ്ങളെ സംബന്ധിച്ചെയ്യു കാര്യം പറയുന്നതു് അനുചിതവും അസംബന്ധവുമാണു്. അതുമാത്രമല്ല, തന്റെ മുത്തശ്ശിമാരെല്ലാം നക്ഷത്രങ്ങളായി നഭോമണ്ഡലത്തിൽ പ്രശോഭിയ്ക്കുന്നുണ്ടാകുമെന്നു ചെമ്പകവല്ലി അനുമാനിക്കുന്നതായി മുകളിൽ ഉദ്ധരിച്ച പംക്തിയിൽനിന്നു മനസ്സിലാകുന്നു. അവളുടെ ആ അനുമാനത്തിനു വല്ല അടിസ്ഥാനവുമുണ്ടോ? വേശ്യാവൃത്തിയിൽ ജീവിക്കുന്നവൾക്കു ഒരു ഗതിയുമില്ലെന്നും എന്നും നരകത്തിൽ കിടക്കേണ്ടിവരുമെന്നും ഇവളുടെ എഴുത്തിൽനിന്നു കിട്ടുന്നുണ്ടു്. നല്ല അഭിപ്രായം പറയുന്ന ചെമ്പകവല്ലി, സ്വർഗ്ഗസ്ഥരായ നക്ഷത്രങ്ങളുടെ കൂട്ടത്തിൽ മരിച്ചുപോയ മുത്തു മുത്തശ്ശിമാരുണ്ടാകുമെന്നു് ഊഹിക്കുന്നതു് ഒരുവിധത്തിലും ഭംഗിയല്ല. വള്ളത്തോൾ അറിയാതെതന്നെ 'കൊച്ചുസീത' മുഗ്ദ്ധയായി. ഇതു കവിവാക്യമാണെങ്കിൽ ക്ഷന്തവ്യമായിരുന്നു.

ഈ എഴുത്തിന്റെ മദ്ധ്യത്തിൽ കവിതന്നെ ചിലതു കടന്നു പറയുന്നുണ്ടു്. അതാ!! ബ്രാക്കറ്റിന്റെ ഉള്ളിൽ, "അക്ഷരമിങ്ങു കൈവിറയാൽ ചെരിഞ്ഞശ്രുവാതാൽ നനഞ്ഞുമിരിക്കുന്നു." എന്നു രണ്ടു വരി കാണുന്നു. ഇപ്പോഴൊക്കെ കവിതകൾ വായിക്കുന്നവർക്കേ കാര്യം അറിഞ്ഞു രസിക്കാൻ സാധിക്കയുള്ളൂ. കേൾക്കുന്നവർക്കു് ഒന്നും മനസ്സിലാകയില്ല. ബ്രാക്കറ്റും കൊട്ടേഷനും കോമയും സിമിക്കോളനും ഡാഷ്ഷും ആശ്ചര്യചിഹ്നവും മററും കണ്ടിട്ടുവേണം മിക്ക അർത്ഥങ്ങളും മനസ്സിലാക്കാൻ. അപ്പോൾ നോക്കിവായിച്ചെങ്കിൽമാത്രമേ കാ

ത്വമുള്ളൂ. ശ്രാവ്യകാവ്യം എന്ന പേര് ഇന്നത്തെ കൃതികൾക്കു പറയുന്നതല്ല. ആ ഒരു വിഭാഗംതന്നെ ഇന്ന് ആവശ്യമില്ല. എല്ലാം ദൃശ്യകാവ്യങ്ങളുടെ കൂട്ടത്തിൽപ്പെടുത്തേണ്ട ദിക്കായി. ഇന്നത്തെ ചില കൃതികൾ, കണ്ടാലും പോര; അഭിനയിക്കുകതന്നെ വേണം; എന്നാലേ അർത്ഥം മനസ്സിലാകയുള്ളൂ. ഒരുതരം നാടകങ്ങൾതന്നെയാണ് ഇന്നു നിർമ്മിക്കപ്പെടുന്നവ. ഇന്നത്തെ ഇത്തരം കവിതകളുടെ ഗതിയറിഞ്ഞിട്ടുതന്നെയായിരിക്കണം പൂർവ്വിക വിദ്വാന്മാർ "നാടകാന്തം കവിത്വം" എന്ന് അഭിപ്രായപ്പെട്ടിട്ടുള്ളത്. ഏതായാലും ഈ സ്ഥിതി ഒരുതരത്തിലും അനുകരണീയമല്ലെന്നാണ് എന്റെ അഭിപ്രായം. ഇനിയും അപ്രകൃതത്തിൽ കടന്നു ചുററിസ്സഞ്ചരിക്കുന്നില്ല.

കൈ വിറയ്ക്കുന്നതുകൊണ്ട് അക്ഷരം ചെരിയുകയും അശ്രുപതിക്കുന്നതുകൊണ്ട് അക്ഷരം നനയുകയും ചെയ്യുന്നത് അസംഭാവ്യമാണ്. അക്ഷരം വളയുകയും മായുകയുമാണ് ചെയ്യുവാൻ വഴിയുള്ളത്. നനവു കടലാസ്സിന്നാണ് പററുക. പത്തുദിവസമായിട്ടും അന്നത്തെ കിതപ്പു മാറിയിട്ടില്ലെന്നു പറയുന്നതിൽനിന്നു പത്തുദിവസം കഴിഞ്ഞിട്ടാണ് ഇവൾ എഴുത്ത് എഴുതിയതും ആത്മഹത്യചെയ്തതും എന്നു സുസ്പഷ്ടമാകുന്നുണ്ടല്ലോ. വീട്ടിൽനിന്നു ഓടിപ്പോന്നിട്ട് ഇത്രദിവസം അങ്ങിങ്ങു ചുററിയതും പിന്നെ ആത്മഹത്യചെയ്തതും ഒന്നും യോജിക്കുന്നില്ല. വീട്ടിൽനിന്നു പോന്ന അന്നുതന്നെയായിരുന്നു വേണമെങ്കിൽ ആത്മഹത്യ ചെയ്യേണ്ടിയിരുന്നത്. അതു ചെയ്യാതെ ചെമ്പകവല്ലി എന്തിനാണ് ചുററിസ്സഞ്ചരിച്ച് പത്തുദിവസം കളഞ്ഞത്? ഇങ്ങനെ ചുററിത്തിരിഞ്ഞ സ്ഥിതിയ്ക്കു ഇവൾ ആത്മഹത്യ ചെയ്യേണ്ടിയിരുന്നില്ല. ചുററിത്തിരിയലും ആത്മഹത്യയുംകൂടി ചേരുന്നില്ല.

ഭാരതഭൂമിയോടു ജയോക്തിയും ചെയ്തുകൊണ്ടാണ് ചമ്പകവല്ലി ഈ എഴുത്തവസാനിപ്പിക്കുന്നത്. ഇത്രയും ദീർഘമായ ഒരെഴുത്തിന്റെ യാതൊരാവശ്യവും ഈ കവിതയ്ക്കില്ല. "കൊച്ചുസീത"യുടെ പകുതിഭാഗവും ഈ കത്തു കരസ്ഥമാക്കിയിരിക്കുന്നു. ജാരൻ അകത്തു കടന്നു, മുണ്ടുകൊണ്ടു മൂടി വെറും തലയിണമാത്രം കണ്ടപ്പോൾ ചെമ്പകവല്ലിയുടെ സ്ഥിതിയറിയാൻ ഉൽക്കണ്ഠിതമായിത്തീർന്ന വായനക്കാരുടെ ഹൃദയത്തിന്ന് ഇത്രവലിയ ഒരു എഴുത്ത് ആവശ്യമില്ല. വല്ലതും ഒരു പത്തുപന്ത്രണ്ടു വരികൾ അടങ്ങിയ ഒരു എഴുത്താണ് ഉചിതമായിട്ടുള്ളത്. കവി തന്നെ ഒന്നു ആററിക്കുറുക്കിനോക്കിയാൽ ഈ ദീർഘലേഖനത്തിന്റെ ഒരു ചുരുക്കം എടുക്കാൻ സാധിക്കുന്നതാണ്. വള്ളത്തോളിന്റെ അഭിപ്രായം തട്ടിവീക്കി ചമ്പകവല്ലിയുടെ എഴുത്തു വലിച്ചുനീട്ടേണ്ടിയിരുന്നില്ല. വായനക്കാർക്ക് ഇത് നീരസമായിട്ടാണ് തീർന്നത്. ഈ എഴുത്തോടുകൂടി കൊച്ചുസീത വെറുങ്ങനെ പരിസമാപിക്കുന്നില്ല. പുതിയ ശൈലിയെ അനുസരിച്ചു "ക്ഷുദ്ധിതത്വമേ, സ്വാർത്ഥപരതത്വമേ, നിർദ്ദയതത്വമേ" എന്നു ചില സംബോധനങ്ങളും ചെയ്തുകൊണ്ടാണ് മഹാകവി "ശുഭ"ത്തിൽ പ്രവേശിക്കുന്നത്. ഇങ്ങനെ 'കൊച്ചുസീത'യുടെ 'കഥ' കഴിഞ്ഞതോടുകൂടി ഈ നിരൂപണവും കഴിച്ചുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

നിക്ഷേപകുംഭം.

ഒരു ദൃശ്യകാവ്യം.

(വിദ്വാൻ ആർ. വാസുദേവൻ കർത്താ).

കഥാപാത്രങ്ങൾ:—

മാധവമേനോൻ—ഒരു ധനികനായ നായർപ്രഭു.

ഭാർഗ്ഗവിക്കുഞ്ഞമ്മ—ടിയാന്റെ ഭാര്യ.

ശങ്കരൻനായർ, രാമക്കുറുപ്പു—മാധവമേനോന്റെ ഭൃത്യന്മാർ.

മമ്മതുകുഞ്ഞ്—ഒരു പാപ്പരു പൊളിഞ്ഞ പലഹാരക്കച്ചവടക്കാരൻ.

നാണ്ണൻ കങ്കാണി—ഒരു മൺവേലക്കാരൻ.

പിരു—മമ്മതുകുഞ്ഞിന്റെ മകൻ.

പോലിസുദ്യോഗസ്ഥൻ, കാൺസ്റ്റബിൾമാർ, ഭൃത്യന്മാർ മുതലായവർ.

രംഗം ൧.

മാധവമേനോന്റെ ഗൃഹത്തിന്റെ മുൻഭാഗം.

മാധവമേനോനും മമ്മതുകുഞ്ഞും പ്രവേശിക്കുന്നു.

മാധവമേനോൻ. "മമ്മതേ, ഞാൻ പറഞ്ഞിട്ടു നിനക്കു വിശ്വാസം തോന്നുന്നില്ല, അല്ലേ? ഞാൻ എന്താണ് ചെയ്യേണ്ടതു്? പണമില്ലാതെ എന്തു കാണിക്കും? ഈയിട പണത്തിനു വലിയ ബുദ്ധിമുട്ടായിരിക്കുന്നു. പൊലി കടക്കാരാരും പണം തരുന്നില്ല. ഇവിടുത്തെ അത്യാവശ്യത്തിനുപോലും പണം ഇല്ലാതെ ഞാൻ കിടന്നു തകിടംമറിയുകയാണ്. എന്റെ കയ്യിൽ ധാരാളം പണം കെട്ടിയിരിപ്പുണ്ടെന്നാണ് ആളുകളൊക്കെ കരുതിയിരിക്കുന്നതു്. നിന്റെ വിചാരവും അങ്ങനെതന്നെയായിരിക്കും—അല്ലേ?

മമ്മതുകുഞ്ഞു. ഏമാന്നേ! മമ്മതിനു അത്ര വളരെപ്പണമൊന്നും വേണ്ടാ. ഈയിടെ കുറച്ചു തൊന്തരവൊക്കെപ്പററി. നമ്മുടെ മച്ചമ്പി മക്കാരുകുഞ്ഞു ചതിച്ചതാണ്. ഞാൻ അവനെ വിശ്വസിച്ചു. ഒടുവിൽ അവൻ നമ്മുടെ മുഖത്തു കരി വാരി തേച്ചു. ഇപ്പോൾ ഒരു വാറണ്ടുശിപായി വന്നിരിക്കുന്നു. അയാൾ വല്ലാത്ത പുള്ളി. നമ്മളെ എടത്തോട്ടും വലത്തോട്ടും വിട്ടില്ല. അയാൾക്കു വല്ലതും നാലഞ്ചുറുപ്പിക കൊടുക്കണം. അതിനു ഇവിടുന്നു വിചാരിച്ചെങ്കിലേ സാധിക്കൂ.

മാ. മേ. അതിനിപ്പോൾ ഞാൻ എന്തുചെയ്യണമെന്നാണു നീ പറയുന്നതു്?

മ. കു. ഏമാനൻ പെട്ടി ഒന്നു തുറന്നുനോക്കിയാൽ മതി. മമ്മതിനു വേണ്ട തുക അതിൽ ഇല്ലാതെ വരികയില്ല.

മാ. മേ. ഞാൻ അറിയാതെ എന്റെ പെട്ടിയിൽ പണമുണ്ടാകുമോ മമ്മതേ? നീ എന്താണ് ഇങ്ങനെ സിദ്ധാന്തം പിടിക്കുന്നതു്?

മ. കു. ഏമാന്റെ ശീലം അറിയാവുന്നതുകൊണ്ടു തന്നെ. ഈ നിന്ന നില്പിൽ ഒരു നൂറു രൂപാ തരുവാൻ ഏമാൻ വിചാരിച്ചാൽ ഒരു പ്രയാസവുമില്ലെന്നു മമ്മതിനു നല്ലപോലെ അറിയാം.

മാ. മേ. അതു് എങ്ങനെ അറിയാം നിനക്ക്?

മ. കു. മമ്മതും ഈ നാട്ടിൽ പിറന്നു വളന്നവനല്ലേ? കൊച്ചിലേതന്നെ ഒരു കാശു വെറുതെ കളയുന്ന ശീലം ഏമാന്നില്ല. ഏമാൻ ഒന്നു തുമ്മിയാൽ പത്തോ രണ്ടായിരമോ വെള്ളിരൂപാ വെളിക്കു ചാടും.

മാ. മേ. എനിക്കു പാഞ്ചാലിയുടെ അക്ഷയപാത്രം ആരും തന്നിട്ടില്ല. ഞാൻ ചാത്തനെ സേവിച്ചു പ്രത്യക്ഷമാക്കീട്ടുമില്ല. എങ്കിലും ഒരു കാര്യം മമ്മതു പറഞ്ഞതു ശരിയാണ്. ഞാൻ ഇപ്പോഴത്തെ ചില മൂതേവികളെപ്പോലെ

മദ്രാസുമന്മലും ഉടുത്തു, വീടിയും വലിച്ചു, കള്ളും കുടിച്ചു, കഞ്ചാവും പിടിച്ചു, 'പത്താഴം പെറും ചക്കികുത്തും അമ്മവെയ്ക്കും ഞാനുണ്ണും' എന്ന മട്ടിലൊന്നും നടന്നിട്ടില്ല. എനിക്കു് അതു ഇഷ്ടവുമല്ല.

മ. കു. അതേ, നല്ല തറവാട്ടുകാരായാൽ അങ്ങനെയൊക്കെയാണു വേണ്ടതു്. നെല്ലും പണവും ഒക്കെ വന്നുംപോയും ഇരിക്കും. എന്നാലും ആളും അവസ്ഥയും വിടരുതു്.

മാ. മേ. പണമാണെങ്കിൽ അതു ന്യായമായിട്ടു സമ്പാദിച്ചെങ്കിൽ മാത്രമേ ഇരിക്കയുള്ളൂ. വേലചെയ്തു സമ്പാദിക്കണം. അന്യായമായിട്ടു മറ്റൊരുത്തന്റെ വക അപഹരിക്കുവാൻ നോക്കരുതു്.

മ. കു. 'തട്ടിപ്പറിച്ചാൽ പൊട്ടിത്തെറിക്കും' എന്നല്ലേ പറയണതു്.

മാ. മേ. നോക്കു്, മമ്മതേ, എനിക്കു് ഈ തറവാട്ടുമൂപ്പു കിട്ടിയപ്പോൾ ഇവിടത്തെ സ്ഥിതി എന്തായിരുന്നു? ഇപ്പോഴത്തെ സ്ഥിതിയെന്താണു്? നിനക്കു രണ്ടും അറിയാമല്ലോ.

മ. കു. അതല്ലേ മമ്മതു പറഞ്ഞതു്. ഏമാന്റെ പെട്ടി ഒന്നു തുറക്കണമെന്നു്. പടച്ചവന്റെ സഹായംകൊണ്ടു് ഏമാൻ ഭാഗ്യംപിറന്ന തങ്കക്കൊടമാണു്. അതുകൊണ്ടു് എന്റെ അപേക്ഷ സാധിക്കാൻ ഇവിടുത്തേക്കു ഒരു പ്രയാസവുമുണ്ടാകയില്ല. മമ്മതിനെ വിശ്വാസമില്ലാഞ്ഞിട്ടാണെങ്കിൽ അതു പറഞ്ഞാൽ മതി. മമ്മതു വല്ല പണയവും വേണെങ്കിൽ കൊണ്ടുവരാം.

മാ. മേ. ഞാൻ പറഞ്ഞതു നിന്നെക്കുറിച്ചുള്ള വിശ്വാസക്കുറവുകൊണ്ടല്ല. പണത്തിന്റെ ഞെരുക്കംകൊണ്ടു പറഞ്ഞതാണു്.

മ. കു. അൻപതുറുപ്പികയ്ക്കു അത്യാവശ്യം വന്നാൽ വേണ്ട പണയം വെയ്ക്കാനുള്ള പണ്ടവും പാത്രവുമെല്ലാം മമ്മതിന്റെ വീട്ടിലുണ്ടായിരുന്നു. അതൊക്കെ അലമാറായിപ്പോയി. എങ്കിലും ഒരു ചെമ്പുകലം ഇരുപ്പുണ്ടു്. ഇട്ടലി പുഴുങ്ങാനുള്ള പാത്രമാണു്. പന്ത്രണ്ടുറുപ്പിക കൊടുത്തു മമ്മതു വാങ്ങിച്ചിട്ടു കുറച്ചുകാലമേ ആയൊള്ളൂ.

മാധവമേനോൻ ആലോചനാഭാവം നടിച്ചിരിക്കുന്നു.

മ. കു. (ഒരു വശത്തേക്കു തിരിഞ്ഞു്) എടാ, പീരു, അതിങ്ങു കൊണ്ടുവാടാ.

പീരു ചെമ്പുപാത്രം കൊണ്ടുവന്നു, പ്രയാസപ്പെട്ടു തലയിൽനിന്നു് താഴെയിറക്കി മുററത്തു വെയ്ക്കുന്നു.

മാ. മേ. മമ്മതുകുഞ്ഞേ, ഞാൻ നിന്നോടു പറഞ്ഞതു് പരമാൎത്ഥം തന്നെയാണു്. എന്റെ കയ്യിൽ ഒരു കാശുപോലുമില്ല. പിന്നെ, മമ്മതുകുഞ്ഞിന്റെ കാൎയ്യമാകകൊണ്ടു് പെട്ടി ഒന്നു പരിശോധിച്ചു നോക്കാം.

മ. കു. അതു മതി. അങ്ങുന്നിന്റെ പെട്ടിയിൽ പണമില്ലെങ്കിൽ എനിക്കു സങ്കടമില്ല. ഞാൻ വന്നതുപോലെ പൊയ്ക്കൊള്ളാം. ഇവിടുത്തേക്കുള്ള ഭാഗ്യം ആൎക്കു കിട്ടും!

മാ. മേ. ഭാഗ്യം! ഓ, ഭാഗ്യം ഉണ്ടെങ്കിൽ ഇങ്ങനെ വല്ലതും വേണോ? (അല്പം ചിന്താഗ്രസ്തനായിരുന്നിട്ടു്) അപ്പോഴേ! വടക്കെങ്ങാണ്ടു ദിവ്യനായ ഒരു തങ്ങൾ ഉണ്ടെന്നു് ആരാണ്ടൊക്കെപ്പറഞ്ഞല്ലോ. നിനക്കു് അയാളെക്കുറിച്ചു വല്ലതും അറിയാമോ?

മ. കു. ഓഹോ! മാറാത്ത വ്യാധികളെല്ലാം ജിന്നിന്റെ സഹായംകൊണ്ടു പൊറുപ്പിക്കുന്ന ഒരു പക്കിരിയല്ലേ? അയാളിപ്പോൾ കോഴിക്കോട്ടങ്ങാടിയിൽ താമസമാണെന്നു മക്കാരുകുഞ്ഞിന്റെ കെട്ടിയോളു പറഞ്ഞു.

മാ. മേ. അയാൾക്കു ജ്യോതിഷം അറിയാമോ? നമുക്കു നേരിട്ടു് അറിയാൻ പാ

ടില്ലാത്ത സംഗതികളൊക്കെ അയാൾ പ്രത്യക്ഷത്തിൽ കണ്ടതുപോലെ പറയുമത്രേ.

മ. കു. (പീരുവിനോട്ട്) എടാ, ഇന്നലെ പരീതുകാക്കാ അയാളെക്കുറിച്ചു ഏതാണ്ടൊക്കെ പറേണെതു കേട്ടല്ലോടാ.

പീരു. പിന്നെ, പിന്നെ, എന്തു ചോയിച്ചാലും എളുത്ത് എളുതിക്കൊടുക്കുമെന്ന് കാക്കാ പറേണെ കേട്ടു.

മാ. മേ. അതേ, ദുർഘടമായിട്ടുള്ള ഏതു കാര്യത്തെക്കുറിച്ച് ഒരു എഴുത്തു കൊടുത്തയച്ചാലും അയാൾ ശരിയായ മറുപടി അയച്ചുകൊടുക്കുമത്രേ.

മ. കു. ശരിയാണ് ഏമാന്നേ. അയാൾക്കു പടച്ചവൻെറ സഹായമുണ്ട്. അതുകൊണ്ടാണ് ഈ ഗുലുമാലൊക്കെ സാധിക്കുന്നത്.

മാ. മേ. മമ്മതുകുഞ്ഞ് അയാളെ നേരിട്ടറിയുമോ?

മ. കു. (ആലോചന നടിച്ചിട്ട്) പിന്നെ ഇല്ല്യോ. കാരക്കോണത്തു കയ്യുമ്മുവിൻെറ സുഖക്കേടു ഭേദമാക്കിയത് അയാളല്ലേ? നമ്മുടെ മക്കാരുകുഞ്ഞിൻെറ കെട്ട്യോളുടെ ആങ്ങളയുടെ ഒരു കാരന്നോരാണ് അയാൾ. ഞാനാണ് അന്ന് അയാളെക്കാണാൻ പോയത്.

മാ. മേ. ഓഹോ, അങ്ങനെയാണോ? എന്നാൽ മമ്മതുകുഞ്ഞു നമുക്കുവേണ്ടി അയാളെ ഒന്നു കാണേണ്ടിയിരിക്കുന്നു.

മ. കു. വല്ല ദണ്ണത്തിൻെറയും കാര്യമാണോ?

മാ. മേ. അതൊന്നുമല്ല, കാര്യം വളരെ സ്വകാര്യമാണ്. അതിനു ഞാൻ ഇവിടുന്ന് ഒരെഴുത്തു തന്നാൽ മറുപടി വാങ്ങിച്ചു കൊണ്ടുവരാമോ?

മ. കു. ഓഹോ, പത്തു കയ്യാലെ സാധിക്കാം. കോഴിക്കോട്ടോളം വരത്തുപോക്കിനുള്ള ബുദ്ധിമുട്ടേ ഉള്ളൂ.

മാ, മേ. അതൊന്നും മമ്മതുകുഞ്ഞറിയണ്ടാ. യാത്രയ്ക്കുള്ള പണം ഞാൻ തരാം. ഇന്നു തന്നെ പുറപ്പെടാമോ?

മ. കു. പിന്നെയെന്താ, അങ്ങുന്നു പറഞ്ഞാൽ പിന്നെ എനിക്കു അങ്ങനെ വല്ലതും ഉണ്ടോ?

മാ. മേ. (ആലോചന നടിച്ചിട്ട്) ആട്ടെ മമ്മതുകുഞ്ഞിന് ഇപ്പോൾ എത്ര ഉറുപ്പികയാണു വേണ്ടത്?

മ. കു. പത്തേ പത്തുറുപ്പിക മാത്രം. വളരെ താമസിക്കാതെ അടുത്ത ദിവസം ഇവിടെ മടക്കിത്തന്നേക്കാം. ഇന്നുതന്നെ കോഴിക്കോട്ടിനും പോകാം.

മാ. മേ. അപ്പോൾ വഴിച്ചെലവിനു പണം വേണ്ടേ? തങ്ങൾക്കു ഒരു രൂപാ ദക്ഷിണയും കൊടുക്കണമല്ലോ.

മ. കു. ഉണ്ടെങ്കിൽ ഒരു പതിനഞ്ചുറുപ്പിക തന്നാട്ടെ. ഇല്ലെങ്കിൽ യാത്രച്ചെലവു മടങ്ങി വന്നിട്ടു തന്നാലും മതി. നമ്മളെ അങ്ങുന്നിനു വിശ്വാസമില്ലെങ്കിലും നമുക്ക് അങ്ങുന്നിനെ അവിശ്വാസക്കുറവില്ല.

മാ. മേ. ഹേയ്, നമുക്കു മമ്മതിനെ നല്ല വിശ്വാസമാണ്. നമ്മൾ ഇരുവരും ഈ നാട്ടുകാരല്ലേ? (അകത്തു പോയി).

മ. കു. (ആത്മഗതം) ഇയാൾ മഹാ സൂത്രക്കാരൻ. ഇല്ലക്കംപാടാൻ ബഹുവിരുതൻ. ഉറപ്പു കിട്ടിയപ്പോൾ പണം ഉണ്ടായതു കണ്ടോ? (പ്രകാശം) എടാ, പീര്വ്, ആ ശിപായിപ്പിള്ള എന്ത് എടുക്കുന്നെടാ?

പീരു. അവിടെ ചുമ്മാണ്ടു കുത്തിയിരിക്കുണു.

മാധവമേനോൻ പ്രവേശിച്ചു മമ്മതിൻെറ കയ്യിൽ ഒരെഴുത്തും പതിനഞ്ചു [illegible]ം കൊടുക്കുന്നു.

മാ. മേ. (ആത്മഗതം) പകുതി വിശ്വാസവും പകുതി അ[illegible]സവും കാണി

ക്കുന്നതു ശരിയല്ലല്ലോ. അതുകൊണ്ടു ഇവൻെറ പണയം വാങ്ങിക്കാതിരിക്കുന്നതാണ് നല്ലതു്. (പ്രകാശം). മമ്മതുകുഞ്ഞേ, ചെമ്പുപാത്രംകൂടി കൊണ്ടുപൊയ്ക്കൊള്ളുക. നിനക്കു ഇസ്കൂലി പുഴങ്ങാൻ ഞാൻ തടസ്സമുണ്ടാക്കുന്നില്ല. ഇന്നുതന്നെ കോഴിക്കോട്ടിനു പുറപ്പെടണം.

മ. കു. അങ്ങനെതന്നെ.

(എല്ലാവരും മറയുന്നു).

(തുടരും).

കുറിപ്പുകൾ

നാടുവാഴുന്ന ഏതദ്ദേശ്യരാജാക്കന്മാരിൽവെച്ചു ഇത്രയും പ്രായപൂർത്തിയായിട്ടും രാജ്യഭാരംചെയ്തു വാണരുളുവാൻ കൊച്ചിയിലെ ഇപ്പോഴത്തെ മഹാരാജാവുതിരുമനസ്സിലേക്കല്ലാതെ ആൎക്കും ഭാഗ്യം സിദ്ധിച്ചിട്ടില്ല. പല വിധത്തിൽ ഭാഗ്യവാനും പ്രശസ്തനും ആയ തിരുമേനിയെപ്പററി ഏതാനും വിവരങ്ങളും തിരുമനസ്സിലെ ഒരു ഛായാപടവും അന്യത്ര ചേൎത്തിരിക്കുന്നു.

തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ ൩൩-ാമത്തെ ആട്ടത്തിരുനാൾ ഈ തുലാമാസം ൨൫-ന്ന ഏററവും ആഡംബരപൂൎവ്വം ആഘോഷിക്കപ്പെട്ടിരിക്കുന്നു. തിരുമനസ്സിലെ തിരുവയസ്സിനെ അതിക്രമിച്ചുള്ള ബുദ്ധിസാമൎത്ഥ്യം പരിപാകത മുതലായ പല സൽഗുണങ്ങളാൽ പരിലസിച്ചുകൊണ്ടിരിക്കുന്ന ഈ തിരുമേനിക്കു അനേകമനേകം തിരുനാളുകൾ ആഘോഷിക്കുന്നതിനു സംഗതിയാക്കണമേ എന്നു ലോകനിയന്താവായ ജഗദീശ്വരനോടു പ്രാൎത്ഥിച്ചുകൊള്ളുന്നു. തിരുമേനിയുടെ വിശ്വമോഹനമായ ഒരു ചെറിയ ഛായാപടവും അന്യത്ര ചേൎത്തിരിക്കുന്നു.

കവിസാൎവ്വഭൗമൻ വള്ളത്തോൾ നാരായണമേനോൻ അവർകൾ താഴെ വരുന്ന പ്രകാരം എഴുതിയിരിക്കുന്നു :—

"തൃതീയപുത്രൻെറ രോഗസ്ഥിതി, ശ്വശ്രുരൻെറ മരണം മുതലായവയാൽ മനസ്വാസ്ഥ്യം ഇല്ലാത്തതുകൊണ്ടും, കേരളകലാമണ്ഡലം ഭാഗ്യക്കുറിയെസംബന്ധിച്ച ഏൎപ്പാടുകൾക്കായി പലേടങ്ങളിൽ സഞ്ചരിക്കേണ്ടിവരുന്നതുകൊണ്ടും കവനവിഷയത്തിൽ ഏൎപ്പെടുക ഈയിടെ ചുരുക്കമായിരിക്കുന്നു. ഏറെത്താമസിയാതെ വല്ലതും കുറിച്ചയപ്പാൻ നോക്കാം."

സ്വന്തം
വള്ളത്തോൾ.

മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകൾ താഴെ വരുന്നപ്രകാരം എഴുതിയിരിക്കുന്നു :—

"അയച്ച എഴുത്തു കിട്ടി. ഓൎമ്മയുണ്ടു്. എന്തെങ്കിലും ഞാനൊന്നയക്കുമ്പോൾ അതു കാൎയ്യമായിരിക്കും. ഇതിൻെറ വാട്ടമെല്ലാം അപ്പോൾ തീരും. അധികം താമസിക്കയില്ല. തുലാമാസം ഒടുവിലോടുകൂടി മാത്രമെ ഞാൻ ജോലിത്തിരക്കിൽനിന്നു ഏതാനുമെങ്കിലും വിമുക്തനാകയുള്ളു. ഉടനെതന്നെ ഒരുപന്യാസം എഴുതി അയക്കുന്നതാണ്. നിങ്ങൾക്കു അതു വിശ്വസിച്ചു പ്രവൎത്തിക്കാവുന്നതുമാണ്. ഞാൻ 'പോഷിണി'യെ മറന്നിട്ടില്ല."

സ്വന്തം
ഉള്ളൂർ.

ഹൈക്കോടതി വക്കീൽ ഇ. ജെ. ജോൺ ബി എ., ബി. എൽ. അവർകൾ താഴെ വരുന്നപ്രകാരം എ ിരിക്കുന്നു :—

"കഴിഞ്ഞ ങ്ങത്തിലെ ഭാഷാപോഷിണിയിൽ "ചില ചരിത്രശകലങ്ങൾ" എന്നഭിധാനത്തിൽ മി ി. ജി. അച്ച്യുതൻ നമ്പൂതിരി എഴുതിയിരുന്നതു വായിച്ചതിൽ മാൎത്താ

ന്ധവർമ്മമഹാരാജാവു തിരുമേനിയെപ്പററി ചില പുതിയ അറിവുകൾ സിദ്ധിക്കുന്നതിന്നിടയായി. എനിക്കിതു വളരെ താല്പര്യമുള്ള ഒരു വിഷയമാണ്.

അതിൽ ഏതാനും ഭാഗമായി ഉദ്ധരിച്ചിരിക്കുന്ന "തമ്പുരാൻ പാട്ട്" മുഴുവനും കിട്ടിയാൽകൊള്ളാമെന്നാഗ്രഹമുണ്ട്. അച്ചടിച്ചു കാണുകയില്ലായിരിക്കും. നമ്പൂതിരിയവർകളുടെ പക്കൽ എഴുതിയ ഓലയുണ്ടെങ്കിൽ കിട്ടിയാൽ കൊള്ളാം. പകർത്തി എഴുതിയശേഷം ഓലകൾ മടക്കി നന്ദിപൂർവ്വം അയച്ചുകൊടുക്കാം.

സ്വന്തം

ഇ. ജെയിക്കബ് ജോൺ.

കൊച്ചീമഹാരാജാവുതിരുമനസ്സിലെ ജന്മനക്ഷത്രം പ്രമാണിച്ച് കൊച്ചീരാജ്യനിവാസികളായ സ്വപ്രജകൾക്കു പല ആനുകൂല്യങ്ങൾ ചെയ്തുകൊടുത്ത കൂട്ടത്തിൽ ഭാഷാവിഷയകമായി പല ശ്രമങ്ങളും ചെയ്തുകൊണ്ട് സാഹിത്യപരിപോഷണം ചെയ്തുകൊണ്ടിരിക്കുന്ന മഹാകവി വള്ളത്തോൾ നാരാണമേനോൻ അവർകൾക്കു "കവിസാർവ്വഭൌമ"നെന്നുള്ള സ്ഥാനവും, ജീവാവസാനംവരെ പ്രതിമാസം ൧൫ ക. അലവൻസ്സും നല്കിയിരിക്കുന്നതായി കാണുന്നതിൽ സന്തോഷിക്കുന്നു. ഭാഷാകവികളുടെ കൂട്ടത്തിൽ ഏററവും ഉയൎന്ന ഒരു സ്ഥാനത്തു സ്ഥിതിചെയ്യുന്ന മിസ്റ്റർ മേനോൻ ഈ സ്ഥാനത്തിന് സൎവ്വഥാ അൎഹനാണെന്നുള്ളതിനും സംശയമില്ല.

കവിതിലകസ്ഥാനം ലഭിച്ചിരിക്കുന്ന കെ. പി. കറുപ്പനവർകളും, ഒടുവിൽ ശങ്കരക്കുട്ടിമേനോൻ അവർകളും ഭാഷാപരിപോഷണാൎത്ഥം തുടരെ ശ്രമിച്ചുകൊണ്ടിരിക്കുന്നവരാണ്. ഇവരിൽ മിസ്റ്റർ കറുപ്പൻ കൊച്ചിയിലെ വാലസമുദായത്തിൽ പെട്ടയാളും അവിടുത്തെ അധഃകൃതസംരക്ഷകനും കൊച്ചിയിലെ നിയമനിൎമ്മാണസഭാമെമ്പറും ആണ്. വിദ്വാനും വാസനാകവിയുമായ മിസ്റ്റർ കറുപ്പന് ഈ സ്ഥാനം ഇതിനു മുമ്പെ തന്നെ ലഭിക്കേണ്ടതായിരുന്നു.

ജനനാൽതന്നെ അന്ധനായ ഒടുവിൽ ശങ്കരക്കുട്ടിമേനോൻ അവർകൾ, ഒരു യഥാൎത്ഥ ഭാഷാകവിശ്ശ്രേഷ്ഠനും ഗദ്യകാരനും ഫലിതരസികശിരോമണിയുമായിരുന്ന പരേതനായ ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോനവർകളുടെ സഹോദരനാണ്. ജനനംമുതല്ക്കേ കണ്ണിനുള്ള കാഴ്ച നഷ്ടപ്പെട്ടിരുന്നതിനാൽ പുസ്തകപാരായണത്തിനോ തന്മൂലമുള്ള വിദ്യാഭ്യാസത്തിനോ ഉള്ള സൌകൎയ്യം ലഭിച്ചിരുന്നില്ലെന്നുള്ളതു തീൎച്ചയാണ്. അതിനാൽ ഒരു വാസനാകവിയായ ഇദ്ദേഹത്തെ ഈ സന്ദൎഭത്തിൽ ബഹുമാനിച്ചതു പ്രത്യേകം അഭിനന്ദനീയമായിരിക്കുന്നു.

സാഹിത്യകുശലൻ എന്ന സ്ഥാനം ലഭിച്ചിട്ടുള്ള മിസ്റ്റർ കോഴിത്തൊടി ശങ്കരമേനോൻ അവർകൾ സാക്ഷാൽ ഒരു പണ്ഡിതനും മഹാവിദ്വാനുമാണെന്നുള്ളത് ഈയിടെ അദ്ദേഹത്തിന് സൎവ്വകലാശാലയിൽനിന്നു ലഭിച്ച പി. എച്ച്. ഡി. സ്ഥാനംതന്നെ വിളിച്ചുപറയുന്നു. കൊച്ചിക്കാരനാണെങ്കിലും തിരുവിതാംകൂറിലെ ഒരുദ്യോഗസ്ഥനായിരിക്കുന്ന ദ്ദേഹമാകകൊണ്ട് ഇതു തിരുവിതാംകൂർകാൎക്കും പ്രത്യേകിച്ച് സന്തോഷത്തിനു കാരണമായിരിക്കുന്നതാണ്.

തിരുനാൾ മഹാമഹം പ്രമാണിച്ചു കൊച്ചിമഹാരാജാവുതിരുമനസ്സുകൊണ്ട് ഭാഷാപോഷണാൎത്ഥം ശ്രമിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത മാന്യന്മാൎക്കു സ്ഥാനമാനങ്ങൾ കല്പിച്ചുനല്കി അവരെ പ്രോത്സാഹിപ്പിച്ചിരിക്കുന്നതായി കാണുന്നതിൽ സന്തോഷിക്കുകയും ഇവരെ ഭാഷാപോഷിണീഭാരവാഹികൾ പ്രത്യേകം അനുമോദിക്കുകയും ചെയ്യുകൊള്ളുന്നു.

മജിസ്ട്രേട്ടു കള്ളനോടു. നിൻെറ മുഖത്തു നോക്കിയാൽ നീ ഒരു കള്ളനാണെന്നു കാണാമെല്ലോ.

കള്ളൻ. യജമാനനേ, എൻെറ മുഖം ഒരു കണ്ണാടിയാണെന്നു ഞാൻ ഇതുവരെ മനസ്സിലാക്കിയിരുന്നില്ല.

അച്ഛൻ മകനോടു. മകനേ, ഇന്നു തീൎക്കാവുന്നതു ഒന്നും നാളത്തേക്കു നീക്കിവയ്ക്കരുതു.

മകൻ. എന്നാൽ നാളത്തേക്കു വെച്ചിരിക്കുന്ന "കെയിക്കു" ഇന്നുതന്നെ തീൎത്തേക്കാം.

തിരുവിതാംകൂർ പീപ്പിൾസ് ബാങ്കു (ക്ലിപ്തം).

ഹെഡ് ആപ്പീസ് തലവടി.

ശാഖകൾ:— ഏടത്വാ, കോട്ടയം, ആലുവാ, ആലപ്പുഴ.

മൂലധനം പിരിഞ്ഞുകിട്ടിയതു	രൂപാ	1,00,000
ഓഹരിക്കാരുടെ ബാദ്ധ്യത	രൂപാ	1,00,000
കരുതൽ ധനം	രൂപാ	24,000

നായകന്മാർ.

(1) മിസ്റ്റർ സി. പി. മാത്തൻ ബി. എ., ബി. എൽ., മാനേജിംഗ് ഡയറക്ടർ, കായിലോൺ ബാങ്ക് ക്ലിപ്തം, കൊല്ലം.

(2) ,, ചെറിയാൻ പൂതിയോട്ട് ബി. എ., മാനേജിംഗ് ഡയറക്ടർ, വെസ്റ്റ് കോസ്റ്റ് ഇൻഡസ്ട്രിയൽ കമ്പനി ക്ലിപ്തം, തിരുവല്ലാ.

(3) ,, പി. എം. മാണി ബി. ഇ., മാനേജിംഗ് ഡയറക്ടർ, ട്രോപ്പിക്കൽ പ്ലാൻറേഷ്യൻസ് ക്ലിപ്തം, കോട്ടയം.

(4) ,, കൊച്ചുമ്മൻ, മാനേജിംഗ് ലസ്സി, മാൻകുളംതോട്ടം, ആലുവാ.

(5) ,, പി. കെ. ഏബ്രഹാം, വയലിപ്പറമ്പിൽ, ചൊവ്വര.

(6) ,, ഏ. കെ. ഏബ്രഹാം ബി. എ. (സെക്രട്ടറി), തലവടി.

(7) ,, ഏ. ഏ. ഏബ്രഹാം (മാനേജർ), ആലപ്പുഴ.

ആണ്ടിൽ നൂററുക്കു ഒൻപതുവീതം പലിശയ്ക്കു സ്ഥിരംഡിപ്പോസിററും ഏഴരവീതം പലിശയ്ക്കു സേവിംഗ്സ് ബാങ്ക് ഡിപ്പോസിററും സ്വീകരിക്കുന്നു. മററു ബാങ്കുകാർ ചെയ്യുന്ന സകല ജോലികളും നടത്തുന്നതാകുന്നു.

കൂടുതൽ വിവരങ്ങൾ ഹെഡ് ആപ്പീസിൽനിന്നോ ശാഖകളിൽനിന്നോ ലഭിക്കുന്നതാണ്.

ഏ. കെ. ഏബ്രഹാം ബി. എ.

സെക്രട്ടറി.

വിജ്ഞാപനം

ഭാഷാപോഷിണി മാസികയുടെ വരിസംഖ്യ കുടിശ്ശികയുള്ളവരുടെപേൎക്കു ഇവിടെനിന്നു പല അറിയിപ്പുകൾ അയച്ചശേഷവും പണം അടച്ചിട്ടില്ലാത്തവരുടെ പേരിൽ ഈ ലക്കം വി. പി. അയച്ചുകൊള്ളുന്നു. വി. പി. കൊണ്ടുവരുമ്പോൾ സംഖ്യ അടച്ചു സഹായിക്കണമെന്നപേക്ഷിക്കുന്നു.

മാസികവരി അടയാൻ കിടക്കുമ്പോൾ മാസിക ഉപേക്ഷിച്ചിട്ടുള്ളവരും അവരവർ അടയ്ക്കാനുള്ള തുകകൾ അയച്ചുതരണമെന്നപേക്ഷ. അവയെ സംബന്ധിച്ചും ഞങ്ങൾ നടപടി നടത്തിത്തുടങ്ങിയിരിക്കുന്നതിനാൽ വിവരം അറിയിക്കുന്നതാകുന്നു.

മാനേജർ,
ഭാഷാപോഷിണി,
കോട്ടയം.

പഴയ ലക്കങ്ങൾ

ഭാഷാപോഷിണിയുടെ പഴയ ലക്കങ്ങൾ ഓരോ കൊല്ലങ്ങളിലേതു ചേൎത്തു പ്രത്യേകം ബയൻറുചെയ്യിട്ടുള്ളതു.

വില രൂപാ	2 8 0
ഒററപ്രതിക്കു	0 4 0

Manager,
The Bhasha Poshini,
Kottayam.

വില കുറച്ചിരിക്കുന്നു

മനോരമയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരുന്നതും ചില ഘട്ടങ്ങളിൽ കണ്ണുനീർ പൊഴിയത്തക്ക വിധത്തിൽ ഏററവും സന്താപസമ്മിശ്രമായ പ്ലോട്ടുകളോടുകൂടിയ

നിൎമ്മല

വില അണ 8.

Manager,
Manorama Mandiram Book Depot,
Kottayam.

ചവിട്ടുവണ്ടി

റാലി സൈക്കിൾ, രണ്ടാം വിലയ്ക്കു കൊടുപ്പാൻ. വില വളരെ മിതം.

X *c/o Manager,*
Bhasha Poshini,
Kottayam.

എയിററസീററർ ബോഡി

സൎവ്വീസുകാറുകൾക്കു ഉപയോഗിക്കുന്ന ഒരു എയിററസീററർ ബോഡി കുറഞ്ഞ വിലയ്ക്കു വില്പാൻ തയാർ. കിട്ടുന്ന കൂടുതൽ വിലയ്ക്കു കൊടുക്കുന്നതാണ്.

K. c/o Bhasha Poshini,
Kottayam.

കൂടാരം വില്പാൻ

...ൻറം പേൎക്കു സുഖമായി ഇരിക്കാവുന്ന ഒരു കൂടാരവും അതിനുള്ള എല്ലാ സാമഗ്രി... ...യാർ. ഏററവും പരിമിതമായ വിലയ്ക്കു കൊടുക്കപ്പെടും.

C. c/o Bhasha Poshini,
Kottayam.

Printed at the C. M. S. Press, Kottayam
&
Published by K. M. Mathulla Mappillay, Manorama Mandiram, Kottayam—1928.